# SEBASTIAN TIMES

## സെബാസ്റ്റ്യൻ ടൈംസ്

Vol 19 | Issue 01 | DECEMBER 2019



# പുതുവത്സരാശംസകൾ
# 2020

St. Sebastian's Forane Church, Mathikere, Bangalore - 560054
www.stsebastiansforane.church

**Best compliments from,**
**JAYAN JACOB**

# INDIAN MACHINE TOOLS

75/2, 15th Cross, Doddanna Industrial Estate, Near Peenya 2nd Stage, Bangalore-91
Email : imtools2@gmail.com, Telefax: 2836 0078, Cell: 9845280088.

Manufacturers of Machine components, Jigs & Fixtures, etc.

# ഇടയന്റെ സന്ദേശം



സഭ മിശിഹായുടെ ശരീരവും അവിടുത്തെ തുടർച്ച യുമാണ്. സഭയെ മാതാവായി സ്വീകരിക്കാത്തവർക്ക് ദൈവത്തെ പിതാവേ എന്നു വിളിക്കാൻ യോഗ്യതയില്ല. മാമ്മോദീസ സ്വീകരിച്ച് അയയ്ക്കപ്പെട്ടവർ, മിശിഹായ്ക്ക് സഭയിലൂടെ ജീവിത സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ട വരാണ്. പൂർത്തിയായിക്കഴിഞ്ഞ രക്ഷാകര സംഭവത്തിന് നിങ്ങൾ സാക്ഷികളാണ് എന്ന ഉത്ഥിതനായ മിശിഹാ യുടെ വാക്കുകൾ ശിഷ്യസമൂഹം നൽകേണ്ട ജീവിത സാക്ഷ്യത്തെ ഉറപ്പിക്കുന്നു.

ഏറ്റവും പരിശുദ്ധവും, ശ്ലൈഹികവും, സാർവ്വത്രികവുമായ തിരുസഭയോട് ചേർന്നു നിന്നും, സഭയിലൂടേയുമാണ് പ്രേഷിതർ സാക്ഷ്യം നൽകേണ്ടത്. പെന്തക്കുസ്ത ദിവസം മുതൽ സഭയുടെ പ്രേഷിതദൗത്യം നിർവ്വഹിക്ക പ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഇന്ന് സഭയിലുണ്ടാ യിരിക്കുന്ന ശിഥിലീകരണങ്ങൾ, സ്ഥാപനവൽക്കരണ മനോഭാവങ്ങൾ, അടിസ്ഥാനമായ സത്തയിൽ നിന്നുള്ള വ്യതിചലനമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കൂട്ടു കുടുംബങ്ങളിൽ നിന്നും, അണുകുടുംബങ്ങളിലേക്കുള്ള മാറ്റം സഭയിലും പ്രതിഫലനം ഉണ്ടാക്കിയിട്ടുണ്ട്. സഭയെ മറ്റൊരു സ്ഥാപനമായി, വേറിട്ടു കാണുന്നതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രശ്നം. സഭ എന്നു പറയുന്നത്, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തി യും അടങ്ങുന്നതാണ്. വ്യത്യസ്തങ്ങളായ ദൗത്യങ്ങൾ നിർവ്വഹിക്കുന്നവരാണ് സഭയിലെ ഓരോ വ്യക്തികളും.

സഭയുടെ ആദ്ധ്യാത്മികതയുടെ ശക്തി സ്രോതസ്സാണ് സമർപ്പണജീവിതം. ദൈവത്തെ മാത്രം ലക്ഷ്യമാക്കി, മറ്റെല്ലാം ഉപേക്ഷിച്ച്, പരിപൂർണ്ണതയിലേക്കുള്ള ഒരു പ്രയാണം. സന്യാസി എന്നാൽ സാധു ആയിരിക്കേ ണ്ടതുപോലെ അകവും പുറവും ആയിരിക്കുന്ന അവസ്ഥ. ത്യാഗിയാണവർ. പല സന്തോഷങ്ങളും ത്യജിച്ച്, മറ്റെല്ലാം ഉപേക്ഷിച്ച് അവിടുത്തോടുകൂടി ആയിരി ക്കാൻ വിളിക്കപ്പെട്ടവർ (മാർക്ക് 3:14). സൈന്യങ്ങളുടെ ദൈവമായ കർത്താവിനെക്കുറിച്ചുള്ള തിക്ഷ്ണത യാൽ എരിയേണ്ടവർ (1 രാജ. 19:14). തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവാൻ വിളിക്കപ്പെട്ടവർ (റോമ. 12:11). ലേവ്യരുടെ പുസ്തകത്തിൽ 6:12-13 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു ''ബലിപീഠത്തിലെ അഗ്നി കത്തിക്കൊണ്ടിരിക്കണം. അതു കെട്ടുപോകരുത് ദിവസവും രാവിലെ പുരോഹിതൻ അതിൽ വിറക് അടു ക്കുകയും അതിൻമേൽ ദഹനബലി വസ്തു ക്രമത്തിൽ നിരത്തുകയും സമാധാനബലിക്കായുള്ള മേദസ്സു ദഹി പ്പിക്കുകയും വേണം, അത് കെട്ടുപോകരുത്''.

നിതാന്ത ജാഗ്രതയോടെ ജീവിക്കേണ്ടതാണീ ജീവിതം. ദൈവത്തിനു വേണ്ടി മാറ്റി വയ്ക്കപ്പെട്ട ജീവിതത്തിൽ പിന്നെ എന്തു കിട്ടും എന്ന ചിന്ത പാടില്ല (മത്തായി 19:27). എല്ലാം ത്യജിച്ചവർക്ക്, നഷ്ടപ്പെടുത്തിയതൊക്കെ ഇവിടെ വച്ചു തന്നെ നൂറിരട്ടിയായി ലഭിക്കും, കൂടെ പീഡനങ്ങളും വരാനിരിക്കുന്ന കാലത്ത് നിത്യജീവനും (മാർക്ക് 10:30).

എന്നാൽ ഇന്ന് നേർച്ചപ്പെട്ടിയിലിട്ട നേർച്ച, കമ്പി പശയിൽ മുക്കി തിരികെ എടുക്കുവാൻ ശ്രമിക്കുന്ന ഒരു പ്രവണത കാണുന്നു. ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിന്റേതല്ലാതാകുവാൻ വിളിക്കപ്പെട്ടവർ ലൗകീകമായ സ്വാധീനങ്ങളിൽപ്പെട്ടു പോകുന്നു. എന്താണ് കുറവ് എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. (മർക്കോസ് 10:21-22) യേശുവിന്റെ സ്നേഹത്തോടെയുള്ള കടാക്ഷം നമ്മെ ദുഃഖിതരാക്കാതിരിക്കട്ടെ.

പ്രിയരേ, കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നമ്മെ അനുഗ്രഹിച്ച വഴികൾ അനവധിയാണ്. പരോപകാര പ്രവർത്തിയിൽ, പാർശ്വവൽക്കരിക്കപ്പെട്ടവരോട് സഹാനുഭൂതിയോടെ പെരുമാറാൻ, നമുക്ക് അവസരങ്ങൾ അനവധി ലഭിച്ചു. മച്ചിപ്ലാവ് അസ്സീസി വില്ലയുടെ നിർമ്മാണത്തിൽ നമുക്ക് പങ്കുപറ്റാൻ സാധിച്ചത് വലിയ ഒരു കാര്യമാണ്. സഹകരിച്ച, സംഭാവനകൾ ചെറുതോ വലുതോ നൽകിയ എല്ലാവരോടും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു. നാം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന ഭവന സമുച്ചയ (സെബാസ്റ്റ്യൻ വില്ല) നിർമ്മാണത്തിൽ എല്ലാവരുടേയും സഹായ സഹകരണങ്ങളും, പ്രാർത്ഥനയും യാചിക്കുന്നു. വരും തലമുറയ്ക്ക് നൽകാൻ സാധിക്കുന്ന വലിയ ഒരു സാക്ഷ്യമായിരിക്കും ഇത് എന്ന് നമുക്ക് ഓർക്കാം. എല്ലാവർക്കും പ്രാർത്ഥനാപൂർവ്വം പുതുവൽസരത്തിന്റെ എല്ലാ മംഗളങ്ങളും ദൈവാനുഗ്രഹവും ആശംസിക്കുന്നു. പുൽക്കൂട്ടിൽ ഭൂജാതനായ ദൈവസുതൻ നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**സ്നേഹപൂർവ്വം നിങ്ങളുടെ മാത്യു അച്ചൻ**



# Sebastian Times

സെബാസ്റ്റ്യൻ ടൈംസ്

**St. Sebastian's Forane Church,**

Mathikere, Bangalore-560054, Tel: 080 23472477

www.stsebastiansforane.church, E mail: sebastiantimes@gmail.com

Vol. 19 | Issue 01 | December 2019



## എഡിറ്റോറിയൽ ബോർഡ്



Rev. Fr. Mathew Panackakuzhy
Vicar



Fr. Eby Ottakandathil
Asst. Vicar



Mr. Francis M J



Mr. Paul K J



Mr. Jimmy Alexander



Mrs. Sheena Paul



Mrs. Sheeji David



Mr. Jerin Joshy



Mr. Manoj KV


## അകത്താളുകളിൽ



# എഡിറ്റോറിയൽ

**ഫാ. എബി ജോസഫ് ഒറ്റക്കണ്ടത്തിൽ**
**സി.എം.എഫ്.**

തിരുസഭയേയും സന്ന്യാസസഭകളേയും, കുറിച്ചുള്ള അവഹേളനങ്ങളും അസ്സത്യങ്ങളും പെരുകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ ഇടവകയുടെ വാർഷികപ്പതിപ്പ് ഈ വിഷയത്തെക്കുറിച്ച്തന്നെ വന്നതിൽ സന്തോഷം ഉണ്ട്. പുരാതന കാലഘട്ടങ്ങളിൽ അതിവിശുദ്ധവും അതിഭക്തിപൂർവ്വവും നോക്കിക്കണ്ടിരുന്ന തിരുസഭയുടെ കൂദാശകളും, പുരോഹിതരും, സന്ന്യസ്തരും ഇന്ന് എങ്ങനെ ലോകത്തിന്റെ മുന്നിൽ പരിഹാസിതരായിതീർന്നു എന്നതിനെ കുറച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പണ്ട് മുതലേ,സിനിമയിലും നാടകങ്ങളിലും ഒക്കെ ഹീറോയും ഹീറോയിനും കഴിഞ്ഞാൽ ചിരിപ്പിക്കുന്ന വേഷങ്ങൾ കെട്ടിയിരുന്ന വിദൂഷകന്മാർ ഉണ്ടായിരുന്നു. ഇന്നത്തെ സിനിമകളിൽ വിദൂഷക വേഷങ്ങൾ ആയി ഉപയോഗിക്കുന്നത് പുരോഹിത വേഷങ്ങളെ ആണ് എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. കുടി നിർത്താൻ ധ്യാനം കൂടാൻ പോയിട്ട് മാനസാന്തരപ്പെട്ട് അച്ചനാകുന്നതും, കാമുകി മഠത്തിൽ ചേരുന്നതിൽ വിഷമിച്ച് കാമുകൻ അച്ചൻ ആകുന്നതും, കോമാളി ആയ അച്ചൻ മദ്യപാനികൾക്കായി ഡീ അഡിക്ഷൻ സെന്റർ നടത്തുന്നതും, വിശുദ്ധ കുർബാന വലിച്ചെറിയുന്നതും, രണ്ടു കള്ളന്മാർ അച്ചന്മാരായി പള്ളിയിൽ എത്തുന്നതും അവിടെ ഒരു വേശ്യയുടെ കുമ്പസാരം കേൾക്കാൻ ഒരുമിച്ച് ഒരു കുമ്പസാരക്കൂട്ടിൽ ഇരിക്കുന്നതും, അങ്ങനെ ഇപ്പോൾ ഏതൊരു സിനിമ എടുത്താലും വൈദികന് ഒരു കോമാളി വേഷം ഉണ്ടാകും. സമൂഹത്തിൽ വൈദികരുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സംഭവങ്ങൾ മാധ്യമങ്ങളിൽ കാണുന്ന വിശ്വാസിജനം ഉടൻ വൈദികരെ താരതമ്യം ചെയ്യുന്നത് ഈ വേഷങ്ങളോടാണ്.

ഞാനും എന്റെ സമപ്രായക്കാരുമൊക്കെ ചെറുപ്പത്തിൽ വൈദികരേയും സന്ന്യസ്തരേയും നോക്കിക്കണ്ടിരുന്നതിൽ നിന്നും വളരെ വ്യത്യസ്തമായ രീതിയിലാണ് ഇന്നത്തെ കുട്ടികൾ വൈദികരേയും സന്ന്യസ്തരേയും നോക്കിക്കാണുന്നത്. വൈദികർ വരുമ്പോൾ സ്തുതി ചൊല്ലാതെ കയ്യുംകെട്ടി നിൽക്കുന്ന കുട്ടികൾ ഇന്ന് ഒരുപാടുണ്ട്. കാരണം എന്താണ്? പത്രങ്ങളിലും, ചാനലുകളിലും കാണുന്ന സഭയിലെ ചില പ്രശ്നങ്ങൾ, മറ്റുള്ളവർ വീടുകളിൽ വരുന്ന സന്ദർഭങ്ങളിൽ, അല്ലെങ്കിൽ മാതാപിതാക്കൾ തമ്മിലോ, മക്കൾ കേൾക്കെ വൈദികരെപ്പറ്റി മോശമായ ചർച്ചകളിൽ ഏർപെടുമ്പോൾ, മക്കളെ വിശ്വാസത്തിൽ നിന്ന് അകറ്റുകയാണ് എന്ന് അവർ ഓർക്കുന്നില്ല. ജനിക്കുമ്പോഴേ പണം നേടാൻ ഉള്ള വഴികൾക്ക് പഠനം അനിവാര്യമാണ് എന്ന് പറഞ്ഞ് പഠിപ്പിക്കുന്നതിനാൽ വിശ്വാസത്തിന്റെ മേഖലകളിൽ അവർ വട്ടപൂജ്യം ആവുകയാണ്. പള്ളിയിൽ വിടാതെ പഠിപ്പിച്ച്, പഠിപ്പിച്ച് മക്കളെ വളർത്തി, അവസാനം മക്കൾ അവരുടെ ജീവിതത്തിൽ ആകെ വില ഉള്ളത് പണം മാത്രമാണെന്ന തീരുമാനത്തിലെത്തുന്നു. ഏറ്റവും വില കുറഞ്ഞത് ദൈവവും പിന്നെ മാതാപിതാക്കളുമായിരിക്കും. ഇത് ഞാൻ പറയാൻ കാരണം മറ്റൊന്നുമല്ല, ദൈവവിളി കുറയുന്നത് നമ്മുടെ കൺമുന്നിൽ കാണുന്നതുകൊണ്ടാണ്.

ജനിക്കും മുമ്പേ ദൈവവിളിയുള്ള കുട്ടികളെ തങ്ങളുടെ വിളി തിരിച്ചറിയാൻ അവരുടെ മാതാപിതാക്കൾ അവർ വളരുന്ന സാഹചര്യങ്ങളിൽ സഹായിക്കണം. പണ്ടൊക്കെ വിശുദ്ധരുടെ കഥകൾ പറയുന്ന അമ്മമാർ ഉണ്ടായിരുന്നു. തന്റെ മക്കളും വിശുദ്ധരാകണം അല്ലെങ്കിൽ അച്ചനാകണം എന്നാഗ്രഹിച്ച് പറഞ്ഞിരുന്നതാണ്. മരണം വരെ ഓർത്തു പ്രാർത്ഥിക്കാൻ മോൻ വൈദികൻ ഉണ്ടാവും എന്നവർക്കറിയാം. ഇന്നത്തെ പേടി, മക്കളെ വിശ്വാസത്തിൽ വളർത്തിയാൽ അച്ചനാകാനോ, സിസ്റ്റർ ആകാനോ പോയിക്കളയും എന്നാണ്.

ഇന്ന് ക്രിസ്ത്യാനികൾ ഉണ്ടെങ്കിലും വിശ്വാസം മരിച്ചുകൊണ്ടിരിക്കുന്നു. ദൈവവേലക്കായി വിളി തിരിച്ചറിയാനുള്ള വഴികൾ കുടുംബങ്ങളിൽ കൊട്ടിയടയ്ക്കപ്പെട്ട് കുട്ടികൾക്ക് ലോക നേട്ടങ്ങളുടെ വഴികൾ മാതാപിതാക്കൾ തുറന്നിട്ടത് മൂലം ദൈവവിളി കുറഞ്ഞതും, വിശ്വാസികളുടെ ജനസംഖ്യ പ്രായാധിക്ക്യത്തിൽ എത്തിയവർ മാത്രമായി ചുരുങ്ങിയതും, ദൈവത്തിന്റെ പ്രതിപുരുഷനായ വൈദികരെ പരിഹാസ പാത്രങ്ങളായി

ചിത്രീകരിക്കുന്നതിൽ ഇന്നത്തെ ലോകം വിജയിച്ചതും (ചില വൈദികരും അതിന് കാരണക്കാരാണ് എന്ന് ഞാൻ നിരസിക്കുന്നില്ല), കുടുംബങ്ങളിൽ പ്രാർത്ഥന ഇല്ലാതായതും, എല്ലാം കാണുമ്പോൾ എങ്ങോട്ടാണ് സഭയിലെ അംഗങ്ങളുടെ പോക്ക് എന്ന് വ്യക്തമാകുന്നില്ല. ജീവിതത്തിൽ എല്ലാം ആകേണ്ട ദൈവത്തേയും, മരണം, സ്വർഗ്ഗം, നരകം, ശുദ്ധീകരണ സ്ഥലം, എന്നിങ്ങനെയുള്ള ജീവിത യാഥാർത്ഥ്യങ്ങളേയും വിട്ട്, ഇന്നത്തെ കുട്ടികളും, യുവജനങ്ങളും ഈ ലോകത്തിന്റേതായ വസ്തുതകളിൽ വ്യാപൃതരാണ്. പണ്ടൊക്കെ ഒരു കുട്ടി ചെയ്യുന്ന തെറ്റ് ലഘുപാപങ്ങളിൽപ്പെട്ടതായിരുന്നെങ്കിൽ ഇന്ന് കുട്ടികൾ പോലും മാരക പാപങ്ങൾക്കടിമകളാണ്. പണ്ടൊക്കെ മക്കൾ അധപതിച്ചാൽ മാതാപിതാക്കൾ അവരെ വൈദികരുടെ അടുത്തോ, സന്ന്യാസിനികളുടെ അടുത്തോ കൊണ്ട് പോയി ഉപദേശങ്ങളിലൂടെ നേർവഴിയേ നടത്താൻ ശ്രമിച്ചിരുന്നു. അവർ നന്നായിരുന്നു. ഇന്ന് മക്കൾ കേൾക്കേ വീടുകളിൽ സഭയേയും സഭാധികാരികളേയും മോശമായി മാതാപിതാക്കൾ ചിത്രീകരിക്കുന്നു. അതിനാൽ തന്നെ പുരോഹിതരുടെ ധ്യാനങ്ങൾക്കും ഉപദേശങ്ങൾക്കും കുട്ടികൾ ഇട്ടിരിക്കുന്ന വിലയാണ് 'പുല്ല്'.

ആരാണ് കുട്ടികൾ വഴിതെറ്റുന്നതിന് കാരണക്കാർ? ഭാവിയിൽ വിശ്വാസികൾ അന്യം നിന്ന് പോകുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജീവിതം മുന്നോട്ട് കൊണ്ടുപോകുവാനുള്ള അലച്ചിലിൽ ആത്മീയതയ്ക്ക് സമയം കണ്ടെത്താൻ പറ്റുന്നില്ല എന്ന യാഥാർത്ഥ്യം തള്ളിക്കളയുവാൻ ആവില്ല. എങ്കിലും ദൈവം വേണം ജീവിതത്തിൽ. അലച്ചിലുകളിൽ ആശ്വാസം കണ്ടെത്താനുള്ള ഏക ഇടം ദൈവമല്ലാതാര്? രാത്രിയിൽ ഉറങ്ങാൻ കിടന്നാൽ രാവിലെ എഴുന്നേല്ക്കും എന്ന് നമുക്കാർക്കും ഉറപ്പില്ല. ജീവിച്ചിരിക്കുമ്പോൾ പള്ളിയും പ്രാർത്ഥനയും ഇല്ലാതെ അദ്ധ്വാനിച്ച് എത്ര വലിയ ബാങ്ക് ബാലൻസ് ഉണ്ടാക്കിയാലും, എത്ര വലിയ വീട് വച്ചാലും, വിലപിടിപ്പുള്ള കാർ വാങ്ങിയാലും മരിക്കുമ്പോൾ കല്ലറകളുടെ വലിപ്പം തുല്ല്യമായിരിക്കുമെന്നകാര്യം മറക്കേണ്ട. ചെല്ലേണ്ടത് ദൈവസന്നിധിയിലേക്കുമായിരിക്കും.

വിശ്വാസമില്ലാത്ത ഭക്ത പ്രവർത്തനങ്ങൾ ഇന്ന് ദേവാലയാനുഷ്ഠാനങ്ങളിൽ കണ്ടുവരുന്നുണ്ട്. ചില ഭക്തസംഘടനകളിൽ കണ്ടുവരുന്നുണ്ട്. ഭൗതികമായ സംഘടനാപ്രവർത്തനങ്ങൾ വളരെ സജീവമായിട്ട് നടത്തപ്പെടുന്നു. പക്ഷെ സംഘടനയുടെ ആത്മീയ തലത്തിൽ ഉള്ള പ്രവർത്തനങ്ങളിൽ സംഘാടകർ പോയിട്ട് ഒരു പൂച്ചക്കുഞ്ഞുപോലും കാണില്ല. ഞാൻ മുൻപ് ഉണ്ടായിരുന്ന ഇടവകയിൽ, യുവജനസംഘടനയുടെ പ്രവർത്തനങ്ങൾ ഇവയായിരുന്നു. എവിടെ ഫുട്ബോൾ ടൂർണമെന്റുകൾ ഉണ്ടായാലും ക്ലാസ് മുടക്കി പള്ളിക്ക് വേണ്ടി കളിക്കുക, എല്ലാവർഷവും വിനോദ സഞ്ചാരങ്ങൾ ഭംഗിയായി നടത്തുക, ഏറ്റവും വലിയ പുൽക്കൂട്, വഴിനീളേ പെരുന്നാൾ തോരണം, പെരുന്നാൾ സ്റ്റാളുകൾ, ഓണത്തിന് കലാപരിപാടികൾ എന്നിങ്ങനെ ആയിരുന്നു. ഒടുവിൽ വാർഷിക റിപ്പോർട്ട് വായിക്കുമ്പോൾ സംഘടനയുടെ മികവുറ്റ പ്രവർത്തനങ്ങളായി ഇവയെ പൊക്കിപിടിക്കുക. പ്രളയം വന്നപ്പോൾ, പ്രളയ ബാധിതർക്കുവേണ്ടി സംഘടനയുടെ നേതൃത്വത്തിൽ ഒരു ആരാധന വച്ചപ്പോൾ, പങ്കെടുത്തത് വിരലിൽ എണ്ണാവുന്നവർ മാത്രം. ക്രിസ്തുമസിന് പുൽക്കൂട് നിർമ്മിച്ചവർ പലരും പിറവി കുർബാന കണ്ടതായിട്ട് ഓർക്കുന്നില്ല.

നമ്മളും ഒട്ടും പുറകിലല്ല. വാർഡ് പ്രാർത്ഥനകളിൽ വളരെ ചുരുക്കം കുടുംബങ്ങളും, വാർഡ്ആഘോഷങ്ങക്ക് മാത്രം വാർഡ് അംഗങ്ങൾ എല്ലാവരും വരുന്നതും ഭൗതിക ഭക്ത്യാനുഷ്ഠാനങ്ങൾ തന്നെ (എല്ലാവരും അല്ല, മറ്റുകാരണങ്ങൾ ഉള്ളവരും ഉണ്ട്). പള്ളിയിൽ വരുക, കുർബാന കാണുക, കുമ്പസാരിക്കുക, കുടുംബപ്രാർത്ഥനകൾ നടത്തുക, വചനം വായിക്കുക, ഇവയ്ക്കെല്ലാം ആദ്യം പ്രാധാന്യം കൊടുക്കണം. ഞായറാഴ്ച കുർബാന കാണാതെ വാർഡ് വാർഷികം ആഘോഷമാക്കാൻ കഠിനമായി അദ്ധ്വാനിച്ചിട്ട് എന്ത് പ്രയോജനം? അദ്ധ്വാനത്തെ പ്രശംസിക്കാം പക്ഷെ കുർബാന കാണാതെ ആകുമ്പോൾ അതിലെ പ്രശംസയ്ക്ക് പ്രസക്തി ഇല്ല.

എന്താണ് സഭ? വിശ്വാസി എന്ന നിലയിൽ എങ്ങനെ സഭയോട് ചേർന്ന് പ്രവർത്തിക്കണം? എന്നൊക്കെ നമ്മൾ മനസ്സിലാക്കി ജീവിക്കേണ്ടിയിരിക്കുന്നു. ലോകത്ത് വളരെ കൂടുതൽ ആക്രമിക്കപ്പെടുന്ന, വെറുക്കപ്പെടുന്ന മനുഷ്യർ ഉണ്ടെങ്കിൽ അത് വൈദികരും സന്ന്യസ്തരുമാണ്. കാരണം, യോഹന്നാൻ 15:18–21 ൽ പറയുന്നു, ''ലോകം നിങ്ങളെ ദ്വേഷിക്കുന്നുവെങ്കിൽ അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചു എന്ന് അറിഞ്ഞുകൊള്ളുവിൻ. നിങ്ങൾ ലോകത്തിന്റേതായിരുന്നുവെങ്കിൽ ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ, നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു. ദാസൻ യജമാനനേക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളേയും പീഡിപ്പിക്കും. അവർ എന്റെ വചനം പാലിച്ചുവെങ്കിൽ നിങ്ങളുടേതും പാലിക്കും. എന്നാൽ, എന്റെ നാമം മൂലം അവർ ഇതെല്ലാം നിങ്ങളോടു ചെയ്യും. കാരണം, എന്നെ അയച്ചവനെ അവർ അറിയുന്നില്ല.''

ഓരോ ക്രിസ്ത്യാനിയും തിരിച്ചറിയേണ്ട കാര്യം സഭയെ മാനിക്കുക എന്നതാണ്. കാരണം അവൾ ക്രിസ്തുവിന്റെ മണവാട്ടിയാണ്. പുരോഹിതരെ ബഹുമാനിക്കുക, കാരണം അവർ ദൈവത്തിന്റെ പ്രതിപുരുഷരാണ്. സന്ന്യസ്തരെ ബഹുമാനിക്കുക, കാരണം അവർ മാലാഖമാർ കഴിഞ്ഞാൽ ദൈവത്തെ സ്തുതിക്കേണ്ടവരും സ്തുതിക്കുന്നവരുമാണ്. തെറ്റുകൾ തീർച്ചയായും ഉണ്ടായിക്കൊണ്ടിരിക്കും, പക്ഷെ വാക്കാൽ അവഹേളിക്കരുത്. ദൈവം വിളിച്ചതാണ്. തെറ്റുണ്ടെങ്കിൽ ദൈവം ചോദിച്ചുകൊള്ളും. കാരണം,സങ്കീർത്തനം 105:15 ''എൻെറ അഭിഷിക്തരെ തൊട്ടുപോകരുത്, എൻെറ പ്രവാചകർക്ക് ഒരുപദ്രവും ചെയ്യരുത് എന്ന് അവിടുന്ന് ആജ്ഞാപിച്ചു.'' പ്രാർത്ഥിക്കുക മാത്രം ചെയ്യുക. സഭയുടെ വിശുദ്ധിക്ക് നമുക്ക് എന്നും പ്രാർത്ഥിക്കാം. നല്ല വിശ്വാസികളായി സഭയോട് ചേർന്നു നിൽക്കാം .

# Parish Council 2019-2020



Fr. Mathew Panackakuzhy, CMF
Parish Priest



Fr. Eby Ottakandathil CMF
Asst. Parish Priest



Mr. Johny V. V.
Trustee



Mr. Jose Vengathadam
Trustee & Pastoral Council Member



Mr. Vinoth Vincent
Trustee



Mr. Sunny Thomas
Trustee



Mr.Mathew K.M.
Sacristan



Mr.Aloysius M.J.
Secretary



Mr. Francis Thomas
Liturgy



Mr. Santhosh
Parekkat
Internal Auditor



Mr. Manoj K.V.
Altar Boys



Mr.Paul P.P.
Catechism



Mr.Thomas K.J.
Vincent De Paul



Mr.Thomas P.J.
Pithruvedi



Mrs.Siji Francis
Mathruvedi



Mr. Tibin Lawrence
SABYO



Mr.Jestin V.J.
Choir

## Forane Council



Mr.Roby George



Mrs.Sheeji David

## Pastoral Council



Mr.Jackson Jose

# Parish Council 2019-2020

## St. Joseph's Ward


Mr. George P.J.


Mr. Bijoy Jose


Mrs. Annie Francis

## St. Paul Ward


Mr. K. C. Thomas


Mrs. Annamma Sebastian


Mrs. Liji Joyson

## St. John Maria Vianney Ward


Mr. Cyril Abraham


Mrs. Sheena Paul


Mr. Martin Antony

## St. Jude Ward


Mr. Jimmy Alexander


Mr. Sajin Varghese


Mrs. Jeseentha Albert

## St. Claret Ward


Mr. Wilson A.J.


Mr. Vincent T.L.


Mrs. Beena Rose Joshi

## St. Mary's Ward


Mr. Joshy P. K.


Mr. Shiyon Anto


Mrs. Gigi Joy

# Parish Council 2019-2020

## St. Alphonsa Ward


Mr. Lawrence K.J.


Mrs. Mini Vincent


Mrs. Sinu Shiju

## St. John's Ward


Mr. Bobby Mathew


Ms. Carmel


Mr. Midhun Lawrence

## St. Francis Assisi Ward


Mr. T.P. George


Mrs. Annie Rappai


Mr. Jerin Joshi A.

## St. Antony's Ward


Mr. Bobby P.J.


Mr. Zacharias K.S.


Ms. Nikita Varghese

## St. George Ward


Mr. Jose John N.


Mr. Sinsen Jose


Mrs. Bincy David

# Parish Council 2019-2020

## Little Flower Ward



Mr.Biju Joseph



Ms. Nisha Tony



Mrs. Finija Shaju

## St. Louis Ward



Mr. Mathew V.T.



Mr. Jenson James



Mrs. Legy Jacob

## St. Thomas Ward



Mr. John Rose



Mr. Joy Paul



Mrs. Leena Varghese

## St. Teresa of Calcutta Ward



Mr. Mathew T.V.



Mr. Rijo C. Joy



Mrs. Sunitha Benny

## St. Peter Ward




Mr. Tomy Thomas



Mr. Jishoy P.J.



Mrs. Elsy P.L.



## സഭയുടെ ഇന്നത്തെ പ്രവർത്തനം പിതാവിന്റെ വീക്ഷണത്തിലൂടെ

# തട്ടിൽ പിതാവ്...

*പിതാവിന്റെ നിരീക്ഷണത്തിൽ, ആധുനിക കാലഘട്ടത്തിന്റെ സ്വാധീനവും സാങ്കേതിക സംവിധാനങ്ങളുടേയും, ആർഭാടങ്ങളുടേയും സ്വാധീനവും, സഭയിൽ എത്ര മാത്രം ഉണ്ടാകുന്നുണ്ട്? സഭ അതിന്റെ ഉറവിട ചൈതന്യത്തിൽ നിന്ന് അകലാൻ ഈ സ്വാധീനങ്ങൾ കാരണമാകുന്നുണ്ടോ?*

ലോകം വളരെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആധുനിക കാലഘട്ടവും അതിന്റെ സാങ്കേതിക സംവിധാനങ്ങളും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഈ സ്വാധീനം സഭയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ സ്വാധീനത്തിന്റെ നല്ലവശങ്ങൾ ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ഈ ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ പാർശ്വഫലങ്ങൾ സഭയെ ദോഷമായി ബാധിച്ചിട്ടുണ്ട്. കുടുംബങ്ങളിലെ അംഗങ്ങളുടെ എണ്ണം കുറഞ്ഞു. കുടുംബങ്ങളിലെ കൂട്ടായ്മയും കൂട്ടുത്തരവാദിത്വവും കുറഞ്ഞത് വളരെ ഏറെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

കുടുംബപ്രാർത്ഥനതന്നെ ആധുനിക മാധ്യമങ്ങളുടെ സ്വാധീനത്തിൽ കുടുംബങ്ങളിൽ നിന്ന് വേരറ്റ് പൊയ്ക്കൊണ്ടിരിക്കുകയാണ്. കഷ്ടപ്പെടുക, നഷ്ടപ്പെടുക, ഈ രണ്ടു പദങ്ങളും ഇന്നത്തെ സമൂഹത്തിൽ ഇല്ല. ജീവിതം വളരെ സുഖകരമാക്കാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം നമ്മൾ ചെയ്തു കൊണ്ടിരിക്കുകയാണ്.

നമ്മുടെ പള്ളികൾ ആർഭാടങ്ങൾക്ക് ഒരുപാട് പ്രാധാന്യം കൊടുക്കുന്നു. പള്ളിയിലെ പൂന്തോട്ടത്തിലുണ്ടായിരുന്ന പൂക്കൾ അൾത്താരയിൽ കന്യാസ്ത്രീകളും കപ്യാരും വച്ച് അലങ്കരിക്കുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് അൾത്താര അലങ്കരിക്കുന്നത് (തിരുനാളിനോടനുബന്ധിച്ച്) ഒരു മത്സരമാക്കി മാറ്റിയിരിക്കുകയാണ്. അൾത്താരയിൽ പൂക്കൾ സമൃദ്ധിയായി വച്ച് മത്സരം നടത്തുന്നതിൽ തെറ്റില്ലെങ്കിൽ, കല്യാണത്തിന് സ്റ്റേജ് ഡെക്കറേഷൻ ഈവെന്റ് മാനേജ്മെന്റുകാർ നടത്തുന്നതിന് സഭയ്ക്ക് തെറ്റുപറയാൻ സാധിക്കുമോ? പള്ളി പെരുന്നാളുകൾക്ക് എന്തൊക്കെ വിധത്തിലാണോ കാശു പിരിക്കാൻ പറ്റുക ആ വിധത്തിലെല്ലാം കാശുപിരിച്ച് കൂടുതൽ ആർഭാടമാക്കുന്ന സംവിധാനം സഭയിൽ കണ്ടുവരുന്നത് സങ്കടകരമാണ്. ഒരു പള്ളിയിലെ പ്രസുദേന്തിയാകാൻ 15ഉം 20ഉം ലക്ഷം രൂപ കൊടുത്തിട്ട്, ഒരാഴ്ച വെടിക്കെട്ടും, ബാൻഡുസെറ്റും, പ്രദക്ഷിണവും ഒക്കെയായി നടത്തുന്ന പെരുന്നാളുകൾ സഭയിൽ എന്തു സാക്ഷ്യമാണു നൽകുന്നത്?

വലിയ പള്ളികൾ പണിയുന്നതിൽ എനിക്ക് എതിർപ്പൊന്നും ഇല്ല. പള്ളിക്കകത്ത് സൗകര്യങ്ങളൊക്കെ ഉണ്ടാകണം. പക്ഷേ പള്ളിയുടെ സ്തൂപം, പള്ളിയിലെ ടവറുകൾ ആർക്കും കേറാൻ പറ്റാത്തതും ആർക്കും ഇരിക്കാൻ പറ്റാത്തതുമാണ്. ഇന്ന് പള്ളിപ്പണികളുടെ ചിലവിൽ 25 മുതൽ 30% വരെ അനാവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കുന്നില്ലേ? പള്ളികൾ പണ്ട് മൂല്യങ്ങളുടെ ട്രഷർ ബോക്സായിരുന്നു. മൂല്യങ്ങൾ സൂക്ഷിച്ചിരുന്നത് ഇടവക കൂട്ടായ്മകളിലായിരുന്നു, കുടുംബക്കൂട്ടായ്മകളിലായിരുന്നു. ഇന്ന് മൂല്യങ്ങളൊക്കെ ആധുനിക സംവിധാനങ്ങളുടെ സ്വാധീനം കൊണ്ട് നഷ്ടപ്പെടുന്നു. അതുകൊണ്ട് ആർഭാടങ്ങളിൽ മുഴുകുന്ന ഒരു സഭ, ആഘോഷങ്ങളിൽ മുഴുകുന്ന സഭ, ആ സഭ സുവിശേഷത്തിന്റെ ചൈതന്യത്തിൽനിന്ന് വളരെയകലെയാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. തിരുത്താൻ എനിക്കു കഴിഞ്ഞിട്ടില്ല.

പട്ടങ്ങൾ ആർഭാടമായി നടത്തുന്നു, മെത്രാഭിഷേകങ്ങൾ ആർഭാടമായി നടത്തുന്നു, ജൂബിലികൾ ആഘോഷമായി നടത്തുന്നു. ഈ ആഘോഷങ്ങളൊക്കെ സഭ ന്യായീകരിക്കുന്നു. എങ്കിൽ വ്യക്തികളും കുടുംബങ്ങളും നടത്തുന്ന ആഘോഷങ്ങളെ എങ്ങനെയാണ് സഭയ്ക്ക് എതിർക്കാൻ പറ്റുക? അതുകൊണ്ട് ഇവിടെ ഒരു മിതത്വം പാലിക്കാൻ, ഇവിടെ മൂല്യങ്ങളുടെ ഒരു നിലപാട് സ്വീകരിക്കാൻ, സഭയ്ക്ക് കഴിയണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

*സാർവ്വത്രിക സഭ അസാധാരണ മിഷൻ മാസമായി ഒക്ടോബർ മാസം ആചരിക്കുകയാണല്ലോ, പിതാവിന്റെ അഭിപ്രായത്തിൽ ഇന്ന് സഭ എത്രമാത്രം പ്രേഷിത ചൈതന്യത്തോടും, പ്രേഷിത സ്വഭാവത്തോടും കൂടെ വർത്തിക്കുന്നു?*

2017 ഒക്ടോബർ 22-ാം തിയതി മിഷൻ സൺഡേയോടനുബന്ധിച്ചാണ് ഫ്രാൻസീസ് മാർപാപ്പ 2019- October-1 മുതൽ 31 വരെ തിരുസഭയിൽ അസാധാരണമിഷൻ മാസം ആചരിക്കാൻ ആഹ്വാനം ചെയ്തത്. ബനഡിക്ട് 15-ാം മാർപാപ്പ 1919 നവംബർ 30 ന് എഴുതിയ "മാക്സിമം ഇല്ലൂദ്" എന്ന അപ്പസ്തോലികലേഖനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഈ "അസാധാരണ മിഷൻ മാസം" ആചരിക്കുന്നത്. രണ്ട് വലിയ ലക്ഷ്യങ്ങളാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയ്ക്ക് ഈ അസാധാരണ മിഷൻ മാസത്തിലുള്ളത്.

1. നമ്മുടെ മിഷൻ പ്രവർത്തനത്തിലുള്ള തീക്ഷണത കുറഞ്ഞു വരുന്നു. അത് തണുത്ത് വരുന്നു. അതിനെ വീണ്ടും കത്തി ജ്വലിപ്പിക്കുക. മിഷൻ പ്രവർത്തനത്തിന് മാർപാപ്പ ഉപയോഗിക്കുന്ന പ്രയോഗം എനിക്കു വളരെ ഇഷ്ടപ്പെട്ടു. "A church if not sent will naturally end" സഭ അയക്കപ്പെട്ടില്ലെങ്കിൽ അത് കാലക്രമത്തിൽ അവസാനിക്കും. അസാധാരണ മിഷൻ മാസത്തിന്റെ മുദ്രാവാക്യം "Baptise and sent" സ്നാനപ്പെട്ടിരിക്കുന്നത് അയക്കപ്പെടാൻ വേണ്ടിയിട്ടാണ്. ഈ അയക്കപ്പെടലിന്റെ അവബോധം, ഈ ആത്മബോദ്ധ്യം നമ്മുടെ ഹൃദയങ്ങളിൽ കത്തിജ്വലിപ്പിക്കാൻ ഈ അസാധാരണ മിഷൻമാസം കാരണമാകണം.

2. ത്യാഗത്തോടുകൂടെ മിഷൻ പ്രവർത്തനത്തിന് ആത്മസമർപ്പണം ചെയ്യാൻ നമ്മൾ തയ്യാറാകണം. ഞാൻ കേരളത്തിൽനിന്ന് മിഷനിലേക്ക്, ഷംഷാബാദ് രൂപത സ്ഥാപിച്ച് മാറ്റപ്പെട്ടപ്പോൾ, എന്തോ മാർപാപ്പ എന്നെ ശിക്ഷിച്ചതുപോലെയാണ് നമ്മുടെ ആളുകൾ കരുതുന്നത്. പണ്ട് മിഷനിലേക്ക് പോകാൻ ആവേശമുണ്ടായിരുന്ന നമ്മുടെ മനുഷ്യർ, ഇന്നു മിഷനിലേക്ക് പോകാൻ ഇഷ്ടപ്പെടുന്നില്ല. അവിടുത്തെ പ്രതിസന്ധികളെക്കുറിച്ച്, പ്രശ്നങ്ങളെക്കുറിച്ച്, വാതോരാതെ നമ്മൾ ആളുകളോട് പറഞ്ഞ് മനസ്സിലാക്കി ആരും മിഷനിലേക്ക് പോകരുത് എന്ന നിലപാട് എടുക്കുകയാണ്. പണ്ട് ആത്മസമർപ്പണത്തോടുകൂടി ത്യാഗത്തോടുകൂടി ഏറ്റവും നല്ല വൈദികർ മിഷനിലേക്ക് പോയിരുന്നത്, അവിടെ മരിക്കുവോളം കഷ്ടപ്പെട്ട് ജോലി ചെയ്തിരുന്നത്, ഇന്ന് നമ്മുടെ ഇടയിൽ കുറഞ്ഞുവരുന്നു.

അതുകൊണ്ട്, ഈ അസാധാരണ മിഷൻമാസം നമ്മൾ ആഘോഷിക്കുന്നത്, ആവേശത്തോടെ കർത്താവിന്റെ സുവിശേഷം പ്രസംഗിക്കാൻ, അത് മറ്റുള്ളവരിലേക്ക് എത്തിക്കാൻ, മാനസാന്തരത്തിലൂടെ സഭ പടുത്തുയർത്താൻ നമുക്ക് ആത്മസമർപ്പണം ചെയ്യുന്നതിനും വേണ്ടിയാണ്.

ഇന്നു മിഷൻ പ്രവർത്തനത്തിനുള്ള താൽപര്യം കുറഞ്ഞുവരുന്നു. അത് അപകടകരമായ സൂചനയാണ്. സുഖസൗകര്യങ്ങളിലേക്ക്, ആ മാളങ്ങളിലേക്ക് ഒളിക്കുന്നു. ധാരാളം ദൈവവിളികൾ നമ്മുടെ രൂപതകളിലുണ്ട്. ആരുംതന്നെ മിഷനിലേക്ക് പോകാൻ ഇഷ്ടപ്പെടുന്നില്ല.

മിഷനിലേക്കുള്ള ആവേശകരമായ ഒരു സഭയെ ഈ മിഷനറി മാസം രൂപപെടുത്താൻ കാരണമാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ "അസാധാരണ മിഷൻ മാസം" സീറോമലബാർ സഭ കേരളം വിട്ട്, കേരളത്തിനു പുറത്ത്, ഇൻഡ്യയിൽ എല്ലായിടത്തും, ലോകത്തിൽ ഏതൊക്കെ ഭാഗത്ത് കേരളസഭയുടെ സാന്നിധ്യം ആവശ്യമുണ്ടോ, അവിടേക്കൊക്കെ മിഷനറി പ്രവർത്തനത്തിലേക്ക് ഇറങ്ങിത്തിരിക്കുന്ന ഒരു കാലാവസ്ഥ സംജാതമാകാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. മിഷൻ പ്രവർത്തനത്തിന്റെ തീക്ഷണത കുറയുമ്പോൾ സഭ ഇലചൂടി നിൽക്കുന്ന ഫലം ചൂടാത്ത ശപിക്കപ്പെട്ട അത്തിവൃക്ഷം പോലെയാണെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകട്ടെ.

*പല വിശ്വാസികളും പറയുന്നു, " ഈ കാലഘട്ടത്തിൽ അജപാലനം ഭരണ നിർവ്വഹണം ആവുകയും, അജപാലകർ ഭരണകർത്താക്കൾ ആവുകയും ചെയ്തിരിക്കുന്നു." അജപാലകരും, അജഗണങ്ങളും തമ്മിലുള്ള ബന്ധം എങ്ങനെ ആകണം എന്നാണ് പിതാവ് വിവക്ഷിക്കുന്നത് ? സഭയുടെ കാഴ്ചപ്പാടിൽ നിന്ന്കൊണ്ട്, ഇവർ തമ്മിലുള്ള ബന്ധം എങ്ങനെ ഊഷ്മളമാക്കി ഈ കാലഘട്ടത്തിൽ ദൈവരാജ്യം പ്രഘോഷിക്കാം?*

അജപാലന പ്രവർത്തനങ്ങളെക്കുറിച്ച് ഒരുപാട് നല്ല അനുഭവങ്ങൾ നമ്മുടെ കേരളത്തിലെ ജനത്തിനുണ്ട്. സ്വയം മറന്ന്, ദൈവജനത്തിനുവേണ്ടി ജീവൻ ത്യജിച്ച്, കഷ്ടപ്പെട്ട്, ഇടവകകാർക്കുവേണ്ടി ജീവിച്ചുമരിച്ച ധാരാളം വിശുദ്ധ ഓർമ്മകൾ കേരളസഭയിലുണ്ട്. അതേക്കുറിച്ചൊക്കെ ഏറെ അഭിമാനത്തോടുകൂടെ, നന്ദിയോടുകൂടെ, ഓർക്കുന്ന നമ്മുടെ ദൈവജനവും ഉണ്ട്. എന്നാൽ ഈ അടുത്ത കാലങ്ങളിലായി, കേരള സഭയിൽ, വൈദികർ ജനത്തിനുവേണ്ടി ജീവിക്കുന്നോ, അതോ ജനം വൈദികർക്കുവേണ്ടി ജീവിക്കുന്നോ, എന്ന ചോദ്യം പ്രസക്തമാണ്.

നമ്മുടെ സഭയിലെ ചില അച്ചൻമാരുടെ ഇടയിൽ കണ്ടുവരുന്ന വളരെ സ്വാർത്ഥതയുള്ള ഒരു നിലപാട്. അവരുടെ എല്ലാ സൗകര്യങ്ങളും, ഏറ്റവും ഭംഗിയായിട്ട് ഇടവകക്കാർ ചെയ്തു കൊടുക്കുവാൻ താൽപര്യപ്പെടുന്നു. അതുപോലെ ഇടവകക്കാരുടെ കാര്യങ്ങൾ ചെയ്തു കൊടുക്കുന്ന കാര്യത്തിലും അവർ ശ്രദ്ധ പുലർത്തണമെന്നാണ് എനിക്കു തോന്നുന്നത്. കർത്താവ് പറഞ്ഞതു വളരെ സത്യമാണ്. "ഞാൻ നല്ല ഇടയനാണ് എന്റെ

ആടുകളെ ഞാൻ പേരുചൊല്ലി വിളിക്കുന്നു. ഞാൻ അവയ്ക്കു മുമ്പേ നടക്കുന്നു. മുറിവേറ്റതിനെ വച്ചുകെട്ടുന്നു. കാണാതെപോയതിനെ അന്വേഷിക്കുന്നു. ഞാൻ വന്നത് ജീവൻ അർപ്പിക്കാനും അത് സമൃദ്ധിമായി നൽകാനും വേണ്ടിയാണ്." അങ്ങനെയുള്ള ഒരു വൈദികസമൂഹം കുറഞ്ഞു വരുന്നത് നമ്മുടെ സമൂഹത്തിലെ വൈദികരെക്കുറിച്ചുള്ള ജനങ്ങളുടെ കാഴ്ചപ്പാടുകൾക്ക് കോട്ടം സംഭവിക്കാൻ കാരണമാകുന്നുണ്ട്.

കർത്താവു പൗരോഹിത്യം സ്ഥാപിക്കുന്നതിനുമുമ്പ് ശിഷ്യന്മാരുടെ കാലുകഴുകി. കാലുകഴുകിയതിനുശേഷം കർത്താവു തന്നെ പറഞ്ഞു, ഞാൻ നിങ്ങൾക്ക് ഒരു മാതൃക നൽകുന്നു. ഗുരുവും നാഥനുമായ ഞാൻ നിങ്ങളുടെ കാലുകൾ കഴുകിയെങ്കിൽ, നിങ്ങൾ പരസ്പരം കാലുകൾ കഴുകേണ്ടിയിരിക്കുന്നു. നമ്മുടെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങളിലും കൂടെ നിൽക്കുന്ന വൈദികരുടെ ഒരു സംസ്കാരം, ജനങ്ങൾക്ക് ശുശ്രൂഷ ചെയ്ത്, ശുശ്രൂഷ ചെയ്ത്, താൻ ഇല്ലാതാകുന്ന തന്റെ പൗരോഹിത്യം, അങ്ങനെ നഷ്ടപ്പെടുന്ന ഒരു പൗരോഹിത്യം, കഷ്ടപ്പെടുന്ന ഒരു പൗരോഹിത്യം ഇന്ന് നമ്മുടെ ഇടയിൽ കുറഞ്ഞുവരുന്നു. നല്ല അച്ചൻമാരെ ഞാൻ മറന്നുകളയുന്നില്ല. പക്ഷേ നല്ലതല്ലാത്ത അച്ചൻമാരും നമ്മുടെ ഇടയിലുണ്ടാകുന്നു. അതു ദൈവജനത്തെ വേദനിപ്പിക്കുന്നു എന്നുള്ള സത്യവും വിസ്മരിക്കരുത്.

*നാളത്തെ സഭയുടെ പ്രതീക്ഷ യുവജനങ്ങളിലാണ്. യുവജനങ്ങളിലാണ് സഭ എന്ന് പല മാർപാപ്പമാരും, സഭാനേതൃത്വത്തിൽ ഉള്ളവരും, പലവട്ടം ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ, യുവാക്കൾ സഭയുടെ മുഖ്യധാരയിൽനിന്ന് മാറിനിൽക്കുന്നുണ്ടോ? അതിനു കാരണമെന്ത്? എങ്ങനെ അവരെ സഭയുടെ മുഖ്യധാരയിൽ എത്തിക്കാൻ സാധിക്കും?*

സ്നേഹമുള്ള യുവാക്കളോട്, യുവാക്കളെ സ്നേഹിക്കുന്ന വൈദികരോടും, അൽമായരോടും എനിക്ക് പറയാനുള്ളത്, "യുവാക്കൾ നാളത്തെ പ്രതീക്ഷ" എന്നുള്ള ഒരു പ്രയോഗം തെറ്റാണെന്നാണ് മാർപാപ്പ പറയുന്നത്. മാർപാപ്പ പറയുന്നു; " യുവാക്കളാണ് ഇന്നത്തെ സഭ" യുവാക്കളെ നാളേക്കുവേണ്ടി കരുതിവയ്ക്കുകയല്ല, ഇന്നുതന്നെ അവർ സഭയുടെ ഭാഗമാകുന്ന ഒരു സംവിധാനം നമുക്കുണ്ടാകണം.

നമ്മുടെ യുവജനങ്ങൾക്ക് ഒരുപാടു സാധ്യതകളുണ്ട്, ഒരുപാടു സിദ്ധികളുണ്ട്, ഒരുപാടു ശക്തിയുണ്ട്, അതു വേണ്ടതുപോലെ ഉപയോഗിക്കാൻ സഭയ്ക്ക് കഴിയുന്നില്ല. പലപ്പോഴും നമ്മുടെ കുട്ടികൾ അൾത്താരയിൽ നിന്നാണ് തുടങ്ങുന്നത്. 10-ാം ക്ലാസ്സ് കഴിഞ്ഞ്, പ്ലസ്-ടു കഴിഞ്ഞ്, പ്രഫഷണൽ വിദ്യാഭ്യാസത്തിനൊക്കെ പോകുന്നു. അല്ലെങ്കിൽ ഉന്നത വിദ്യഭ്യാസത്തിന് പോകുന്നു. പിന്നെ അവരെ നമുക്ക് തൊടാൻ കിട്ടുന്നില്ല. ഞാൻ ചിലപ്പോൾ വിചാരിക്കാറുണ്ട്, നമ്മൾ വേദപാഠം പഠിപ്പിക്കുകയും, നമ്മൾ പരിശീലിപ്പിക്കുകയും ചെയ്ത കുഞ്ഞുങ്ങൾ, ഒരു പ്രായം കഴിയുമ്പോൾ മറ്റു പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടു മാറുകയാണ്. ചില നിരീശ്വര പ്രസ്ഥാനങ്ങളുടെ, തീവ്രവാദപ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടൊക്കെ മാറുകയാണ്. എന്താണ് ഇതിന്റെ കാരണം? അവർ ആഗ്രഹിക്കുന്നവിധത്തിൽ അവരെ വളർത്താൻ നമുക്ക് കഴിയാത്തതാണ്, ബോദ്ധ്യം കൊടുക്കാൻ നമുക്ക് സാധിക്കാത്തതാണ്. കൂടുതൽ അവസരങ്ങൾ അവർക്ക് കൊടുക്കാൻ നമുക്ക് കഴിയാതെ പോയതുകൊണ്ടാണ്. അതുകൊണ്ട് യുവാക്കൾ നാളേക്ക്വേണ്ടി എന്തോ ചെയ്യാൻ ഉള്ളവരാണെന്ന് പറഞ്ഞ് മാറ്റി നിർത്തുന്നതിനുപകരം, അവരാണ് ഇന്നത്തെ സഭ, അവരില്ലാത്ത സഭ ശക്തിയില്ലാത്ത ഒരു സഭയാണ്, അതുകൊണ്ട് യുവാക്കളെ മുഖ്യധാരയിൽ നിലനിർത്താനും പങ്കാളിത്തപരമായിട്ട് അവരെ എങ്ങനെ നമുക്ക് കൂടുതൽ ശക്തീകരിക്കാൻ കഴിയുമെന്നും നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

ചിലപ്പോഴൊക്കെ ഞാൻ ചിന്തിക്കാറുണ്ട്, കുഞ്ഞുങ്ങളായിരിക്കുമ്പോൾ സഭയിലൊക്കെ കാണുന്ന ചില തെറ്റായ പ്രവണതകൾ അന്നു ചോദിക്കാൻ അവർക്കു ധൈര്യമില്ലായിരുന്നതുകൊണ്ട് അവർ മിണ്ടിയില്ല. പക്ഷേ അവർ വലുതാകുമ്പോൾ, അതു പറഞ്ഞിട്ടാണ് അവർ സഭയിൽനിന്നു മാറി നിൽക്കുന്നത്. അതുകൊണ്ട് മാതൃകാ യോഗ്യമായി, മൂല്യാധിഷ്ഠിതമായി, സഭ നമ്മുടെ കുഞ്ഞുങ്ങളുടെ മുൻപിൽ പാഠപുസ്തകങ്ങളാകണം. P.O.C Bible ഉം, സിനഡ് പ്രസിദ്ധീകരിച്ച മതബോധന ഗ്രന്ഥങ്ങളുമൊക്കെ ഉപാധികളാണ്. സത്യത്തിൽ പറഞ്ഞാൽ നമ്മുടെ ജീവിതമാണ് അവരുടെ മുൻപിൽ തുറന്നുവെച്ച പുസ്തകം. ജീവിതംകൊണ്ട് സാക്ഷ്യം നൽകുന്ന, യുവാക്കളെ സ്വാധീനിക്കുന്ന, നേതൃത്വം നമുക്കുണ്ടാകണം. അതുപോലെ അവർക്കു കൂടി അവസരങ്ങൾ കൊടുക്കണം. അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നമ്മൾ വഴിമാറി കൊടുക്കണം, നമ്മൾ വഴിവിട്ട് കൊടുക്കണം, അതാണ് എനിക്ക് യുവാക്കളെക്കുറിച്ച് പറയാനുള്ളത്.

*സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിൽ 25 വർഷം പിന്നിട്ടു. വലിയ വളർച്ചയിലും മുന്നേറ്റത്തിലുമുള്ള സീറോ മലബാർ സഭ, ആഗോളതലത്തിൽ നൽകുന്ന സംഭാവനകളെക്കുറിച്ചും, ഷംഷാബാദ് രൂപതയിലൂടെ സഭ നടത്തുന്ന പുതിയ പ്രേക്ഷിത സംരംഭങ്ങളെക്കുറിച്ചും വിശദീകരിക്കാമോ?*

ഷംഷാബാദ് രൂപത സീറോമലബാർ സഭയിൽ ഇൻഡ്യയിലെ 31-ാംമത്തെ രൂപതയാണ്. സീറോ മലബാർ സഭയുടെ സാധ്യതകളുടെ വലിയൊരു ചക്രവാളത്തിന്റെ തുറവിയാണ് ഷംഷാബാദ് രൂപത. ഷംഷാബാദ് രൂപതയെ സ്ഥാപിച്ചുകൊണ്ട് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ 2017 ഒക്ടോബർ 9നു എഴുതിയ കത്തിൽ ഷംഷാബാദ് രൂപതയുടെ ടെറിറ്റോറിയൽ പരിധി നിശ്ചയിച്ചതായ വാക്കുകൾക്ക് അവസാനിക്കാത്ത ഔദാര്യം ഉണ്ടായിരുന്നു. മാർപാപ്പ പറഞ്ഞിരിക്കുന്നു. "All the territories in India not yet included in other Thirty Syro Malabar Dioceses in India will be part of Shamshabad Diocese." 23 സംസ്ഥാനങ്ങളുണ്ട്. രണ്ട് യൂണിയൻ ടെറിറ്ററികളുണ്ട്. ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ എന്നീ രണ്ടു ദ്വീപുകളും ഉണ്ട്.

സീറോ മലബാർ സഭയ്ക്ക് അജപാലനപരമായിട്ട് ഇൻഡ്യ മുഴുവനും അവകാശം, മിഷൻ പ്രവർത്തനത്തിനു ഇൻ

ഡ്യയുടെ ഏതുഭാഗത്തു ചെല്ലാനുമുള്ള അവകാശം. സത്യത്തിൽ ഈ സാധ്യതകൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ, പൂർണ്ണഗൗരവത്തിൽ, സീറോ മലബാർ സഭ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. പ്രത്യേകിച്ച് ഈ ഓൾ ഇൻഡ്യാ ജൂറിസ്ഡിക്ഷൻ, മൈഗ്രെന്റ് കെയറിനും മിഷൻ കെയറിനും നമുക്ക് കിട്ടിയിട്ടുണ്ട്. സഭയിൽ നടന്ന വിവാദങ്ങൾ, നമ്മുടെ സഭയെ ഒരുപാട് അതിന്റെ മുഖശോഭ നഷ്ടപ്പെടാൻ കാരണമാക്കിയിട്ടുണ്ട്. വൈകിയിട്ടില്ല. ഇനിയും ഒരുപാട് ചെയ്യാൻ സാധിക്കും. ഇൻഡ്യയിൽ മിഷൻ പ്രവർത്തനത്തിൽ സീറോമലബാർ സഭ നടത്തിയിട്ടുള്ള വലിയ contribution ലത്തീൻ സഭയുടെ ഭാഗമായിട്ട് ചെയ്യാനേ നമുക്ക് സാധിച്ചിട്ടുള്ളൂ. ഇന്നു ഇൻഡ്യ മുഴുവൻ സീറോ മലബാർ സഭയ്ക്ക് മാർപാപ്പ മിഷൻ പ്രവർത്തനത്തിനായി എഴുതിത്തന്നിരിക്കുകയാണ്. അതുകൊണ്ട് ഇനി സമയം കളയാൻ പാടില്ല. എല്ലാ രൂപതകളും, എല്ലാ സന്യാസസമൂഹങ്ങളും, എല്ലാ അൽമായ പ്രസ്ഥാനങ്ങളും സഭയ്ക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അവസരത്തെ അതിന്റെ പരിപൂർണ്ണ അർത്ഥത്തിൽ, അതിന്റെ സംപൂർണ്ണ, സമഗ്ര അർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട് സഹകരിക്കണം. നമുക്ക് മിഷൻ പ്രവർത്തനത്തിലേക്ക് ഇറങ്ങി പുറപ്പെടാൻ, വിട്ടുപോകാനുള്ള മനസ്സുണ്ടാകണം. നമ്മളിൽനിന്ന് പണമോ, ആളുകളോ മിഷൻ പ്രവർത്തനത്തിലേക്ക് പോകുന്നത് തടസ്സപ്പെടുത്തുന്ന ഒരു പ്രക്രിയ, അങ്ങനെ ഒരുനിലപാട് ഉണ്ടെങ്കിൽ, അത് തിരുത്തണം. നമ്മൾ കുറേക്കൂടി ശക്തമായി, സജ്ജീവമായി മിഷൻ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഷംഷാബാദ് രൂപതയുടെ ഈ സാധ്യതകൾ ഉപയോഗിക്കണം.

സിനഡ് രൂപീകരിച്ചിട്ട് 25 കൊല്ലമായി. ഒറ്റയ്ക്കൊറ്റ യ്ക്കായ രൂപതകളായിട്ടായിരുന്നു തുടക്കം. തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട് അങ്ങനെയാണ് കിടന്നിരുന്നത്. അങ്ങനെ രൂപതകളിലേക്ക് വന്നു കഴിഞ്ഞാലോ, ഓരോ ഇടവകകൾ നമ്മുടെ സ്വന്തം കാര്യം എന്ന നിലപാട്. നമുക്ക് ഒരു സർഗ്ഗാത്മകത ഇല്ലായിരുന്നു. പ്രാദേശിക വാദം വളരെ കൂടുതലായിരുന്നു. കഴിഞ്ഞ 25 കൊല്ലങ്ങൾക്കുള്ളിൽ കുറെ സഭാത്മകത വന്നിട്ടുണ്ട്. കുറവുകളില്ലെന്നുള്ള അർത്ഥത്തിലല്ല, ഈ സഭാത്മകത ഇനിയും കൂടുതൽ കത്തിജ്വലിപ്പിക്കാൻ നമുക്ക് കഴിയണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

*സഭയുടെ ജീവനും, ശക്തിയും, ആരാധനക്രമത്തിൽ ആണെന്ന് സഭാപിതാക്കന്മാർ പറഞ്ഞുവെച്ചിട്ടുണ്ട്. വിവിധതലങ്ങളിൽ ശക്തിയാർജിച്ചിട്ടുള്ള സീറോ മലബാർ സഭ എന്തുകൊണ്ടാണ് ആരാധനക്രമത്തിൽ ഒരു ഐക്യരൂപം ഇല്ലാതെ വർത്തിക്കുന്നത്?*

സീറോമലബാർ സഭ, ലിറ്റർജിയുടെ കാര്യത്തിൽ, ആരാധാനാക്രമത്തിന്റെ കാര്യത്തിൽ, കഴിഞ്ഞ കാലഘട്ടത്തിൽ ഒരുപാട് വളർന്നിട്ടുണ്ടെന്നത് ശരിയാണ്. നമ്മുടെ സഭയ്ക്കകത്ത് ആരാധന ക്രമത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. ഒരുപരിധിവരെ, സിനഡിന്റെ രൂപവൽക്കരണത്തിനുശേഷം, ഈ കാര്യത്തിലൊരു ഐക്യരൂപമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അത് അതിന്റെ പൂർണ്ണ അർത്ഥത്തിൽ നമുക്ക് ഇനിയും നേടാൻ കഴിഞ്ഞിട്ടില്ല. എത്രയും പെട്ടെന്ന് അത് നേടണമെന്നുള്ളതാണ് എന്റെ ആഗ്രഹം.

നമ്മുടെ ആദ്ധ്യാത്മികതയുടെ തനിമ ആരാധനാക്രമത്തിലാണ്, അത് നമ്മുടെ ചരിത്രത്തിലാണ്, അതു നമ്മുടെ പാരമ്പര്യത്തിലാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ നമുക്ക് പിറകോട്ടും മുമ്പോട്ടും നോക്കാൻ കഴിയണം. നമ്മുടെ പഴയ പാരമ്പര്യങ്ങളുടെ, തനിമയുടെ, ശോഭ നമ്മൾ കണ്ടെടുക്കണം. മുന്നോട്ടു നോക്കണം. ഞാൻ പറഞ്ഞ പുതിയ കാലഘട്ടത്തിൽ, പ്രത്യേകിച്ച് ഇൻഡ്യ മുഴുവൻ മിഷൻപ്രവർത്തനത്തിന് നമുക്ക് അവസരം നൽകിയ പശ്ചാത്തലത്തിൽ, അതിനെ എങ്ങനെ കൂടുതൽ, കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുയോജ്യമായി നവീകരിക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. ഇത് രണ്ടു ധ്രുവങ്ങളല്ല. ഇതു രണ്ടു കക്ഷികളല്ല. ഇതു രണ്ടും ഒരേപോലെ സമഗ്രമായിട്ട് ഒന്നിപ്പിക്കാനുള്ള കഴിവാണു നമുക്ക് വേണ്ടത്. അതുകൊണ്ട് നമ്മുടെ ആരാധനാക്രമത്തിന്റെ Identity, സഭാത്മകതയുടെ Identity യാണ്,

നമ്മൾ എടുക്കുന്ന തീരുമാനങ്ങൾ ഒറ്റക്കെട്ടായി, ഒന്നിച്ചു നിന്നു, നടപ്പാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. വിട്ടുവീഴ്ചകളൊക്കെ ചെയ്യേണ്ടിവരുന്ന സമയത്ത്, വിട്ടുവീഴ്ചകൾക്ക് തയ്യാറാകണം. പക്ഷേ ഓരോ രൂപതയും, അവർക്കു തോന്നുന്നവിധത്തിൽ ആരാധനാക്രമം നടത്തി അതിനെ അലങ്കോലമാക്കുന്ന ഒരു നിലപാടെടുക്കാതിരിക്കുക. ഇക്കാര്യത്തിൽ ഐക്യരൂപത്തിന്റെ ഒരു കാലാവസ്ഥകൂടി സംജാതമാക്കാൻ എല്ലാവരും സഹകരിക്കണം.

***(ചോദ്യങ്ങൾ തയ്യാറാക്കിയത് ശ്രീ ജോസ് വേങ്ങാത്തടം).***



## CALLED TO ETERNAL REST

| | |
|---|---|
| Aippuru Pulikkottil | 08-02-2019 |
| K. G. Roby | 18-02-2019 |
| E. S. Antony | 26-02-2019 |
| George Sajan | 14-05-2019 |
| Thottathil Kurian | 15-07-2019 |

*Congratulations on your*

# FIRST HOLY COMMUNION



## GODWIN PREEJU

**S/o PREEJU K.V. & NIMI**



# Consecrated Life in the Church

Rev. Sr. Licia Puthuparambil SMI



## Introduction

Religious life is a gift from God: out of His graciousness, liberality, generosity and predilection. He calls those whom He wishes, sets them apart, forms them and sends them out to accomplish His mission. Jesus states clearly in John's Gospel, "You did not choose Me; it was I who chose you and sent you to go and bear much fruit, fruit that will last". Vocation to religious life is, therefore, a gift from God and at the same time, it is a responsibility to live a life of total commitment. As St. John Paul II puts it, "A vocation is both a sign of love and an invitation to love. The decision to say 'yes' to Christ's call carries with it a number of important consequences: the need to give up other plans, a willingness to leave behind people who are dear, a readiness to set out with deep trust along the path that will lead to ever closer union with Christ."

## The Founding of an Institute of Consecrated Life and the Approval by the Church

In each age, God raises up religious congregations with a new charism and purpose to vitalize the Church and to be leaven in the world. Founders of religious congregations are Christians, who experience their vocation deep within historical setting i.e., they are moved by the demands of the Gospel and its proclamation in their own lives and in service to the people. They interpret the signs of the times with the eyes of faith. They understand with deep sensitivity a pressing demand of the Gospel. Gradually, they become aware of the fact of their being called by God to establish a new religious group in the Church. Enlightenments come to them in prayer, reflection, dialogue with others, and in taking counsel with others. They do all they can to discern whether it is really God's will. Once they are convinced of God's plan for them, they go ahead founding a new institute and accepting members to it.

The Church, on her part, values and encourages readiness and determination of individuals to establish new foundations in the Church. She accepts and interprets as true charismatic inspiration, the newly established community as an answer to God's call for a particular need among the people of God. Once the Church approves officially, the newly founded institute becomes a Church institution and identifies its members, women or men as Church people, involved in a life of public dedication and service in the name of the Catholic Church. Membership in such institute requires the profession of public vows of Chastity, Obedience and Poverty. Through their life of total commitment to God and service to humanity, they are called to manifest the holiness of the Church.

## The Specificity of Each Institute

Each congregation has its own identity. The charismatic gift of the Holy Spirit given to the founder or foundress creates in their mind and heart a 'proper spirit', viz., the particular mode of feeling, of thinking, of talking, of praying, of working, of judging, of willing and even of suffering. These make each congregation different from the other. Each institute presents Christ in a particular way and at a particular time of salvation history.

In our day-to-day life, we encounter several religious institutes belonging to the Catholic Church and they differ from one another according to the grace given to them through their holy Founders or Foundresses. Some, more closely follow Christ, praying and are considered wholly contemplatives. They live lives of prayer, sacrifice and penance. They also take up other apostolic activities like, making sacred vestments and sacred vessels, candles, baking hosts, gardening and so on.

There are some others, who more closely follow Christ proclaiming the Kingdom of God, doing good to the people, or Christ in dialogue with the people of this wold. They fulfill their mission through preaching, teaching, healing, social uplift and other corporal works of mercy. Community life and enclosures are mandatory for both contemplative and apostolic institutes.

There are still others, who live as spiritual leaven in the world. These belong to secular institutes. For them, there is no community life or seclusion from the world. They may live in their own families and come together occasionally for prayer and sharing. Their very presence in their own families and in their working place is to bear witness to their

commitment to Jesus Christ and to the values of the Kingdom of God.

## The Consequence of saying 'yes' to Jesus

Jesus places a number of demands to those, who decide to follow him more closely in religious life. Let us enumerate a few of them on total detachment from comforts, family, material possessions and even the self: "Foxes have holes and birds of the air have nests: but the Son of Man has no where to lay his head… Let the dead bury their own dead; as for you, go and proclaim the kingdom of God" (Luke 9: 58, 60). "Whoever loves father or mother more than Me is not worthy of Me. ... And whoever does not take up his Cross and come after Me is not worthy of Me"(Mt 10:37-38). "Whoever has put his hand to the plough and looks back is not fit for the Kingdom of God" (Lk 9: 62). "None of you can become My disciple, if you do not give up all your possessions"(Lk 14: 33). and "Truly I tell you, unless the grain of wheat falls to the earth and dies, it remains alone; but if it dies, it produces much fruit. Whoever loves his life loses it, and whoever despises his life in this world keeps it for everlasting life" (Jn 12: 24-25).

He further invites them to be His witnesses: "By this, everyone will know that you are My disciples, if you have love for one another" (Jn 13:35). "No one has ever seen God; if we love one another, God abides in us and his love is perfected in us" (1 Jn 4:12). and"You are my friends, if you do what I command you" (Jn 15:14).

Jesus not only places demands, but assures us of the reward he has in store for those, who leave everything and everyone to follow him more closely. "Everyone who has left houses or brothers or sisters or father or mother or children or fields, for my name's sake, will receive a hundredfold and shall inherit eternal life" (Mt 19:29).

## The Rights and Obligations of the Members

Each and every member enjoys the right to privacy, good reputation and respect. Superiors of each institute are to ensure this right, remembering each one is created in God's own image and likeness. Adding to this is the right to fundamental equality of dignity. As we are well aware, different levels of responsibility do exist in a religious-life as in any organized life. However, the role or responsibility exercised by an individual religious does not diminish or increase one's personal dignity. That is to say, no matter what the role one plays in religious life, whether of a major superior, or of a local superior, or of those in-charge of a particular apostolate, or of those engaged in the ordinary chores of daily life - including that of a newly professed member, all are equal in dignity. All have the duty and right to proclaim the Gospel message. At the same time, a delicate balance is to be maintained between the inherent rights of the individual and the demands of the common good.

The supreme rule of religious is to follow Christ as proposed in the Gospel and as expressed in the Constitutions. Their principal duty is to contemplate divine things and be constantly united with God in prayer, worship, liturgical celebrations, adoration, reading and meditating on the Word of God, celebration of sacraments, examination of conscience, retreats and devotion to our Blessed Mother.

Fraternal life in common is an essential element of religious life. Hence the religious are to reside in


their own religious houses. They require permission of their lawful superior for being absent from their community. They are to observe common life with regard to the enclosure to be observed, use of habit, religious discipline, community time table and other regulations in accordance with their constitutions and other directories and manuals.

Whatever a member acquires after first profession by personal labour and whatever comes to them by way of gift, salary, pension, grant, insurance and so on belong to the community.

A finally professed member can be dismissed by superiors, after following the lawful procedure, for grave, external, imputable and juridically proven reasons like habitual neglect of the obligations of consecrated life, repeated violations of the three vows, stubborn disobedience to the lawful orders of superiors in grave matters, grave scandal arising from the culpable behaviour of the member, obstinate attachment to the teachings condemned by the magisterium of the Church, unlawful absence from the community and so on. A temporarily professed member may be dismissed for even less grave matters.

## Conclusion

We have seen that each institute reflects a particular way of living Christ's life in obedience to the Father's will. Consecrated persons are bound to attach themselves to the person of Christ and detach themselves from everyone else and everything else in order to be possessed by the Lord Jesus Christ. Thus their service to the humanity becomes self-less service to God Himself. Though they live in the world, they do not belong to the world and to its allurements. As St. Paul exhorts not to be "conformed to the world where you live, but rather be transformed through the renewal of your mind. You must discern the will of God, what is pleasing, and is perfect" (Rm. 12:2).



# ആത്മനാഥാ........ അങ്ങേയ്ക്കായ്

രാജാധിരാജാ വരൂ... ആത്മാവിൻ ഭോജ്യം തരൂ....
നിൻ പച്ചപുൽമേട്ടിൽ നീ, തിരയുവതാരേ ഈ പാപിയേയോ.....
ആത്മാവിൻ ദാഹവും മനസ്സിൽ മോഹവും
അടങ്ങുകില്ലാ നാഥാ അടങ്ങുകില്ലാ
നിന്നെ പ്രാപിക്കാതടങ്ങുകില്ലാ....
(രാജാധിരാജാ വരൂ....)

പൊക്കമില്ലാത്ത ഞാൻ ഈ മരക്കൊമ്പിൽ നിന്നെയും കാത്തിരിപ്പൂ...
ഇന്നെൻ ഭവനത്തിൽ വിരുന്നൊരുക്കും ഞാൻ എൻ നാഥ നിനക്കായ്...
ആത്മാവിൻ മുറിവുകൾ ഏറെയാണു നാഥാ
സൗഖ്യമാക്കീടുവാൻ കനിവാകണേ
ആ തിരുമാറിൽ ഞാൻ എന്നെ ചേർത്തീടുന്നൂ
കൈക്കൊള്ളണേ എൻ തമ്പുരാനേ
(ആ തിരുമാറിൽ ഞാൻ ...)
എന്നീശോ നാഥാ വരൂ, ആത്മാവിൻ ഭോജ്യം തരൂ...

**പി. സി. മേരി ജോസഫ്**




# A MESSAGE IN A MANGER

**Philipp K.J.**

The Child on the manger drafts
A message of love in glossy smile
A sun rise of hope through gleeful eyes
Healing powers in tiny hands
Travel thirst held in little legs
A Heart that flows incessant drink
And eternal food for hungry souls


A gift purely free of costs
An offer to men of any posts
Equally free to choose and use
Happy and Merry Christmas feast
Let's sing and praise the High Priest



# സഭയും സന്യാസ ജീവിതവും

## ജോസ് വേങ്ങത്തടം





സന്യാസം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത് ലൗകിക താൽപര്യങ്ങൾ വെടിഞ്ഞ് പൂർണ്ണമായി ആദ്ധ്യാത്മിക ജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള മതാത്മക സമർപ്പിത ജീവിതമാണ്. സകലതും ത്യജിച്ചുള്ള ജീവിതം. സന്യാസം എക്കാലവും ആദരവിന്റെ സൂചകമായിരുന്നു. പരിത്യാഗത്തിന്റെ മണമുള്ള ആ പദം പൊതുവേ എല്ലാ വികസിത സംസ്കാരങ്ങളോടും ചേർന്നു കിടക്കുന്നു. ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും പുരാതന ഗ്രീക്കു-ചൈനീസ് സംസ്കാരങ്ങളിലെന്നപോലെ ഹൈന്ദവ-ബുദ്ധ-യഹൂദാ-ക്രൈസ്ത ഇസ്ലാമിക പാരമ്പര്യങ്ങളിലും സന്യാസം ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്. പ്രപഞ്ചത്തിൽ പദാർത്ഥങ്ങൾക്കതീതമായി ഒന്നുമില്ലെന്ന് ചിന്തിക്കുന്നവർക്ക് സന്യാസത്തെ മനസ്സിലാക്കാനാവില്ലെന്നത് സ്വാഭാവികം. കാരണം അദ്ധ്യാത്മികതയുടെ പ്രതീകമാണ് സന്യാസം. ലോകത്തിന്റെ പൊരുൾ തേടി ഇറങ്ങുമ്പോൾ കേവലം പ്രത്യക്ഷമായതിനപ്പുറം അനശ്വരമായ ഒന്നിനെ കണ്ടെത്തുന്നവർക്കു മാത്രമേ സന്യാസം അമൂല്യമായ സമ്പത്ത് ആകുന്നുള്ളൂ. അതുകൊണ്ടുതന്നെ നിരീശ്വരവാദികളോ, ഉപഭോഗസംസ്കാരത്തിന്റെ പ്രണയിതാക്കളോ, സന്യാസത്തെ അപഹസിച്ചാൽ അത് കാര്യമായി കാണേണ്ടതില്ല.

എന്നാൽ ഈശ്വരവിശ്വാസികളും, ധർമ്മിഷ്ഠരുമായ വ്യക്തികളും സന്യാസം സ്വീകരിച്ചവർക്കെതിരെ തിരിയുകയാണെങ്കിൽ, നമ്മൾ വളരെ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. സന്യാസികളുടെ പ്രായോഗിക ജീവിതത്തേയും സന്യാസത്തേയും കുറിച്ചുള്ള സാധാരണക്കാരുടെ അജ്ഞതമൂലമാണ് ഇത് സംഭവിക്കുന്നത്.

സന്യാസം വരിച്ചവർ കാലാനുസൃതമായി സേവന രീതികളിൽ മാറ്റങ്ങൾ വരുത്തുമ്പോൾ യാഥാസ്ഥിതി

കവാദികൾ മുറുമുറുക്കുന്നത് ഗൗരവമായി എടുക്കേണ്ടതില്ല. അതേസമയം സന്യാസത്തിന്റെ അന്ത:സത്ത നഷ്ടമാകുന്നവിധത്തിൽ സന്യസ്തർ കാലത്തിനൊപ്പം നീങ്ങുന്നതിനാലാണ് ജനത അസ്വസ്ഥമാകുന്നതെങ്കിൽ അത് പഠിക്കേണ്ടവിഷയമാണ്.

ഏതാനും നാളുകളായി നമ്മുടെയിടയിൽ സന്യാസികളെ അവഹേളിക്കുന്നത് ഒരു തരം ഫാഷനായി മാറിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റേയും ആധുനിക സാഹിത്യത്തിന്റേയും ചുവടുപിടിച്ചുകൊണ്ട് കടന്നുവന്ന ഈ അവഹേളനത്തിന്റെ തുടക്കം പുരോഹിതരുടെ ഒറ്റപ്പെട്ട വീഴ്ചകളെ പൊതുജനമധ്യത്തിൽ ഉയർത്തിക്കാട്ടിക്കൊണ്ടായിരുന്നു.

സന്യാസത്തിന്റെ ചട്ടക്കൂടിൽ നിന്ന് പുറത്തുകടക്കാനുള്ള തത്രപ്പാടിൽ സന്യാസ നാമധാരികളായ ചിലരെങ്കിലും, ദൃശ്യമാധ്യമങ്ങളെ കൂട്ടുപിടിച്ച് സന്യാസത്തിന്റെ അനുഭവസത്ത കളയാൻ ശ്രമിക്കുന്നത് വളരെ ഖേദകരമാണ്. ഈ സാഹചര്യത്തിൽ സന്യാസത്തെ ഉപാസിക്കുന്നവർക്ക് നിഷ്ക്രിയരായിരിക്കുവാൻ സാധിക്കുകയില്ല. സന്യാസത്തിനേൽക്കുന്ന പ്രഹരം ഈശ്വരവിശ്വാസത്തെ പ്രത്യക്ഷമായും, സംസ്കാരത്തെ പരോക്ഷമായും ബാധിക്കും. അതിനാൽ, ഉത്തരവാദിത്വപ്പെട്ടവർ അവരുടെ ജീവിതാന്തസ്സിനെപ്പറ്റി ഒരു ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

ക്രൈസ്തവസന്യാസത്തിന്റെ ആദ്യരൂപവും, ആദർശരൂപവും, അവസാനരൂപവും നസ്രത്തിലെ ഈശോയാണ്. ക്രിസ്തീയ സന്യാസത്തിന്റെ പരമാർത്ഥസ്വരൂപം ഈശോ മാത്രമാണ്. ഈ ബോധ്യമാണ് ഓരോ സന്യാസിയേയും നയിക്കേണ്ടത്. ഈശോയുമായുള്ള ദൃഢമായ ബന്ധമാണ് സന്യാസത്തിന്റെ കാതൽ. സന്യാസത്തിന് രണ്ട് കാര്യങ്ങൾ ആവശ്യമാണ്. ഉള്ളും ഉള്ളതും നൽകണം. എന്നേയും എനിക്കുള്ളവയും പൂർണ്ണമായും സമർപ്പിക്കണം. അതാണ് സന്യാസം.

സന്യാസത്തിന്റെ ആദ്യചുവടുവെപ്പ് പിതാവായ ദൈവത്തിന്റേതായിരുന്നു. പിന്നീട് പുത്രൻ തന്റ ജീവിത-മരണ-ഉത്ഥാനത്തിലൂടെ പിതാവിന് പൂർണ്ണമായി സമർപ്പിക്കുന്നു. ഇതാണ് സന്യാസം. പൂർണ്ണസമർപ്പണം. ഈ മുഖമുദ്രയായിരിക്കണം ഓരോ ക്രൈസ്തവ സന്യാസിയും ജീവിതത്തിൽ പതിപ്പിക്കേണ്ടത്. താൻ ഏറ്റെടുത്തിരിക്കുന്ന വിളിക്കനുസരിച്ച് അവസാനം വരെ ഈശോയ്ക്ക് ഉള്ളും ഉള്ളതും സമർപ്പിക്കുക. അപ്പോൾ ലോകത്തിന്റേതായ മധുരംപുരട്ടിയ ലോകസുഖങ്ങളുടെ പിന്നാലെ പോകുവാൻ ഒരു സന്യാസിയും ആഗ്രഹിക്കുകയില്ല.

തിരുസഭയിലാണ് ക്രൈസ്തവസന്യാസത്തിന്റെ സ്ഥാനം. തിരുസഭയുടെ നന്മയ്ക്കുവേണ്ടിയാണ് ഓരോ സന്യാസസമൂഹവും പ്രവർത്തിക്കേണ്ടത്.

പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നൽകുന്ന ദാനമാണ് സന്യാസം. അതുകൊണ്ട് എല്ലാ സന്യാസസമൂഹങ്ങളും സഭയുടെ ജീവിതത്തിൽ പങ്കുചേരണം.

സഭയുടെ വിവിധങ്ങളായ ഉദ്യമങ്ങളേയും, ആസൂത്രണങ്ങളേയും ഓരോ സമൂഹവും അതാതിന്റെ ചൈതന്യത്തിനനുരൂപമായി സ്വന്തമാക്കുകയും കഴിവിന്റെ പരമാവധി അവ വളർത്തുകയും വേണം. സഭയുടെ വളർച്ചക്കുവേണ്ടിയാണ് സന്യാസികൾ പ്രതിബദ്ധരായിരിക്കുന്നത്. ഈശോയുടെ വിളി അനുസരിച്ച്, എല്ലാം ഉപേക്ഷിച്ച് ഈശോയെ അനുഗമിക്കുന്നവരാണ് സമർപ്പിതർ. അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ടാണ് സന്യസ്തർ തങ്ങളുടെ ജീവിതത്തെ ദൈവത്തിന് പ്രതിഷ്ഠിക്കുന്നത്. ഈശോയാണ് അനുസരണത്തിന്റെ ഏറ്റവും മഹനീയമായ മാതൃക, കുരിശുമരണത്തോളം അനുസരണയുള്ളവനായിരുന്ന ഈശോയെപ്പോലെ സമർപ്പിതരും ദൈവഹിതം നിറവേറ്റുവാൻ സ്വന്തം ഹിതത്തെ ത്യജിക്കുന്നു. ദൈവമാണ് മനുഷ്യന്റെ യഥാർത്ഥമായ നിക്ഷേപം എന്ന് ദാരിദ്ര്യവ്രതം സമർപ്പിതരെ ഓർമ്മപ്പെടുത്തുന്നു.

സമ്പന്നനായിട്ടും നമ്മെപ്രതി ദരിദ്രനായി തീർന്ന ഈശോയുടെ മാതൃകയനുസരിച്ചാണ് സന്യസ്തർ ദാരിദ്ര്യവ്രതം സ്വീകരിക്കുന്നത്. വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തിനും, ദൈവജനത്തിനും ശുശ്രൂഷ ചെയ്യുവാനും ബ്രഹ്മചര്യവ്രതം സമർപ്പിതരെ സഹായിക്കുന്നു. വിശുദ്ധിയുടെ പരിമളം പരത്തുന്ന ഈ മൂന്ന് വ്രതങ്ങൾ സ്വീകരിച്ച് സന്യസ്തർ തിരുസഭാമാതാവിന്റെ പ്രവർത്തനങ്ങൾക്ക് ശക്തിയും വിശുദ്ധിയും നൽകുകയാണ്.

വിശുദ്ധ ജോൺപോൾ രണ്ടാമൻ പറഞ്ഞതുപോലെ "സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽ തന്നെയുള്ളതാണ്."

സഭയുടെ ഹൃദയത്തിൽത്തന്നെയുള്ള ഈ സമർപ്പിത ജീവിതങ്ങളെ ഉടയാതെ ഉലയാതെ കാത്തുസംരക്ഷിക്കുവാനുള്ള കൃപയ്ക്കായി ദൈവസന്നിധിയിലേയ്ക്ക് നമ്മുടെ കരങ്ങൾ ഉയരട്ടെ - ഉയർത്താം.

*Baptism*

28th October 2018.



# Stacy Mathews

*Daughter of Mathews John and Preethi Mathews*
*Grand daughter of*
*John Kanjooparampil and Marykutty John*

*Baptised on 28th October 2018*
*at St. Pius X Catholic Church,*
*Portland, Oregon, USA.*



*Baptism*

21st April, 2019

# Castiel D John

*Son of Danny John and Minikutty Joseph.*
*Grand son of*
*John Kanjooparampil and Marykutty John*
*Baptised on 21st April 2019*
*at St. Juan Diego Catholics Church,*
*Portland, Oregon, USA.*

# സമർപ്പിതർക്കൊരു കൈവിളക്ക്



സി. വന്ദന CHF




"ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കണമെന്ന തീവ്രദാഹത്താൽ എന്റെ ആത്മാവ് ക്ലേശിച്ചിരുന്നു."

കേരളക്കരയ്ക്ക് ദൈവം സമ്മാനിച്ച നാലാമത്തെ വിശുദ്ധാത്മാവായ വി.മറിയം ത്രേസ്യയുടെ ആത്മകഥയുടെ ആരംഭം ഇങ്ങനെയാണ്. ഈ വാചകത്തിന്റെ പൊരുളറിയണമെങ്കിൽ വിശുദ്ധയുടെ ജീവിതത്തിലൂടെ കടന്നുപോവുകതന്നെ വേണം. പുത്തൻചിറയെന്ന കൊച്ചുകർഷക ഗ്രാമത്തിലെ ചിറമ്മൽ മങ്കിടിയാൻ കുടുംബത്തിൽ കുഞ്ഞിത്തൊമ്മന്റേയും താണ്ടമ്മയുടേയും മൂന്നാമത്തെ സന്താനമായി 1876 ഏപ്രിൽ 26ന് ജനിച്ച ത്രേസ്യ എന്ന പെൺകുട്ടി ഒരു നൂറ്റാണ്ടിന് ശേഷം ലോകം മുഴുവൻ അറിയപ്പെടുകയാണ്... കുടുംബങ്ങളുടെ മദ്ധ്യസ്ഥയായി.... ഒരു വിശുദ്ധയായി....

തന്റെ ഒൻപതാമത്തെ വയസ്സിലാണ് ത്രേസ്യ താൻ നിത്യകന്യകയായി ജീവിച്ചുകൊള്ളാമെന്ന് ഈശോയ്ക്ക് വാക്ക് കൊടുത്തത്. ലൗകീക ജീവിതത്തോടുള്ള മനം മടുപ്പിക്കുന്ന വിരക്തി ആത്മീയതയുടെ സൗരഭ്യം നുകരുവാൻ അവളെ പ്രാപ്തയാക്കി. ധരിക്കുന്ന വസ്ത്രത്തിലൊ, അണിയുന്ന ആഭരണത്തിലൊ അല്ല, സ്ത്രീയുടെ സൗന്ദര്യമെന്ന് സ്വന്തം ജീവിതത്തിലൂടെ അവൾ തെളിയിച്ചു. ദൈവം നൽകിയ ജീവിതം, സമയം, ആരോഗ്യം ഇതെല്ലാം നൂറ് ശതമാനവും ദൈവത്തിന് വേണ്ടിത്തന്നെ ത്രേസ്യവിട്ടു കൊടുത്തു. കൊച്ചുകുട്ടിയായിരിക്കുമ്പോൾത്തന്നെ, പ്രായത്തിൽ കവിഞ്ഞ അവളുടെ പക്വതയും ഭക്തിഭ്രാന്തും കണ്ടിട്ട് കൂട്ടുകാർ അവളെ 'മുത്തി' എന്ന് വിളിച്ച് പരിഹസിച്ചിരുന്നുവെങ്കിലും ആരോടും പരാതിപറയാതെ അവൾ തന്റെ പ്രാർത്ഥനയും തപസും തുടർന്നു. ദൈവത്തെക്കുറിച്ചറിയാൻ അവൾ ഏറെ താൽപര്യം കാണിച്ചിരുന്നു. അത് മനസ്സിലാക്കിയ അവളുടെ അമ്മ അവൾക്ക് അറിയാവുന്നതെല്ലാം പറഞ്ഞുകൊടുത്തിരുന്നു. ത്രേസ്യയുടെ ആത്മീയ ജീവിതത്തിൽ വെളിച്ചം പകർന്നു നൽകിയത്, അവളുടെ അമ്മയായ താണ്ട തന്നെയായിരുന്നു. എന്നാൽ കുഞ്ഞായിരിക്കുമ്പോൾത്തന്നെയുള്ള അമ്മയുടെ വിയോഗം അവളെ ദു:ഖാർത്തയാക്കി. പരി. അമ്മയെ സ്വന്തം അമ്മയായി അവൾ തിരഞ്ഞെടുത്തു. അങ്ങനെ ക്രൂശിതന്റെ അമ്മ അവൾക്ക് സ്വന്തം അമ്മയായിത്തീർന്നു.

ഈശോയെ തന്റെ പീഡാസഹനത്തിനും കുരിശു മരണത്തിനും വേണ്ടി പരി. അമ്മ ഒരുക്കിയതുപോലെ തന്റെ പ്രിയപുത്രിയായ ത്രേസ്യയേയും അമ്മ ഒരുക്കി... മറ്റൊരു പീഡാസഹനത്തിനായി, ജപമാലമണികൾ കൈവിരലുകൾക്കിടയിലൂടെ വഴുതിവീഴുമ്പോൾ അത് ചൊല്ലാൻ പഠിപ്പിച്ചത് മാതാവാണെന്ന് അവൾ പറയു മായിരുന്നു. സഹനത്തിന്റെ നിമിഷങ്ങളിലെല്ലാം പരി. അമ്മ തനിച്ചും ഈശോയോടൊപ്പവും തിരുക്കുടുംബ മായും വന്ന് അവളെ ആശ്വസിപ്പിക്കുകയും നിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തിരുന്നു.

ആരാലും അറിയപ്പെടാതെപോയ ഒരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു ത്രേസ്യ. പൂമുഖത്തു പോലും സ്ത്രീകൾ പ്രത്യക്ഷപ്പെടാതിരുന്ന കാലത്ത്, കുടുംബങ്ങൾതോറും കയറിയിറങ്ങി രോഗികളെ ശുശ്രൂഷിക്കുക, മരണാസന്നരെ നല്ല മരണത്തിനൊ രുക്കുക, അവശരേയും ദരിദ്രരേയും ആരും സഹാ യിക്കാനില്ലാത്തവരേയും പരിചരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളായിരുന്നു ത്രേസ്യയുടേത്. ജാതി മതഭേ ദമെന്യേ ജനങ്ങളുടെ ഇടയിലേയ്ക്ക് അവളിറങ്ങിച്ചെന്നു. കാലിൽ ചിറകും ഹൃദയത്തിൽ അഗ്നിയുമായി തന്റെ മുപ്പതാം വയസ്സിലും ഒരു ജീവിതാന്തസ്സിലും പ്രവേശിക്കാതെ വീ ട്ടിൽ നിന്നുകൊണ്ട് തന്നെ മറ്റുള്ളവരുടെ ശുശ്രൂഷക്കായി ജീവിക്കുന്ന ത്രേസ്യ പുത്തൻചിറയുടെ വിസ്മയമായിരു ന്നു. വീട്ടുകാരുടെ എതിർപ്പ്, നാട്ടുകാരുടെ പരിഹാസം, അധികാരികളുടെ വിലക്കുകൾ, ഇതിനെല്ലാം വിധേയ പ്പെട്ടുകൊണ്ടുതന്നെ തിന്മയുടെ അരൂപിയെ ഉന്മൂലനം ചെയ്യാൻ അവൾ ധീരതയോടെ രംഗത്തിറങ്ങി. ക്രൂശിതനെ സ്നേഹിച്ചും, ക്രൂശിതനെ ധ്യാനിച്ചും, മണവാളനോട് ഇഴുകിച്ചേർന്ന വിശ്വസ്തയായ മണവാട്ടിയായിരുന്നു അവൾ. ത്രേസ്യ അറിയാതെ തന്നെ മണവാളൻ അവളുടെ ശരീരത്തിൽ തന്റെ സ്നേഹമുദ്ര പതിപ്പിച്ചു. തന്റെ തിരുമു റിവുകൾ അവൾക്കും അവൻ പകുത്തുനൽകി. വിരലിൽ മോതിരമണിയിച്ചും, ഹൃദയങ്ങൾ പരസ്പരം കൈമാറ്റം ചെയ്തും, അവൻ നൽകിയ പ്രണയമധുനുകർന്ന ത്രേസ്യക്ക്, തന്റെ പ്രിയപ്പെട്ടവന്റെ ജീവിതത്തിലെ സഹനങ്ങളുടെ കയ്പുനീര് സ്വീകരിക്കുവാൻ ഒരു മടിയും തോന്നിയില്ല. കുരിശുചുമന്ന് വ്രണിതനായി രക്തമൊഴുക്കി കടന്നുപോകുന്ന അവന്റെ പിന്നാലെ എനിക്കീക്കാഴ്ച കാണുവാൻ വയ്യ എന്ന് നിലവിളിച്ചുകൊണ്ട് പോയ വളാണ് ത്രേസ്യ. സഹനം അവളുടെ ജീവിതത്തിലും ഏറെയുണ്ടായിരുന്നു. ഉണ്ടായിരുന്ന സമ്പത്ത് മുഴുവനും മദ്യപാനത്തിനായി ധൂർത്തടിച്ച് കുടുംബത്തെ ദാരിദ്ര്യത്തിന്റെ മുൾമുനയിൽ നിറുത്തിയ അപ്പൻ. ചെറുപ്പത്തിലേത്തന്നെ അമ്മ നഷ്ടപ്പെട്ടതിന്റെ അനാ ഥത്വം അവളുടെ തീരാനൊമ്പരമായിരുന്നു. രോഗ പീഡകൾ അവളെ അസ്വസ്ഥയാക്കിയിരുന്നു. വീട്ടുകാ രിൽ നിന്നും നാട്ടുകാരിൽനിന്നുമുള്ള പരിഹാസങ്ങളും ഒറ്റപ്പെടുത്തലുകളും അവളുടെ മനസ്സിന്റെ വേദനകളാ യിരുന്നു. സഹനത്തെ ത്രേസ്യ ഒരുപാട് സ്നേഹിച്ചി രുന്നു. അവളുടെ ആത്മാവിനെ കൂടുതൽ കൂടുതൽ തിളക്കമുള്ളതാക്കാൻ മണവാളൻ അവളെ നിത്യവും സഹനത്തിന്റെ ചൂളയിൽ ഉരുക്കിക്കൊണ്ടിരുന്നു. 'സഹനം നിങ്ങളെ തകർക്കുകയില്ല. അതിന്റെ ഭാരം നിങ്ങളെ സംഭ്രമിപ്പിക്കുന്നുവെങ്കിലും അതിന്റെ ശക്തി നിങ്ങളെ താങ്ങിക്കൊള്ളും' എന്ന് വി. പാദ്രേപിയോ പറയുന്നുണ്ട്. ഒരു ആത്മാവിന്റെ വിശുദ്ധീകരണത്തിന് എത്രമാത്രം സഹനം അനിവാര്യമാണെന്ന് പറയാൻ കഴിയില്ല. എത്രകൂടുന്നുവോ, അതിനനുസരിച്ച് അതിന്റെ വിശുദ്ധി വെളിപ്പെടും. സഹനമില്ലാത്ത ഒരു നിമിഷം പോലും അമ്മയുടെ ജീവിതത്തിൽ ഇല്ലായിരുന്നു. സ്വയം ഏറ്റെ ടുക്കുന്ന പ്രായശ്ചിത്തപ്രവർത്തികളും, ദൈവത്തിൽ നിന്നും ചോദിച്ചുവാങ്ങുന്ന സഹനങ്ങളും, കൂടാതെ പിശാചിൽ നിന്നുള്ള ശാരീരികവും മാനസികവുമായ പീഡകളും കൊണ്ട് ഏറെ സമ്പന്നമായിരുന്നു അവളുടെ സഹന ജീവിതം.

സന്യാസത്തിന്റെ ഇടനാഴികളിൽ നിന്നും ഉയരുന്ന നെടുവീർപ്പുകൾ ഒരിക്കലും സ്വന്തം വേദനകൾക്കോ സൗകര്യക്കുറവുകൾക്കോ വേണ്ടിയാകരുത്. അത് കർത്താവിന്റെ സഹനത്തെക്കുറിച്ചാകണം. തിരു സക്രാരിക്കരികെ ഉതിർന്നുവീണ കണ്ണീർകണങ്ങൾ സ്വന്തം പരിദേവനങ്ങളാകരുത്, മറിച്ച്, അപരന്റെ സങ്കടങ്ങൾക്ക് വേണ്ടിയാവണം. ലോകത്തിന് മുമ്പിൽ ഒരു സമർപ്പിത കൈകളുയർത്തേണ്ടത് സ്വന്തം അവകാശങ്ങൾക്ക് വേണ്ടിയാവരുത്, പിന്നെയോ, കൃതജ്ഞതാസ്തുതികൾ അർപ്പിച്ചുകൊണ്ടാവണം. സന്യാസിയുടെ ആയുധങ്ങൾ സോഷ്യൽമാധ്യമങ്ങളേ ാ, സമരപന്തലുകളൊ, അല്ല. മറിച്ച് ജപമാലയും, വി. കുർബാനയും, വി. ബൈബിളും ആകണം. അവ ളുടെ ശക്തിതന്നെ പിന്താങ്ങുന്ന ജനകീയ ശക്തിയല്ല. വി. കുർബാനയിലെ ദിവ്യകാരുണ്യമാകണം. നോമ്പും, ഉപവാസവും, തപശ്ചര്യകളും സ്വമനസ്സാൽ വ്രതം എടു ത്ത് ലോകത്തിന് വേണ്ടി പ്രാർത്ഥിക്കണം. എനിക്ക് കർത്താവല്ലാതെ ലോകത്തിൽ യാതൊന്നും വേണ്ട എന്ന വി. മറിയം ത്രേസ്യയുടെ വാക്കുകളും ഏതൊരു സന്യസിയുടേയും ഹൃദയത്തിലുണ്ടാകണം. ഏത് ജീ വിതാനുഭവത്തിലും 'ദൈവഹിതം നിറവേറട്ടെ', എന്ന് അവൾ എപ്പോഴും പറഞ്ഞിരുന്നു. പ്രാർത്ഥന കരുത്താക്കി മാറ്റിക്കൊണ്ടാണവൾ തന്റെ വിപ്ലവകരമായ പ്രയാണം തുടർന്നത്. ഒരിക്കൽ അവളുടെ നന്മയിൽ സംശയിച്ചവർ പിന്നീട് അവളുടെ ആത്മീയ സൗരഭ്യം തിരിച്ചറിഞ്ഞു.

ഒരിക്കൽ നാടിന്റെ ശാപമെന്ന് ആക്ഷേപിച്ചവർ ഇന്ന് ഏറ്റ് പറയുന്നത് ഇവൾ ഞങ്ങളുടെ അനുഗ്രഹ മാണെന്ന് ആണ്. സമർപ്പിത ജീവിതത്തെ വിമർശി ച്ചും പരിഹസിച്ചും ജീവിക്കുന്നവരുടെ മുമ്പിൽ ഒരു കെടാവിളക്കായി വി. മറിയം ത്രേസ്യയുടെ ജീവിതം പ്രശോഭിക്കട്ടെ.


Happy Married Life
19th May, 2019
Neethu Varghese
Joseph Zando
"Wish you lots of love and
happiness filled with the
sweetness of Happy Married Life"



# Impressions of a Blind Dog

Philipp K.J.

To write is to create impressions that may infuse feelings, that may provoke thoughts and that may even give way for deeper understanding in the reader's mind. If this purpose is attributed to writing, anything can be a subject for literary creation; even the simple, commonplace things.

The dog at your parking lot, the white and black spotted dog is an orphan dog. It is a normal Indian breed. Neither lean nor fat. Its mouth is small and it is silent and behaves like a slave or a beggar.

Why beggar? Basically, the dog is blind and moves around sniffing and feels by touching. It coils itself and sleeps close to the front wheel of any bike that is parked at the parking area of the building. One cannot take the bike without the wheel touching the peacefully sleeping dog. You will voluntarily say "Sorry Bro" while you take out the bike. Why do you feel sorry? Because you will see the dog does not show any anger even when you touch it with the front wheel and apparently the dog jumps up and shakes its whole body and stretches out as if it got up from its cozy slumber on its own.

The dog does not show any sign of having disturbed by your abrupt action.

When you come back from office in the evening this fellow will be rolled into a coil on your door mat kept outside. You will shout at it at the top of your voice. You know this stray dog will have weevils or dog mites on its body and it will spoil your door mat. The moment it hears your sound it jumps and moves away with a guilty conscience as if it had done a crime. You get the impression that this dog is a beggar dog and it knows its poor status. But the little daughter of yours will secretly take some food or milk or bread and serve the dog, and the dog, with equal secrecy, take the food and eat it.

When your daughter returns from school and opens the front gate, this silent beggarly dog will jump and play with her like a hero. If you happen to be near and shout at your daughter to be careful, not to play with the stray dogs, the dog will move away from her with a strange guilty conscience and sniff down and move to the usual corner where it coils itself and falls into sleeping mode. This behaviour of this dog is consistent. It plays secretly with your daughter and moves away when you shout at it. If you open the gate it sniffs to find out who the visitor is and behaves like a slave when it senses your presence and moves away with an act of supplication.

Here again the dog evokes sympathy in your heart's core by giving impressions of an obedient intelligent orphan child who wants to impress you with good manners. Yet its acts of austerity and discipline are let loose when it finds an opportunity to play with your daughter.

You begin to feel some kind of sympathy to this dog. It makes you think of dogs or animals which are living creatures. You generally carry water with you in your bag when you travel or going to your work place. When you are at home you drink water whenever you feel. But who provides water to this dog? Does it drink from the bucket kept for washing your car? Who gives it food when it feels hungry? These thoughts somehow never change you to become a philanthropist.


You will be very soon diverted by a call or immediately shifting your thoughts to some important issues or matters of greater value than this trivial stray dog.

Such dogs are plenty on this planet. But this dog is just one in the context and environment that includes you and your daughter. This small context becomes a plot and the dog becomes the protagonist. The protagonist with its silent behavior evokes your sympathy and provokes to understand that the cement floor at the parking lot is very cold and the sight of the dog coiled on the cold floor moves you to feel pity. You spread a blanket at the corner of the parking lot for the dog.

Yet you feel that "I am here to serve my children. Nobody will part with the food that is meant for their children. But this dog reminds of the persistent faithful Canaanite woman who says, "Lord, even the poor dogs eat the leftovers that fall from their masters table"

You become silent and awful at this impression created in you by the poor blind stray dog at your parking lot. The dog becomes a creator with its inner energy and the impressions that it creates falls on you like the light falling on a silent pool giving deeper visibility and you become just an intelligent dog and want to say,"Master, I eat the left overs that fall from your table".




Happy Married Life
5th October, 2019
"Wishing you a lifetime of happiness together and a love that grows stronger with each day."
NITHIN
and
CAMILLA



# SAILING IN ROUGH SEAS

**Paul K J**

By definition, Consecrated life is a state of life in the Catholic Church lived by believers who wish to follow Jesus Christ in a more exacting way. The Catechism of the Catholic Church comments: "From the very beginning of the Church, there were men and women who set out to follow Christ with greater liberty, and to imitate Him more closely, by practicing the evangelical counsels. They led lives dedicated to God, each in his own way. Many of them, under the inspiration of the Holy Spirit, became hermits or founded religious families. Thus, the Church, by virtue of her authority, gladly accepted and approved them."

It is no secret that religious life now is at a crossroads. We all are aware of the challenges the Church and Christianity as a whole undergoing in today's turbulent social environment. In view of the unpleasant developments that are being surfaced on and off through visual media and other communication networks, it is no exaggeration to say that there is a fair amount of anxiety and insecurity in the minds of many of us relating to the fate of our social equality, freedom to worship and religious life.We cannot ignore the fact, if someone complain that, in today's society, each one of us face enormous challenges such as decline in human and Christian values, globalization and commercialization, corruption in the civic life, rise of religious fundamentalism and intolerance, oppression of the poor and the marginalized and so on. We all are the victims of these epidemics of the society which indeed would impact adversely the future generation too. Of course, as a consequence, our consecrated life is facing vocational, moral, psychological, pastoral and spiritual crisis. This is a very alarming trend, and therefore, we all need to be extremely watchful as any wrong steps or decision of ours could signal detrimental results.

Despite the multifaceted challenges and difficulties that we encounter today, whether it's defaming the priests, nuns, church authorities or otherwise the Christians as a whole, we continue to emerge as the strongest souls upholding our faith in God and practicing the religious values that we have derived from our Church. Nevertheless, we shall never ignore the fact that, in case we find any member who follow consecrated life from among us act against their vows or against the church, we shall come forward to condemn them and seek action appropriately so as to uphold the values of our Church and Christianity as whole. Indeed, isolated cases of lesser values and least substance are generalized and publicised to mobilize wider coverage and larger audience. Undoubtedly, these anti- religious activities are not going to yield any results to those sick and ill minded folks. In true sense, we cannot justify ourselves if we spend our valuable time for analyzing and debating such matters that have no authenticity and existence. They are generated and circulated for somebody's pleasure and benefits, which shouldn't get any relevance in our life. The underlying theme of Christianity is Consecrated life. Consecrate means to make holy or to dedicate to a higher purpose, and remember that, something consecrated is dedicated to God and thus sacred.

The Spirit is leading all religious to revitalize the charismatic gift and prophetic dimension of religious life. We recognize and are encouraged by the number of newer foundations of consecrated life founded in our country/State, some of which are religious institutes or ecumenical communities. They are evidence that God continues to call and people continue to respond.

Although we come from various cultures and diverse religious charisms, our experience these days has been one of solidarity and unity centered on our shared passion of religious life. We were reminded of the wisdom of St. Bernard of Clairvaux on religious orders: "We all need one another: the spiritual goods which I do not own and possess, I receive from others….All our diversities, which manifest the richness of God's gifts, will continue to exist in the one house of the Father, which has many rooms…Unity, both here and there, consists in one and the same charity." This has given us great encouragement for we have found that when we stand together, we are stronger.

While on the subject, it would be worthwhile to have an insight on what we are doing today and what we are ought to do to promote the consecrated life in Church. We all are aware that active involvement and support of religious leadership in vocation ministry is essential for an effective vocation program. The task of promoting vocations and consecrated life to people calls for the active collaboration of the Church, which forms the integral part of the overall pastoral plan of every Church. It is imperative that on either a national or diocesan level, there should be good collaboration and cooperation among religious, laity, clergy, and hierarchy in vocation ministry. More efforts must be made by Church to build a "culture of vocation" through a national framework or office, discernment groups and programs, and other evangelization efforts.

In this challenging and disturbed times, it is a special occasion for us to realise that the only thing that will really move the consecrated people into the future with relevance is a deep and essential conversion of life. It's a call to take risks. It's a call to choose to live differently and then to live authentically with new reality, with new vision and mission. The consecrated life cannot be a sign of the Kingdom of God, if it does not participate in the effort to transform society and the church. The consecrated life is not just the project of women and men consecrated. It is ultimately the project of God for humanity. He not only designs plans for its ongoing enterprise, but continues to work through its effective fulfillment through every consecrated and covenanted people of God with newness of life.





Your Greatness is not what you have, it's what you give. Who can do no great things, only small things with great love. Giving is not just about make a donation, it's about making a difference. Belive, you are half way to heaven, you have not lived until you have done something for someone who can never repay you. All those who have everything and given are blessed and all those who do not have anything yet have desire to give also blessed.

## St. Sebastian Villa, Mathikere

St. Sebastian Villa - Housing Project in Bangalore
Meant for economically backward
members of our Parish



## Assisi Villa, Machiplavu

Assisi Villa, Machiplavu - Our Parish funded construction and handed over to Kerala Flood Victims

# സെന്റ് സെബാസ്റ്റ്യൻ വില്ല


"എന്റെ ജനമായ ഇസ്രായേലിന് ഞാൻ ഒരു സ്ഥലം കൽപ്പിച്ചുകൊടുക്കും. അവർ ഇനിയും സുരക്ഷിതരായി സ്വന്തം സ്ഥലത്ത് പാർക്കേണ്ടതിന് ഞാൻ അവരെ നട്ടുപിടിപ്പിക്കും" (2 സാമുവൽ 7:11)

ഏതൊരു വ്യക്തിയുടേയും, കുടുംബത്തിന്റേയും ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്നാണ് സ്വന്തമായി ഒരു പാർപ്പിടം ഉണ്ടാവുകയെന്നത്. അതിനായുള്ള പ്രയജ്ഞത്തിലാണ് നമ്മിൽപലരും. ഇന്നു നാം അഭിമുഖീകരിക്കുന്ന വിലക്കയറ്റവും, ജോലിയില്ലാത്ത അവസ്ഥയും, ഭൂരിപക്ഷം ജനങ്ങളുടേയും വരുമാനത്തിൽ വലിയതോതിൽ കുറവുവരുത്തിയിട്ടുണ്ട്. എത്രത്തോളം ചിലവുകുറച്ചു ജീവിക്കാൻ ശ്രമിച്ചാലും, ചുരുക്കാൻ പറ്റാത്ത വീട്ടുവാടകയും, മക്കളുടെ വിദ്യാഭ്യാസചിലവും, മാതാപിതാക്കളുടെ പേടിസ്വപ്നമാണ്. മാസാവസാനമാകുമ്പോഴേക്കും, എങ്ങിനെ ഈ മാസത്തെവാടക കൊടുക്കും, ആരോടാണു കടം വാങ്ങുക, എന്ന ആധിയിലാണ് പല മാതാപിതാക്കളും. ഇതൊരു വല്ലാത്ത അവസ്ഥയാണെന്നുള്ളത് നമുക്കെല്ലാവർക്കും ഊഹിക്കാൻ സാധിക്കും.

നമ്മുടെ ഇടവകയിലും, മേൽപ്പറഞ്ഞ ചുറ്റുപാടുകളിൽ കഷ്ടപ്പെടുന്ന കുറച്ച് കുടുംബങ്ങളുണ്ട്. ഭക്ഷണത്തിനും, മരുന്നിനും, മറ്റുചിലവുകൾക്കുംപുറമെ, അവരെ ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നം വീട്ടുവാടകയാണ്. കിട്ടുന്ന ചെറിയ വരുമാനത്തിന്റെ, നല്ലൊരുഭാഗവും, ഈ ചിലവിലേക്കായി പോകുന്നതുകൊണ്ട്, ഇവരുടെ ജീവിതത്തിലെന്നും ദുരിതങ്ങൾമാത്രം. ദൈവമക്കളായ നമുക്ക് ഇത് നിസ്സംഗതയോടെ നോക്കിക്കാണാനാകില്ല. നമ്മുടെ സഹോദരങ്ങളുടെ കഷ്ടപ്പാടിൽ, നാമവരോടൊപ്പം നിൽക്കുകയും, അവർക്ക് തങ്ങളാലാവുംവിധം സഹായങ്ങൾ ചെയ്യാനുമാണ് ഈശോനാഥൻ നമ്മെ പഠിപ്പിച്ചത് (മത്താ.10:42). ഈ വഴി പിൻപ്പറ്റിയാണ്, ഇന്നേവരെ, നമ്മൾ പ്രവർത്തിച്ചിട്ടുള്ളത്. കേരളത്തിലെ പ്രളയദുരന്തബാധിതരെ നാം രണ്ടുതവണ അകമഴിഞ്ഞു സഹായിച്ചതും, അവർക്ക് വീടുവെച്ചുനൽകുവാൻ മുൻകയ്യെടുത്ത് പ്രവർത്തിച്ചതും, അതിനുദാഹരണങ്ങളാണ്.

നമ്മുടെ അടുത്ത ദൗത്യം, കുറച്ച് വീടുകൾ നിർമ്മിച്ച് മേൽപ്പറഞ്ഞ നമ്മുടെ സഹോദരങ്ങളെ, വളരെയേറെ കഷ്ടപ്പെടുന്നവരെ, അവിടെ താമസിപ്പിക്കുകയെന്നതാണ്. അതുമൂലം, അവരിന്നനുഭവിക്കുന്ന ദുരിതങ്ങളിൽനിന്നും, ദുഃഖങ്ങളിൽനിന്നും, ഒരു പരിധിവരെ അവരെ കരകയറ്റാൻ നമുക്ക് സാധിക്കും. ഈ ഉദ്ധ്യമത്തിന്റെ ആദ്യ ചുവടുവെപ്പായി നമ്മുടെ ഇടവകയിലെ ശ്രീ. പി.ജെ. തോമസ്, അദ്ദേഹത്തിനു സ്വന്തമായി പീനിയായിലുള്ള ഒരു ഇടം, ഇടവകയ്ക്ക് ദാനമായി നൽകിയിട്ടുള്ള വിവരം നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. അദ്ദേഹത്തിന്റെ മഹാമനസ്കതയ്ക്ക്, ദൈവം ആ കുടുംബത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടേയെന്നും പ്രാർത്ഥിക്കാം.

എല്ലാവരുടേയും സഹായസഹകരണങ്ങളോടെ, ഡിസംബർ മാസാദ്യത്തിൽത്തന്നെ, നമ്മുടെ ഭവനസമുച്ചയമായ "**St. Sebastian Villa**" യുടെ പണിയാരംഭിക്കുവാൻ സാധിച്ചു. ഒട്ടനവധി ഇടവകാംഗങ്ങൾ, ഇതിനോടകം സഹായങ്ങൾ നൽകുകയും, അവരുടെ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നും, എല്ലാവരുടേയും പ്രാർത്ഥനയും, സാമ്പത്തിക സഹായങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. നമ്മൾ പദ്ധതിയിട്ടിരിക്കുന്നതുപോലെ, 2020 ജൂൺമാസത്തോടെ, പണിപൂർത്തിയാക്കി, അർഹതപ്പെട്ടവർക്ക് നൽകുവാൻ സാധിക്കണേയെന്നു പിതാവായ ദൈവത്തോട് അപേക്ഷിക്കാം.





# Pause a Moment

Jessymol P.N.

Fatigued after a hectic day, I relaxed on my plush sofa momentarily drifting into a peaceful nap, when all of a sudden, I was stimulated by a short beep which I had set for my incoming messages. Slightly irritated, I glanced sheepishly at the screen; the pop-up message beckoned me to leaf through it. After intensive harkening to the four minute clip by father Kannanchira, that truly awakened my inner senses with my nap gone for a toss. I was upright reminiscent and remindful of who I am. Evaded by constant stream of wringer thoughts, I squirmed under the weight of the same.

Have we ever shown our gratitude to these priests who have sacrificed their family, friends, their kith and kin, and their vows of poverty, chastity and obedience in order to reach out to us? Have we ever thought of their vulnerable life in today's society? At every behest, we notch our forefinger of indictment for what is phenomenal in our surroundings; Aren't we?

A quick survey reveals that these vocations to the priesthood and religious life is greatly shrinking rather we [society and its attractions] are periphrastically suppressing an individual's desire to select a life of virtue and prayer, as we have shut our doors to the profession of priesthood.

My dear friends, have we ever tried to wipe their tears? Instead we were also one among the ones who threw stones at them, invariably joining hands with the media to jeer at them? They are there at our service for death, housewarming, marriage, birth etc., at every precious moments of our life.

Rebuilding the kingdom of God regardless of fathomless hours of duty, they are the missionaries of God! Full time servants of God! They preach, teach, expound and exert. Their pluralism; they are human beings; they need our prayers, our support, our friendship and our love.

The growing list of scandals and atrocities that seemed to have engulfed our community against the religious and non-religious as well seemed to have rocked our very religious foundation, yet the truth is that there are many innocent vulnerable priests around us who are falsely accused and bear the wrath of media. Many of our priests who silently bear the shame that belongs to somebody else. Innocent body frames under cassock!

We have thrown open the doors of our religious sanctity to the government and court to appease a few individual's covetousness. It's time, we need to raise our voice and stand united. The comment that I eventuate to read in newspaper recently "you guys may hate and degrade Jesus and Christianity, but... but I will die for him," should be an eye-opener to everyone of us.

Let us forgive our offenders who await our downfall seventy times seven times - A number that symbolizes Boundlessness. Meanwhile let's whisper into their [priests] ears "we are with you father; we love you for what you are!"

# YOU KEPT ME BREATHING

**Philipp K.J.**

I can fathom only a few yards Lord
Merely of your kindness and need more time
To look at all other virtues that God
You freely bestow from your lofty clime

I sigh and feel troubled aches at the core
Of my heart as I see the long spent years
Without knowing passing a playful tour
On earth I could have sought guidance of yours

Now the given time is almost spent Lord
Can I cover and catch up what I lost?
Can you show me ways that I might afford?
Run-view and tower your treasures almost

For Lord I know you love my everything
Even when I failed you kept me breathing

*In Fond Remembrance of*



DOB: 29.12.1968 DOD: 14.05.2019

# George Sajan

*"To those who by persistence in doing good seek glory, honor and immortality, He will give eternal life."*

*Romans 2:7*



# സഭയും സമർപ്പിതരും

സെലിൻ മരിയ ഫ്രാൻസിസ്

“കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു” (ലൂക്കാ 4:18).

‘അന്ധർക്കു’ കാഴ്ചയും ബന്ധിതർക്ക് മോചനവും നല്കാൻ അഭിഷേകം ചെയ്യപ്പെട്ട ക്രിസ്തുവിന്റെ പിൻതുടർച്ചക്കാരായ സമർപ്പിതർ സഭയാകുന്ന പൂങ്കാവനത്തിലെ പുണ്യപുഷ്പങ്ങളാണ്. സുഗന്ധ പൂരിതമായ പൂക്കൾ ഉദ്ധ്യാനത്തെ ഹൃദ്യമാക്കുന്നതുപോലെ, നന്മയുടെ, ത്യാഗത്തിന്റെ സ്നേഹത്തിന്റെ അമൂല്യ പുഷ്പങ്ങളായ സമർപ്പിതർ സഭയാകുന്ന ഉദ്ധ്യാനത്തെ സുഗന്ധ പൂരിതമാക്കുന്നു. പൂജയ്ക്ക് എടുക്കപ്പെടുന്ന പുണ്യപുഷ്പങ്ങൾ ഏറ്റവും വിശിഷ്ടമായിരിക്കുന്നതുപോലെ, സമർപ്പിതർ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട പുണ്യപുഷ്പങ്ങളാണ്. സഭയാകുന്ന ഉദ്ധ്യാനത്തിലെ അനവധി വർണ്ണാഭമായ പൂക്കളിൽനിന്നും, വേർതിരിക്കപ്പെട്ട വിശിഷ്ടമായ അതുല്യ പുഷ്പങ്ങളായ സമർപ്പിതർ, ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം സഭാതനയർക്ക് പ്രദാനം ചെയ്യുന്നു. ദൈവത്തെ ഹൃദയത്തിൽ സംവഹിക്കുന്ന സക്രാരികളായി, ദൈവീകസ്നേഹത്തിന്റെ സാന്ത്വനവും, സമാധാനവും പകരുന്ന ചാലുകളായി, സഭയെ പരിപോഷിപ്പിക്കാൻ നിയോഗിക്കപ്പെട്ട ശ്രേഷ്ഠജനങ്ങളാണ് സമർപ്പിതർ.

സാന്ദ്രമായ ഇരുട്ടിനെ പ്രകാശപൂരിതമാക്കുന്ന നക്ഷത്രങ്ങളെപ്പോലെ, അന്ധകാരത്തിലും നിരാശയിലും ഉഴലുന്ന, പാപത്തിന്റേയും, അധാർമ്മികതയുടേയും, തടവറയിൽ പിശാചിന്റെ അടിമത്വത്തിൽ കഴിയുന്നവർക്ക് മോചനം നല്കാൻ അഭിഷേകം ചെയ്യപ്പെട്ട സമർപ്പിതർ, സഭയുടെ സംരക്ഷകരാണ്. അവരിലൂടെ ദൈവത്തിന്റെ കാരുണ്യവും, സ്നേഹവും, സഭാതനയർക്ക് വ്യവസ്ഥയില്ലാതെ വർഷിക്കപ്പെടുന്നു. പരിത്യാഗത്തിന്റേയും സമർപ്പണത്തിന്റേയും, ജീവിതത്തിലൂടെ സ്വയം ബലിയർപ്പിക്കുന്ന, തങ്ങൾക്ക് ലഭിക്കുമായിരുന്ന എല്ലാവിധ സൗഭാഗ്യങ്ങളും സുഖഭോഗങ്ങളും ഉപേക്ഷിച്ചു, ഉടലിന്റെ മോഹങ്ങളും സ്വപ്നങ്ങളും മറന്ന് കൊണ്ട്, കത്തുന്ന മെഴുകുതിരി സ്വയം ഉരുകി നമുക്കായി പ്രകാശം പരത്തുന്നതുപോലെ, സമർപ്പിതർ സഭയ്ക്കായി സ്വയം സമർപ്പിക്കുന്നു. അതിർത്തിയിൽ രാജ്യത്തെ സംരക്ഷിക്കുവാൻ ജാഗ്രതാപൂർവ്വം നിലകൊള്ളുന്ന ധിരജവാന്മാരെപ്പോലെ, സഭയുടെ സംരക്ഷകരും പരിപാലകരുമായ സമർപ്പിതർ, ശത്രുവിന്റെ വെട്ടേറ്റ് പിടഞ്ഞ് വീഴുമ്പോൾ, സ്വന്തം ജീവിതം തന്നെ ബലി കൊടുക്കേണ്ടി വന്നേക്കാം. സഭയുടെ അമൂല്യനിധികളായ, വിശുദ്ധിയുടെ വിളനിലമായ സമർപ്പിതരുടെ, ജീവിതദൗത്യം നശിപ്പിക്കാൻ, ശത്രുവായ സാത്താൻ കിണഞ്ഞു ശ്രമിക്കുമ്പോൾ, സഭാതനയർ അവരുടെ പ്രാർത്ഥനയിലൂടേയും ത്യാഗത്തിലൂടേയും

അവർക്കുവേണ്ടി നിലകൊള്ളുവാൻ ബാധ്യസ്ഥരാണ്. സഭയെന്നാൽ നാമോരോരുത്തരും ഉൾപ്പെടുന്ന, അത്മായരും, സമർപ്പിതരും പരസ്പരം പരിരക്ഷിക്കുകയും, സ്നേഹിക്കുകയും, വളർത്തുകയും ചെയ്യേണ്ട ഒരു ഉദ്ധ്യാനം പോലെയാണ്. ദൈവം തന്റെ കൃപയും അനുഗ്രഹങ്ങളും പകരാൻ തിരഞ്ഞെടുത്ത പാത്രങ്ങൾ, സമർപ്പിതർ സഭയുടെ അമൂല്യനിക്ഷേപങ്ങളാണ്. അവരിലൂടെ ദൈവം തന്റെ സാന്നിദ്ധ്യം സഭയിൽ അനുഭവവേദ്യമാക്കുന്നു. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറിന്തോസ് 12:27).

സഭ ക്രിസ്തുവിന്റെ ഭൗതിക ശരീരമാണ്. ശിരസ്സായ ക്രിസ്തുവിനോട് യോജിച്ചുകൊണ്ട് സമർപ്പിതരും, അൽമായരും ചേർന്നു ഒരേ ശരീരമായി പരസ്പരം സ്നേഹിച്ചും സഹകരിച്ചും, ഭിന്നിപ്പില്ലാതെ തുല്യശ്രദ്ധയോടെ വ്യാപരിക്കുവാൻ ബാധ്യസ്ഥരാണ്. ഒരേ ശരീരത്തിലെ അവയവങ്ങളെപ്പോലെ, അന്യോന്യം നാം പ്രതിബദ്ധതയുള്ളവരായിരിക്കണം. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവും സന്തോഷിക്കുകയും, ഒരു അവയവം വേദനിപ്പിക്കപ്പെടുമ്പോൾ എല്ലാ അവയവും വേദന അനുഭവിക്കുകയും ചെയ്യുന്നത് പോലെ, സഭയിലെ എല്ലാവരും വർത്തിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

അനേകമനേകം രക്തസാക്ഷികളുടെ ചുടുനിണം വീണ് കുതിർന്ന മണ്ണിലാണ് സഭയുടെ വളർച്ച തുടർന്നു കൊണ്ടിരിക്കുന്നത്. ക്രിസ്തു തന്നെത്തന്നെ സുരഭില കാഴ്ചയായി, സ്വയം ശൂന്യവൽക്കരിച്ചുകൊണ്ട്, കാൽവരിക്കുരിശിൽ ബലി അർപ്പിച്ച് തന്നെ വീണ്ടെടുത്തത് പോലെ, ''ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിലാകട്ടെ'' എന്ന് പറഞ്ഞുകൊണ്ട് തന്റെ ജീവിതം ഒരു ബലിയായി പരി. അമ്മ സമർപ്പിച്ചതു പോലെ, സഭയിലൂടെ ഇന്നും തുടരുന്ന ബലിസമർപ്പണങ്ങളാണ് സമർപ്പിത ജീവിതം. സ്വന്തം ഇഷ്ടങ്ങളെ, ബലികൊടുക്കുവാൻ തയ്യാറായിക്കൊണ്ട്, ദൈവത്തിന്റെ ഇഷ്ടങ്ങളിൽ തന്നെത്തന്നെ സമർപ്പിക്കുന്ന വിശുദ്ധരിലൂടെ, ദൈവസ്നേഹം മനുഷ്യരിലേയ്ക്ക് വർഷിക്കപ്പെടുന്നു.

സഹനത്തിന്റെ ആൾരൂപമായ അൽഫോൻസാമ്മയും, കാരുണ്യത്തിന്റെ അമ്മയായ മദർ തെരേസയും, പ്രാർത്ഥനയിലൂടെ ലോകത്തെ ധന്യമാക്കിയ കൊച്ചുത്രേസ്യയും, എവുപ്രാസിയമ്മയും, വിശുദ്ധിയുടെയും, സമർപ്പണത്തിന്റെയും, പാതയിലൂടെ ചരിച്ച ചാവറപിതാവും, ഒക്കെ സഭയുടെ വളർച്ചയിൽ നിസ്തുലമായ പങ്ക് വഹിക്കുന്ന ഉദാത്ത ജന്മങ്ങളാണ്. സ്വർഗ്ഗം നെഞ്ചിലേറ്റിയ വിശുദ്ധ ജന്മങ്ങളായ ഇവരൊക്കെ, നമുക്ക് മാതൃകയും പ്രചോദനവുമായി ഇന്നും നമ്മുടെ മനസ്സുകളിൽ ജീവിക്കുന്നു. സമ്പത്തിന്റേയും, സൗഭാഗ്യങ്ങളുടേയും ലോകത്തെ, തൃണവൽക്കരിച്ച്, പ്രലോഭനങ്ങളുടെ മാസ്മരിക വശ്യതകളിൽ നിന്നും വഴുതിമാറി, ദൈവത്തെ ഹൃദയത്തിൽ സംവഹിച്ചുകൊണ്ട് ലോകത്തെ ധന്യമാക്കിയ സമർപ്പിതർ എന്നും സഭയുടെ ശക്തിശ്രോതസ്സുകളായി നിലകൊള്ളുന്നു. ദൈവത്തിനും മനുഷ്യർക്കുമിടയിൽ മാദ്ധ്യസ്ഥം വഹിക്കുന്ന പരിശുദ്ധ അമ്മയെപ്പോലെ, കാനായിൽ കല്യാണവിരുന്നിൽ, അവൻ പറയുന്നതു പോലെ ചെയ്യുവാൻ പരിചാരകരോട് ആവശ്യപ്പെട്ട്, മകനോട് അവർക്കുവേണ്ടി അപേക്ഷിച്ചതുപോലെ, ജനങ്ങൾക്കുവേണ്ടി കൈകൾ ഉയർത്തി പ്രാർത്ഥിച്ച പഴയനിയമത്തിലെ മോശയെപ്പോലെ, ജനത്തോട് കാരുണ്യം കാണിക്കാൻ ദൈവത്തോട് കേണപേക്ഷിച്ച അബ്രാഹത്തെപ്പോലെ, നമ്മെ, സഭാമക്കളെ വളർത്താനും തിരുത്താനും പ്രബോധിപ്പിക്കാനും നിയോഗിക്കപ്പെട്ട അഭിഷിക്തരായ സമർപ്പിതർ, സഭയുടെ സംരക്ഷകരായി ഉദാത്തമായ ദൗത്യം നിർവഹിക്കുമ്പോൾ, ശ്രേഷ്ഠമായ പൗരോഹിത്യത്തിന്റെ മഹനീയമുദ്ര ഹൃദയത്തിൽ പതിപ്പിച്ചിരിക്കുന്ന ദൈവത്തെ പ്രതിഫലിപ്പിക്കുന്ന ദർപ്പണമായ സമർപ്പിതർ, സാത്താന്റെ കുടില തന്ത്രങ്ങൾക്ക് വശംവദരാകാതിരിക്കാനും, അവർ കൂടുതൽ ശക്തിപ്പെടാനുമായി, തങ്ങളുടെ പ്രാർത്ഥനയിലൂടേയും, പരിത്യാഗങ്ങളിലൂടേയും, സഭയിലെ ഇതര മക്കൾ ജാഗ്രതയുള്ളവരായിരിക്കണം. (എഫേസൂസ് 6:14-18) ദുഷ്ടന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുന്ന വിശ്വാസത്തിന്റെ പരിച ധരിച്ച്, ദൈവവചനമാകുന്ന വാൾ എടുത്ത് ദൈവത്തിന്റെ സ്ഥാനപതികളായ സമർപ്പിതർക്ക് വേണ്ടി നിരന്തരം നാം പ്രാർത്ഥനാനിരതരായിരിക്കണം.

The Light of God - surround us.
The Love of God - enfold us.
The Power of God - protect us.
The Presence of God - watch over us.
The Mind of God - guide us.
The Law of God - direct us.
Wherever we are - God,
be our strength and harbor.

# CHILDREN'S CORNER



Fiona Vinoth Std. VI



Godwin Std. VI




Nayana Paul Std.VIII



Sanya Paul Std. V




Sarah Paul Std. VII



Shadrach Muller Std. VII

# CHILDREN'S CORNER




AISHWARYA JOY Std. XI



IAN DIJO MANAVALAN Std. 1



ANNA THERESA Std. VIII




SADHIKA PAUL Std. IV



AMEYA ROSE Std. VII



AISHWARYA JOY Std. XI

CHILDREN'S CORNER



Alphiya Maria Std. IV




Jaden K. John, Std. X



Samantha Santosh Std. V




Nayana Paul Std. VIII




Sadhika Paul Std. IV



# അമ്മതൻ സ്നേഹം

ചാരത്തണയും തനയരെയെല്ലാം
മാറോടണക്കുന്നൊരമ്മേ
സുതരുടെ യാതന നിൻപുത്രസന്നിധേ
കാഴ്ചയായർപ്പിക്കുമമ്മേ
ലാളിത്യമകുടമായ് നിൻപുത്രജനനവും
സഹനത്തിൻ പൂർത്തിയായ് നിൻപുത്രമരണവും
എനിക്കായ് ത്യജിച്ചൊരു ദൈവ ചൈതന്യവും
ചിന്തിയ രക്തവും കൈവിട്ട പ്രാണനും
നെഞ്ചു പിളർന്നിട്ടും വിട്ടുകൊടുത്തു നീ
ലോകപാപത്തിനു ബലിയായ് പുത്രനെ
ഓർക്കുന്നു അമ്മേ നിൻ കരുണാർദ്ര സ്നേഹം
നീറുന്നു ഞാനിതാ നിൻ സ്നേഹാഗ്നിയിൽ

**ഷാന്റി ജേക്കബ്**

## Congratulations & Best Wishes



*Alaina Paul*
*Karnataka State Champion in Swimming Meet 2019*



*Greeshma V.S.*
*Logos Quiz Level-C Diocese Level 2nd Rank*




*C.P.L. Dass*
*Karnataka State Masters Athletic Champion*



# ആധുനിക ലോകമേ സമർപ്പിതരെ കാണുക.

ജോർജ്ജ് പി. ജെ.

ദൈവത്തിൽ അടിസ്ഥാനമുറപ്പിച്ച് യേശുവിൽ വിശ്വസിക്കുന്ന കുടുംബങ്ങളെ കൂട്ടിയിണക്കി, യേശുവിനോടു ചേർന്ന് നിൽക്കുന്ന ഒരു ലോകസമൂഹമാണ് പരിശുദ്ധ കത്തോലിക്ക സഭ.

സഭയും സമർപ്പണജീവിതവും സമൂഹത്തിനിടയിൽ വലിയ ചർച്ചാവിഷയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് വിശ്വാസ സമൂഹം കടന്ന് പോകുന്നത്. കോടിക്കണക്കിനുള്ള സഭാ വിശ്വാസികളിലോ, ലക്ഷകണക്കിനുള്ള സമർപ്പിതരിലോ, ഏതെങ്കിലും ഒരു നിമിഷത്തിൽ, മാനുഷികമായ ബലഹീനതയിൽ സംഭവിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ, പർവ്വതീകരിച്ച്, വാർത്താപത്രമാദ്ധ്യമങ്ങളും മറ്റു സംവിധാനങ്ങളും അവരുടെ യുക്തിക്ക് ചേരുംവിധം വാർത്തകൾ സൃഷ്ടിക്കുന്നു. മറ്റ് മതസ്ഥരേയും, അല്പവിശ്വാസികളേയും തെറ്റിദ്ധരിപ്പിക്കുന്ന നുണപ്രചരണങ്ങളും, സത്യത്തിന്റെ അംശംപോലുമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് അപമാനിച്ചും, സഭയ്ക്കും സമർപ്പിതർക്കും എതിരായി കച്ചവടലാക്കോടെ, നിരീശ്വരവാദികളേയും, സഭയിൽനിന്ന് പുറത്ത് പോയവരേയും, സംഘടിപ്പിച്ച് ചാനൽ ചർച്ചകൾ നിരന്തരം നടത്തുന്നു. എന്നാൽ സഭയും സമർപ്പിതരും ഇതിന്റെയെല്ലാം സത്യാവസ്ഥ അറിയുന്നവരായതിനാൽ, ഇതുകൊണ്ടൊന്നും സഭയേയും സമർപ്പിതരേയും തളർത്താൻ കഴിയില്ലന്ന് കാലം തെളിയിച്ച് കഴിഞ്ഞു. യേശുവും നാമും ചേരുന്നതാണ് സഭയെന്ന് എല്ലാവരും മനസിലാക്കട്ടെ. വി. മത്തായി 16:18 ൽ ''നീ പത്രോസാണ് ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും''. ഇന്നും വി.പത്രോസാകുന്ന പാറമേൽ ഉറച്ച് തന്നെയാണ് സഭ പ്രവർത്തിക്കുന്നത്.

സമർപ്പിത ജീവിതത്തെപ്പറ്റി എല്ലാ സഭാവിശ്വാസികൾക്കും അറിവുള്ളതാണ്. എല്ലാവരും അവരവർക്ക് വേണ്ടി ജീവിക്കുന്ന ഈ കാലത്ത് മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്ന കുറെ ജീവിതങ്ങൾ. അഴകും, സമ്പത്തും, വ്യക്തിപ്രതാഭവും, സ്വാതന്ത്ര്യവും, ഏറ്റവും വലുതാണെന്ന് ചിന്തിക്കുന്ന ലോകത്ത്, സ്വന്തമായി ഉള്ളതെല്ലാം വേണ്ടന്ന് വെച്ച്, മറ്റുള്ളവർക്ക് വേണ്ടിജീവിക്കുന്ന ഈ പുണ്യജീവിതങ്ങളെ ഹൃദയപൂർവ്വം ഒന്ന് ധ്യാനിക്കാം.

സമർപ്പിതജീവിതം, അത് ആഗ്രഹിക്കുന്ന എല്ലാവർക്കും സാധ്യമാകില്ല. അത് ആഗ്രഹിക്കുന്നവർ ആദ്യാവസാനം വരെ ഉന്നതമായ ജീവിതദർശനം ഉള്ളിൽ ജ്വലിപ്പിച്ച് നിർത്തുന്നവരായിരിക്കും.

സമർപ്പിത ജീവിതം മറ്റുള്ളവർ പ്രചരിപ്പിക്കുന്നതുപോലെ അടിമത്തമല്ല നൽകുന്നത്, മറിച്ച് ദൈവം അംഗീകരിച്ച പ്രത്യേകവരം ലഭിച്ചവരുടെ അനുഗ്രഹീതമായ ജീവിതശൈലിയാണ്. ദൈവീകമായ സ്വാതന്ത്ര്യത്തിലേക്ക് പരിപൂർണ്ണമായ ആത്മവിശ്വാസത്തോടെ പ്രവേശിക്കുക, അത് ആന്തരികമായ സ്വാതന്ത്ര്യത്തിന്റെ ആനന്ദത്തിലേക്കുള്ള വാതായനങ്ങളാണു തുറന്നിടുന്നത്.


പ്രായപൂർത്തിയായി, കുറേയധികം വർഷത്തെ പഠിപ്പും, പരിശീലനവും, അറിവും നേടിയാണ് ഓരോ സന്യസ്തരും നിത്യവ്രതം എടുക്കുന്നത്, ആരുടേയും നിർബന്ധത്തിന് വഴങ്ങിയല്ല. സ്വയം എടുത്ത ഉറച്ച തീരുമാനത്താലും, ശക്തമായ ദൈവവിശ്വാസത്താലും എടുക്കുന്ന ഉചിതമായ തീരുമാനമാണത്.

യോഹ.8:12ൽ ''ഞാൻ ഈ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുകയില്ല''."യേശു ഈ ലോകത്തിന് മുഴുവൻ വെളിച്ചം നൽകാൻ ശേഷിയുള്ള വിളക്കാണ്, അതിലെ പ്രകാശം ചൊരിയുന്ന വചനത്താൽ കത്തിജ്വലിക്കുന്ന തിരികളാണ് സന്യസ്തർ. അവർ ഈ ലോകത്ത് നിന്ന് പോയതിന് ശേഷവും അവർ പകർന്നുതന്ന വെളിച്ചം ഇന്നും മാനവരിൽ പ്രശോഭിക്കുന്നു. വിശുദ്ധരായി അവരെ വണങ്ങുന്നു. ജീവിതക്ലേശങ്ങൾ പ്രാർത്ഥനാരൂപത്തിൽ അവരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

ദൈവത്തിന്റെ കൂടാരത്തിൽ വസിക്കുന്ന കത്തോലിക്കാ ക്കുടുംബങ്ങൾ സഭയും സമർപ്പിതരും നേരിടുന്ന എല്ലാ പ്രതിസന്ധികളിലും അവരോടു ചേർന്ന് നിൽക്കണം .സമർപ്പിതർക്ക് തുണയായി, അപ്പനായും, അമ്മയായും, സഹോദരീ സഹോദരങ്ങളായും, അവരെ ഹൃദയപൂർവ്വം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യാം. "''വിളവ് അധികം, വേലക്കാരോ ചുരുക്കം''," നമുക്കെല്ലാവർക്കും വിളവിന് അനുസരിച്ച് വേലക്കാരെ തരണേയെന്ന് വിളവിന്റെ നാഥനോട് പ്രാർത്ഥിക്കാം.

**"DO NOT TOUCH MY ANOINTED ONES, AND DO MY PROPHETS NO HARM."**

**PSALM 105:15**





# പിതാവിലുള്ള നമ്മുടെ വിശ്വാസം....

കെ. ജെ. പോൾ

നാമെല്ലാവരും പിതാവായ ദൈവത്തിന്റെ സ്വന്തം മക്കളാണ്. അവിടുത്തെ പരിപാലനയിലും, സ്നേഹത്തിലും, കരുതലിലും, സംരക്ഷണയിലുമാണ് നാമോരോരുത്തരുടേയും മുന്നോട്ടുള്ള ജീവിതമെന്ന തിരിച്ചറിവ് നമ്മളിൽ പലർക്കും ഇന്നില്ല എന്ന് ആരെങ്കിലും സൂചിപ്പിക്കുകയാണെങ്കിൽ അത് ഒരു പരിധിവരെ ശരിയാണെന്ന് നമുക്ക് സമ്മതിക്കേണ്ടിവരും. നമ്മുടെ പ്രവർത്തികളിലും, ചിന്തകളിലും, മറ്റെവിടെയൊക്കെയോ ഈ പ്രവണത പ്രകടമാവുന്നില്ലേ എന്ന് നമുക്കു തന്നെ ഒരു വിചിന്തനം നടത്താം. വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിക്കല്ലെന്നുള്ളതിൽ നമുക്കാർക്കും അശേഷം സംശയമില്ല. നാമെല്ലാവരേയും ഒന്നായി കൂട്ടിയുറപ്പിച്ചു ഒരേ ദിശയിൽ ക്രിസ്തുവിലേക്കു നയിക്കുന്നതും, അവിടുത്തെ പാത പിന്തുടരുവാൻ പ്രേരിപ്പിക്കുന്നതും ഈ വിശ്വാസമാണ്.

നമ്മുടെ പിതാവ് നമ്മെ എത്ര മാത്രം സ്നേഹിക്കുന്നുവെന്ന് നാം തിരിച്ചറിയണം. നമ്മുടെ പൂർവ്വ പിതാക്കളായ ആദവും ഹൗവ്വായും അവിടുത്തേക്കെതിരായി പ്രവർത്തിച്ചതിന്റെ ഫലമായി അവർക്കു പിതാവിന്റെ സ്നേഹം നഷ്ടപ്പെട്ടു, പിതാവിന്റെ സാമീപ്യം അപ്രാപ്യമായി. എന്നിരുന്നാലും, മനുഷ്യരക്ഷക്കും, അവരുടെ മോചനത്തിനു വേണ്ടിയും, എല്ലാം മറന്ന് നമ്മുടെ സ്വന്തം പിതാവ്, അവിടുത്തെ വത്സലപുത്രനെ നമുക്കായി, നമ്മുടെയിടയിലേക്കയച്ചു. അങ്ങനെ നമ്മുടെയിടയിലേക്കിറങ്ങിവന്ന മിശിഹാ, നമ്മുടെ കൂടെ ജീവിച്ചു, നമ്മുടെ ജീവിതസാഹചര്യങ്ങൾ കണ്ടറിഞ്ഞ് നാമോരോരുത്തരേയും പ്രാപ്തരാക്കി, എങ്ങിനെ ജീവിക്കണമെന്ന് നമ്മെ പഠിപ്പിച്ചു, തന്റെ പിതാവിന്റെ ആഗ്രഹമെന്താണെന്നും, പിതാവിലേക്കെത്തിച്ചേരാനുള്ള വഴിയെന്താണെന്നും നമുക്ക് അവിടുന്ന് കാണിച്ചുതന്നു. ഒടുവിൽ നമ്മുടെ പാപഭാരങ്ങളെല്ലാം സ്വയം ഏറ്റെടുത്ത്, അതിക്രൂരമായ പീഡനങ്ങളും സഹിച്ച്, നമുക്കായി ക്രൂശിക്കപ്പെട്ടു. ഇതിൽ നിന്നെല്ലാം നമ്മൾ മനസ്സിലാക്കേണ്ട സത്യത്തിന് ഇനിയും വിശദീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു! എത്രമാത്രം സംരക്ഷിക്കുന്നു! നമ്മോടുള്ള അവിടുത്തെ സ്നേഹം അനന്തമാണ്. എന്നാൽ നമ്മൾ ദൈവത്തെ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നും, ഓർക്കുന്നുണ്ടെന്നും എപ്പോഴെങ്കിലും ചിന്തിച്ചുനോക്കിയിട്ടുണ്ടോ?

ഒരു നല്ല ക്രിസ്ത്യാനി ക്രിസ്തുവിന്റെ അനുയായിയാണ്. ക്രിസ്തീയ വിശ്വാസങ്ങൾ മുറുകെപ്പിടിച്ചു ജീവിക്കുകയും, മറ്റുള്ളവർക്കു മാതൃകയും, പ്രചോദനവും ആകേണ്ട വ്യക്തിയാണ്. കുടുംബത്തേയും, സമൂഹത്തേയും ദൈവത്തിലേക്കടുപ്പിക്കുവാൻ സ്വന്തം ജീവിതചര്യകൊണ്ടും, പ്രവർത്തികൊണ്ടും പരിശ്രമിക്കേണ്ട വ്യക്തിയാണ്. ഈ അവസരത്തിൽ, നാമോരോരുത്തരും ഒരു നല്ല ക്രിസ്ത്യാനിയാണോ എന്ന ചോദ്യത്തിന് വളരെ പ്രസക്തിയുണ്ട്. ഞായറാഴ്ചകളിൽ പള്ളിയിൽ പോകുന്നുണ്ട്, പ്രാർത്ഥനകളിൽ പങ്കുചേരുന്നുണ്ട്,

ആവശ്യത്തിന് ദാനധർമ്മങ്ങൾ ചെയ്യുന്നുണ്ട്, മറ്റു ചില പുണ്യ പ്രവർത്തികളിൽ അഥവാ കാരുണ്യ പ്രവർത്തികളിൽ പങ്കാളികളാകുന്നുണ്ട് എന്നിങ്ങനെ പോകുന്നു ന്യായീകരണങ്ങൾ. അതോടെ എല്ലാം പൂർണ്ണമായെന്നു നമ്മളെല്ലാവരും ധരിച്ചിട്ടുണ്ടാവും. തീർച്ചയായും, നമ്മുടെ ആ പ്രവർത്തികളെല്ലാം തീർത്തും പ്രശംസനീയവും ദൈവതിരുമുമ്പിൽ വിലപ്പെട്ടതുമാണ്. എന്നാൽ യഥാർത്ഥത്തിൽ, ദൈവത്തിലുള്ള നമ്മുടെ വിശ്വാസം എത്ര തീവ്രതയുള്ളതാണെന്നു നമുക്ക് പറയാൻ കഴിയുമോ? നമ്മിൽ എത്രപേർ പൂർണ്ണമായും ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് അവിടുത്തെ ഹിതത്തിനനുസൃതമായി മുന്നോട്ടുപോകുന്നുണ്ട്? അവിടുന്ന് അറിയാതെ ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കില്ലെന്ന വിശ്വാസം എത്രപേർക്കുണ്ട്? ഇവിടെയാണ് നമ്മൾ കൂടുതലായി ചിന്തിക്കേണ്ടി വരുന്ന നിമിഷങ്ങൾ. നമ്മുടെ വിശ്വാസത്തിന്റെ തീവ്രത അനേകാവസരങ്ങളിൽ നമുക്കു തന്നെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഉദാഹരണത്തിന്, നമുക്കോ, നമ്മുടെ കുടുംബാംഗങ്ങൾക്കോ, മറ്റു അടുത്ത ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ എന്തെങ്കിലും കഷ്ടപ്പാടുകളോ, അത്യാഹിതങ്ങളോ സംഭവിക്കുകയാണെങ്കിൽ, ഉടൻതന്നെ നമ്മുടെ വിശ്വാസം അതിന്റെ ഉച്ചസ്ഥായിയിലെത്തുന്നത് അനുഭവിച്ചറിയാൻ കഴിയുന്ന സത്യമാണ്. എത്രമാത്രം പ്രാർത്ഥനകളും, നേർച്ചകളും, യാതനകളുമാണ് നമ്മൾ ആ സമയത്തു ദൈവത്തിങ്കലേക്കർപ്പിക്കുന്നത്! മറ്റെല്ലാ പ്രതീക്ഷകളും വഴിമുട്ടി നിൽക്കുമ്പോൾ ദൈവം മാത്രമാണ് രക്ഷയെന്നു തോന്നുന്ന നിമിഷങ്ങൾ, തിരിച്ചറിവ്. പിന്നീട്, അവിടുത്തെ മാത്രം മനസ്സിൽ പ്രതിഷ്ഠിച്ച്, പൂർണ്ണമായി വിശ്വസിച്ച്, ആശ്രയിച്ച്, നിറമനസ്സോടും ഭക്തിയോടും കൂടെ എല്ലാം അവിടുത്തെ  കൈകളിലേക്ക് ഏൽപ്പിക്കപ്പെടുന്ന, സമർപ്പിക്കപ്പെടുന്ന വിശ്വാസം!

സാധാരണയായി നമുക്കുള്ള വിശ്വാസത്തിനും, മേൽപറഞ്ഞ അവസരങ്ങളിൽ അതിന്റെ വ്യത്യസ്തതക്കും കാരണമെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. നമ്മളിൽ പലരും അങ്ങിനെയുള്ള പല സാഹചര്യങ്ങളിലൂടെ കടന്നുപോയവരുമായിരിക്കാം. സ്വന്തം ജീവനും, താൻ ജീവനുതുല്യം സ്നേഹിക്കുന്നവരുടെ ജീവിതവും എല്ലാവർക്കും എന്നും പ്രിയപ്പെട്ടതാണ്. അതിനാൽ അത്തരമവസരങ്ങളിൽ വിശ്വാസത്തിന്റേയും, പ്രാർത്ഥനയുടേയും കാഠിന്യവും ആഴവും കൂടുമെന്നതിൽ സംശയമില്ല. മേൽപറഞ്ഞ ഉദാഹരണത്തിലൂടെ ഒരു ആത്മപരിശോധന നടത്തുകയാണെന്നുള്ളതാണ് ലക്ഷ്യം. അതായത്, നമ്മുടെ അനുദിന ജീവിതത്തിൽ, ഒരു സാധാരണ ദിവസം, പ്രശ്നങ്ങൾ ഒന്നുമില്ലാത്ത, എല്ലാം വളരെ ഭംഗിയായി കടന്നുപോയിക്കൊണ്ടിരിക്കുന്ന ഒരു ദിവസം, അങ്ങനെയുള്ള ഒരു ദിവസം നമ്മൾ ദൈവത്തെ ഓർക്കാറുണ്ടോ? ഉണ്ടെങ്കിൽ എത്ര സ്നേഹത്തോടെ? എത്ര ഭക്തിയോടെ? എത്ര സമയം ദൈവത്തിനായി നമ്മുടെ പക്കലുണ്ട്? അതും ഏതെങ്കിലും പ്രധാന ജോലിക്കിടയിലുള്ള ഇടവേളയോ?  അഥവാ തിരക്കേറിയ ഫോൺവിളികളുടെ ഇടയിലുള്ള സമയമോ? നമ്മൾ എത്രത്തോളം ദൈവത്തെ അറിയുന്നുണ്ടെന്ന് സ്വയം വിലയിരുത്തുമ്പോൾ നമുക്ക് നമ്മുടെ കുറവുകൾ, വിശ്വാസ പരിമിതികൾ ഗ്രഹിക്കുവാൻ കഴിയും. നമ്മളെല്ലാവരും മനുഷ്യരാണ്. എല്ലാ മാനുഷിക ചാപല്യങ്ങൾക്കും നാം അടിമകളുമാണ്. എന്നാൽ നമ്മുടെ പിതാവായ ദൈവത്തെ കൂടുതൽ അടുത്തറിയുകയും, അവിടുത്തെ കൃപക്കായി നിത്യേന പ്രാർത്ഥിക്കുകയും, അവിടുന്നല്ലാതെ മറ്റൊരു ദൈവം നമുക്കില്ലെന്ന പൂർണ്ണ വിശ്വാസവും, പ്രതീക്ഷയും നമുക്കുണ്ടെങ്കിൽ ഈ മാനുഷിക ചാപല്യങ്ങളിൽ നിന്നും മുക്തി നേടുന്നത് വളരെ നിസ്സാരമായ ഒരു കാര്യമാണ്.

നമ്മുടെ പിതാവിനോടുള്ള സ്നേഹം നമ്മൾ പ്രകടമാക്കേണ്ടത് നമ്മുടെ അനുദിന വിശ്വാസജീവിതത്തിലൂടേയാണ്. ഓരോ ദിവസമാരംഭിക്കുമ്പോഴും, ദിവസമധ്യത്തിലും, അല്ലെങ്കിൽ ദിവസാവസാനത്തിലും, അത് ഒരു നല്ല ദിവസമായിരുന്നുവെങ്കിലും അഥവാ കഷ്ടതകൾ നിറഞ്ഞ ദിവസമായിരുന്നുവെങ്കിൽപ്പോലും, ദൈവത്തെ വണങ്ങി അവിടുന്നിൽ വിശ്വാസമർപ്പിച്ചു കർമ്മനിരതനാവുക. നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിയിലും പിതാവിനോടുള്ള സ്നേഹവും, വിശ്വാസവും ഉൾക്കൊണ്ടിരിക്കാൻ ശ്രമിക്കണം. ദൈവത്തിന്റെ മക്കളായ നമുക്ക് മറ്റുള്ളവരെ നോവിക്കാതെ എന്നും എല്ലാവർക്കും നല്ലതുമാത്രം പ്രവർത്തിക്കാനും, നല്ലതുമാത്രം ചിന്തിക്കുവാനുമുള്ള അനുഗ്രഹം തരണമെന്ന് ദിനംതോറും പ്രാർത്ഥിക്കാം. പാവങ്ങളേയും, അശരണരേയും നമ്മുടെ ശക്തിക്കുമേൽ സഹായിക്കാൻ ശ്രമിക്കാം. ദിവ്യബലിയാണ്  നമ്മെ ഏറ്റവും കൂടുതൽ ദൈവത്തിലേക്കടുപ്പിക്കുന്ന ശക്തി. നമ്മളിൽ പലരും ദിവ്യബലിയിൽ ശ്രദ്ധ ചെലുത്താതെ വെറുമൊരു കടപ്പാടിനെന്നോണം ദൈവതിരുമുമ്പിൽ നിൽക്കുന്നത് ദുഃഖകരമാണ്. നാമെല്ലാവരും കൂടുതൽ ആർദ്രദയോടെ, ഭക്തിയോടെ, വിശ്വാസത്തോടെ പിതാവിന്റെ സ്നേഹത്തിനായി, കരുണക്കായ്, അവിടുത്തെ കരങ്ങളിൽ  നമ്മെ സമർപ്പിക്കണം. കാരുണ്യവാനായ പിതാവ് നമ്മെ ഒരിക്കലും കൈവിടുകയില്ല.


Idaya Sandharshanam


Annual Retreat


Annual Retreat


Flag Hoisting of Parish Feast


St. Sebastian's Feast


St. Joseph Feast



Catechism Annual Day


Malayattoor Pilgrimage



Medical Camp by Pithruvedi


Good Friday


Maundy Thursday


St. Thomas Feast Rasa


Easter


First Holy Communion


Oath - Trustees


Blessing of Assisi Villa


Vidyarambam


Shivajinagar Pilgrimage


Parish Day


Parish Day




Natalis Christi


Inter Ward Carol Competition
1st Francis Assisi Ward


Inter Ward Carol Competition, 2nd Alphonsa Ward


Inter Ward Carol Competition, 3rd St Mary's Ward

# BAPTIZED IN THE CHURCH

| | | | |
|---|---|---|---|
| Elizabeth | 03-03-2019 | Joseph | 01-06-2019 |
| Jose | 22-04-2019 | Nathan | 07-07-2019 |
| Rita | 05-05-2019 | Paul | 10-08-2019 |
| Rosa | 18-05-2019 | | |


Happy Married Life
Praying your years together
are full of love, joy and blessings.
Clement
&
Jinu


Happy Married Life
Kristo Francis
with
Neha Paul
6th January 2019
Best Wishes
URBAN FACTORY
Puthuvype / Parappur



# കുട്ടികൾ ഇന്നിന്റെ സുവിശേഷകർ.....



വത്സല ജെറോം

രക്തദാഹികളേയും, മാംസദാഹികളേയും നിശബ്ദരാക്കാൻ വിളിക്കപ്പെട്ടവർ (സങ്കീർത്തനം 18:12), യേശുവിനെപ്പോലെ ബാല്യത്തിൽത്തന്നെ ദൈവകാര്യങ്ങളിൽ വ്യാപരിക്കേണ്ടവർ (ലൂക്കാ 2:52), യോഹന്നാനെപ്പോലെ കുട്ടിക്കാലത്തു തന്നെ ആത്മാവിനാൽ ശക്തിപ്പെടേണ്ടവർ (ലൂക്കാ 1:15), ദാനിയേലിനെപ്പോലെ തിന്മയ്ക്കെതിരെ ഉണരേണ്ടവർ (ദാനി 13:45), ജോസഫിനേപ്പോലെ നാളെ സംഭവിക്കേണ്ടതിനെക്കുറിച്ച് ദർശനവും ദൗത്യബോധവും ഉണ്ടായിരിക്കേണ്ടവർ (ഉൽ. 37), തനിക്ക് സ്വന്തമായിരുന്ന അഞ്ച് അപ്പവും, രണ്ടുമീനും പങ്കുവച്ച ബാലനെപ്പോലെ, തന്റെ പക്കലുള്ളത് ദൈവമഹത്വത്തിനായി പങ്കു വയ്ക്കേണ്ടവർ (യോഹ 6:9), അടിമപ്പെൺക്കുട്ടി ആയിരിക്കെ, നാമാനേയും അതുവഴി സിറിയ മുഴുവനും ദൈവത്തെ അറിയാൻ ഇടയാക്കിയ പെൺകുട്ടിയേപ്പോലെ, ദേശങ്ങളിൽ ദൈവത്തെ പങ്കുവയ്ക്കാൻ ഉപകരണമാകേണ്ടവർ...

ഇന്നും സുവിശേഷവൽക്കരണത്തിന് ഇന്നലേകളിലെന്നപോലെ കുട്ടികളുടെ പ്രവർത്തനം അനിവാര്യമാണ്. ഡോക്ടറാക്കാനും, എഞ്ചിനീയറാക്കാനും, സാധ്യത കാണുന്ന മാതാപിതാക്കളും, അദ്ധ്യാപകരും സുവിശേഷകന്റെ സാധ്യത കുഞ്ഞുങ്ങളിൽ കണ്ട് നയിക്കാൻ ബാധ്യസ്തരാണ്.

നമ്മുടെ മക്കളെ മറ്റുപലരും കൊയ്തെടുക്കുന്നതിന് മുൻപ്, നമ്മളറിയാതെ വഴുതിപ്പോകുന്നതിന് മുൻപ്, അവർക്കുവേണ്ടി പദ്ധതിയൊരുക്കി, രൂപപ്പെടുത്തി, അവനുവേണ്ടി സമർപ്പിക്കാം. 'മക്കളെയോർത്ത് കരയുവിൻ എന്ന് ആഹ്വാനം ചെയ്ത യേശുവിന്റെ മുൻപിൽ, ലോകം മുഴുവനുമുള്ള എല്ലാകുട്ടികളുടേയും ആത്മരക്ഷയ്ക്കായി കണ്ണുനീരോടെ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

# എന്റെ ഇടവക ദേവാലയം



എന്റെ സ്വന്തം കുടുംബമാണ് എന്റെ ഇടവക ദേവാലയം. ഇത് കേവലം പ്രാർത്ഥനയ്ക്കുള്ള ഒരു ഇടമല്ല. ഇടയനായ ഈശോയുടെ ഇടമാണ്.

ജനനം മുതൽ മരണംവരെ ഈ ഭവനം എന്നെ സ്നേഹപൂർവ്വം പരിരക്ഷിക്കുന്നു. മാമ്മോദീസായിൽ ഞാൻ എത്ര ആഘോഷപൂർവ്വമാണ് ഇവിടെ സ്വീകരിക്കപ്പെട്ടത്. മരണത്തിലൂടെ ലോകത്തോട് വിടപറയുമ്പോഴും എത്ര ആദരവോടെയാണ് ഈ ഭവനം എന്നെ യാത്രയാക്കുന്നത്... ഈയൊരു ആത്മീയബന്ധം എനിക്ക് ഇടവക ദേവാലയത്തോടുണ്ടോ?

ഇത് എന്റെ സ്വന്തം വീടാണെന്ന് തിരിച്ചറിയാം... ആകുലതകളിൽ മാത്രമല്ല ആഘോഷങ്ങളിലും ഞാൻ ഈ ഭവനത്തെ ഓർമ്മിക്കും. തിരുഹിതമറിയാൻ വിശുദ്ധഗ്രന്ഥം, നേർവഴിക്കാട്ടാൻ പൗരോഹിത്യം, ശക്തിപകരാൻ വിശുദ്ധ കുർബാന, അനുരഞ്ജനത്തിന് കുമ്പസാരം, മുറിവുണക്കാൻ രോഗീലേപനം, കൂട്ടായ്മയാകാൻ വിവാഹം ... എന്തെന്തു സൗകര്യങ്ങൾ ഇടവകപ്പള്ളി എനിയ്ക്കായ് ഒരുക്കുന്നു.

സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാപള്ളി എന്റെ സ്വന്തം ഭവനമാണ്....

വിശ്വാസത്തിൽ എന്നെ രൂപപ്പെടുത്തുന്ന ഈ ആത്മീയ ഭവനത്തെ ഞാൻ എന്നും സ്നേഹിക്കും.

# ഇടവക വാർത്തകൾ

## 1. പുതുവർഷാരംഭം

2018 ഡിസംബർ 31-ാം തിയ്യതി രാത്രിയിൽ ദിവ്യകാരുണ്യ ആരാധനയും വർഷാവസാന പ്രാർത്ഥനയും തുടർന്ന് ദിവ്യബലിയും പുതുവർഷാരംഭ പ്രാർത്ഥനയും ബഹുമാനപ്പെട്ട വികാരി റവ. ഫാ. മാത്യു പനയ്ക്കക്കുഴിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

## 2. ഉണ്ണീശോയുടെ തിരുനാൾ

2019 ജനുവരി 3 മുതൽ 6 വരെയുള്ള തിയതികളിൽ ഉണ്ണീശോയുടെ തിരുനാൾ ആഘോഷിച്ചു. ബഹുമാനപ്പെട്ട വൈദികർ ഫാ. തോമസ് മണമേൽ, ഫാ. മാത്യു മുത്തേടം, ഫാ. ലിന്റോ പുല്ലാട്ട് എന്നിവരുടെ നേതൃത്വത്തിൽ വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വി. കുർബാന, നൊവേന, ലദീഞ്ഞ് എന്നിവയോടെ ഭക്ത്യാദരപൂർവ്വം കൊണ്ടാടി. തിരുനാൾ ദിവസമായ 6-ാം തിയ്യതി ഞായറാഴ്ച ആഘോഷമായ തിരുനാൾ കുർബാന, നൊവേന, ലദീഞ്ഞ്, പ്രദക്ഷിണം, ചെണ്ടമേളം എന്നിവയോടൊപ്പം ഭക്തിനിർഭരമായി ആഘോഷിക്കപ്പെട്ടു. റവ. ഫാ. ജോർജ് തെള്ളിയാങ്കൽ തിരുനാൾ കുർബാനയ്ക്ക് നേതൃത്വം വഹിച്ചു.

## 3. ഇടവക മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ

2019 ജനുവരി 11 (വെള്ളി) മുതൽ 21 (തിങ്കൾ) വരെ ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു. 11 (വെള്ളി) വൈകുന്നേരം 5.15ന് കൊടിയേറ്റ് റവ. ഫാ. മാത്യു പനയ്ക്കക്കുഴി നിർവ്വഹിച്ചു. 19 (ശനി), 20 (ഞായർ) ദിവസങ്ങളിൽ ഭവനങ്ങളിലേക്ക് അമ്പെടുക്കൽ നടത്തപ്പെട്ടു. തിരുനാൾ ദിനമായ 20-ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നൊവേന, ലദീഞ്ഞ്, പ്രദക്ഷിണം, ചെണ്ടമേളം, ബാൻഡുമേളം എന്നിവ ആഘോഷമായ തിരുനാൾ കുർബാനയോടൊപ്പം ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. തിരുനാൾ കുർബാനയ്ക്ക് റവ. ഫാ. സജി പരിയപ്പനാൽ സന്ദേശം നൽകുകയും റവ. ഫാ. പോൾ പൂവത്തിങ്കൽ നേതൃത്വം വഹിക്കുകയും ചെയ്തു. 21-ാം തിയ്യതി തിങ്കളാഴ്ച ഇടവകയിലെ മരിച്ചവരുടെ ഓർമ്മയ്ക്കായുള്ള വി. കുർബാന, സെമിത്തേരി സന്ദർശനം, കൊടിയിറക്കൽ എന്നിവയ്ക്ക് റവ. ഫാ. മാത്യു പനയ്ക്കക്കുഴി നേതൃത്വം വഹിച്ചു.

## 4. കാറ്റക്കിസം വാർഷികദിനാഘോഷം

2019 ഫെബ്രുവരി 10-ാം തിയ്യതി കാറ്റക്കിസം വിദ്യാർത്ഥികളുടെ വാർഷിക ദിനാഘോഷം വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ടു.

## 5. ഇടയ സന്ദർശനം

മാണ്ഡ്യ രൂപതാ മെത്രാൻ മാർ ആന്റണി കരിയിൽ പിതാവിന്റെ സന്ദർശനം (പാസ്റ്ററൽ വിസിറ്റ്) 2019 ഫെബ്രുവരി 24-ാം തിയ്യതി നടത്തുകയുണ്ടായി. പാരീഷ് കമ്മറ്റിയും ഭക്തസംഘടനകളും തങ്ങളുടെ പ്രവർത്തനങ്ങൾ വിവരിക്കുകയും ആശയങ്ങൾ പിതാവുമായി പങ്കുവെയ്ക്കുകയും ചെയ്യുകയുണ്ടായി. ഭവനങ്ങളിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചതിനുശേഷം പിതാവ് മടങ്ങി.

## 6. വിഭൂതി തിരുനാൾ

ഇടവകയിൽ 2019 മാർച്ച് 4-ാം തിയ്യതി തിങ്കളാഴ്ച രാവിലെ വിഭൂതി തിരുനാൾ ആചരിച്ച് വലിയ നോമ്പിന് തുടക്കം കുറിച്ചു. അന്നേ ദിവസം പിതൃവേദിയുടെ നേതൃത്വത്തിൽ അന്നമലയിലേക്ക് തീർത്ഥാടനം നടത്തി.

## 7. വാർഷികധ്യാനം

2019 മാർച്ച് 15, 16, 17 തിയ്യതികളിൽ ബഹുമാനപ്പെട്ട ഡാനിയൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ വാർഷികധ്യാനം നടത്തപ്പെട്ടു. വിശ്വാസം ആഴപ്പെടുന്നതിനും, ആത്മീയ വളർച്ചയ്ക്കും പ്രസ്തുത ധ്യാനം ഉപകരിക്കുകയുണ്ടായി.

## 8. വി. യൗസേപ്പിതാവിന്റെ തിരുനാളും ഊട്ടുനേർച്ചയും

2019 മാർച്ച് 24-ാം തിയ്യതി വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ വി. കുർബാനയും, ഊട്ടു നേർച്ചയും നടത്തപ്പെടുകയുണ്ടായി.

## 9. വിശുദ്ധവാരാചരണം

ഓശാന ഞായർ 2019 ഏപ്രിൽ 14-ാം തിയ്യതി വിശുദ്ധ ബലിയോടും കുരുത്തോല പ്രദക്ഷിണത്തോടുമൊപ്പം ആചരിച്ചു.

പെസഹാതിരുനാൾ ഏപ്രിൽ 18-ാം തിയ്യതി വ്യാഴാഴ്ച വൈകുന്നേരം; കാൽ കഴുകൽ ശുശ്രൂഷയും ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനയും റവ. ഫാ. മാത്യു പനയ്ക്കക്കുഴിയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി.

ഏപ്രിൽ 19-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക്, ദുഃഖവെള്ളിയാഴ്ചയുടെ തിരുക്കർമ്മങ്ങൾ ആരംഭിച്ചു. വൈകിട്ട് 4 മണിക്ക് നഗരി കാണിക്കൽ പ്രദക്ഷിണവും കുരിശിന്റെ വഴിയും നടത്തി. ഏപ്രിൽ 21-ാം തിയ്യതി ഞായറാഴ്ച, ഉയിർപ്പു തിരുനാളിന്റെ തിരുക്കർമ്മങ്ങൾ 20-ാം തിയ്യതി രാത്രിയോടെ ആരംഭിച്ചു.

## 10. ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവും

2019 ഏപ്രിൽ 28-ാം തിയ്യതി സത്ന രൂപത പിതാവ് മാർ ജോസഫ് കൊടകല്ലിൽ ഇടവകയിലെ 29 കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിനും സ്ഥൈര്യലേപനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

# ഇടവക വാർത്തകൾ

### 11. സ്വീകരണം

2019 ജൂൺ 6–ാം തിയ്യതി, നമ്മുടെ ഇടവകയിലെ പുതിയ അസിസ്റ്റന്റ് വികാരിയായി റവ. ഫാ. എബി ഒറ്റക്കണ്ടത്തിൽ ചാർജ്ജെടുത്തു. ഇടവകാംഗങ്ങൾ സ്വീകരണം നൽകി.

### 12. ദുക്റാന തിരുനാൾ

2019 ജൂലൈ 3–ാം തിയ്യതി ദുക്റാന തിരുനാൾ ഭക്തി പൂർവ്വം ആചരിച്ചു. വൈകുന്നേരം 5.30ന് റാസാ കുർബാനയ്ക്ക് റവ. ഫാ. മാത്യു പനയ്ക്കക്കുഴി മുഖ്യ കാർമ്മികത്വം വഹിച്ചു.

### 13. തെരഞ്ഞെടുപ്പ്

ജൂൺ 30ന്, 2019 വർഷത്തിലെ വാർഷിക പൊതുയോഗം നടന്നു. പുതിയ ട്രസ്റ്റിമാരായി ശ്രീ. ജോസ് വേങ്ങത്തടം, ശ്രീ. ജോണി വി. വി, ശ്രീ. വിനോദ് വിൻസെന്റ്, ശ്രീ. സണ്ണി തോമസ് എന്നിവരെ തെരഞ്ഞെടുത്തു.

ജൂലൈ 7–ാം തിയ്യതി 8.30നുള്ള വി. കുർബാനയിൽ ഇവരോടൊപ്പം വാർഡ് പ്രതിനിധികളും മറ്റു കമ്മറ്റി അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു.

### 14. കൂദാശാകർമ്മം

2019 ജൂലൈ 15–ാം തിയ്യതി, ഇടവകയുടെ സഹായത്തോടെ കേരളത്തിലെ മച്ചിപ്ലാവിൽ നിർമ്മിച്ച ''അസ്സീസ്സി വില്ല'' എന്ന ഭവന സമുച്ചയത്തിന്റെ കൂദാശാകർമ്മത്തിൽ വികാരി മാത്യു പനയ്ക്കക്കുഴി അച്ചനോടൊപ്പം 17 ഇടവകാംഗങ്ങൾ പങ്കെടുത്തു.

### 15. വി. അൽഫോൻസാമ്മയുടെ തിരുനാൾ

2019 ജൂലായ് 27–ാം തിയ്യതി ശനിയാഴ്ച, വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷമായ ദിവ്യബലിയോടും നേർച്ച വിതരണത്തിനോടുമൊപ്പം നടത്തപ്പെടുകയുണ്ടായി.

### 16. സെന്റ് മേരീസ് ബസലിക്കയിലേക്കുള്ള തീർത്ഥാടനം

സെപ്തംബർ 2–ാം തിയ്യതി ശിവാജി നഗർ സെന്റ് മേരീസ് ബസലിക്കയിലേക്ക് 67 ഇടവകാംഗങ്ങൾ കാൽനടയായി ജപമാല ചൊല്ലി തീർത്ഥാടനം നടത്തി.

### 17. ജപമാല മാസം

2019 ഒക്ടോബർ 1 മുതൽ 19 വരെ, വാർഡുകളിലും, 20 മുതൽ 27 വരെ, ദേവാലയത്തിലും സമൂഹ ജപമാല ചൊല്ലുകയുണ്ടായി. 28–ാം തിയ്യതി തിങ്കളാഴ്ച സമാപന ദിവസം, അഖണ്ഡ ജപമാലയോടെ പരിശുദ്ധ അമ്മയോടുള്ള ഭക്തി ഇടവകാംഗങ്ങൾ പ്രകടിപ്പിച്ചു.

### 18. പാരീഷ് ഡേ


2019 നവംബർ 17–ാം തിയ്യതി ഞായറാഴ്ച രാവിലെ 8.30ന് റാസാ കുർബാനയോടെ ആരംഭിച്ച ആഘോഷങ്ങൾ, ലേലം വിളിയോടും വാർഡ്തല കലാപരിപാടികളോടും കൂടി ആഘോഷിച്ചു. ഇടവകാംഗങ്ങളുടെ ഉച്ചഭക്ഷണവും അത്താഴവും പള്ളിയിൽ തന്നെ ക്രമീകരിച്ചു.

### 19. നതാലിസ് ക്രിസ്റ്റി

സാബിയോയുടെ നേതൃത്വത്തിൽ നാലാമത്തെ ഇടവക തല കരോൾ ഗാനമത്സരം 2019 ഡിസംബർ 1–ാം തിയ്യതി രാവിലെ 11.30 മുതൽ നടത്തുകയുണ്ടായി.

### 20. ക്രിസ്മസ് കരോൾ ഗാന മത്സരം

2019 ഡിസംബർ 8–ാം തിയ്യതി ഞായറാഴ്ച, വാർഡ് തല കരോൾ ഗാനമത്സരം പള്ളിയിൽ വെച്ച് നടത്തപ്പെടുകയുണ്ടായി സെന്റ് ഫ്രാൻസീസ് അസീസ്സി വാർഡ് ഒന്നാം സ്ഥാനവും സെന്റ് അൽഫോൻസാ വാർഡ് രണ്ടാം സ്ഥാനവും സെന്റ് മേരീസ് വാർഡ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



# വാർഡ് റിപ്പോർട്ടുകൾ

## സെന്റ് ജോൺസ് വാർഡ്

സെന്റ് ജോൺസ് വാർഡിന്റെ പ്രാർത്ഥനാക്കൂട്ടായ്മ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച 7 മണിക്ക് ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. വാർഡ് മദ്ധ്യസ്ഥന്റെ തിരുനാൾ 2018 നവംബർ 11-ാം തീയതി ബഹുമാനപ്പെട്ട വികാരിയച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷിച്ചു. ഒക്ടോബർ മാസത്തിലെ വാർഡിലെ ജപമാലയിലും, ഡിസംബർ മാസത്തിലെ കരോളിനും, വാർഡംഗങ്ങൾ പങ്കെടുത്തു. വാർഡ്തല കരോൾഗാന മത്സരവും ഭംഗിയായി നടത്തി. ഇടവക മദ്ധ്യസ്ഥന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അമ്പെടുക്കലിന് വാർഡംഗങ്ങളുടെ സജീവസാന്നിധ്യവും സഹകരണവും പ്രകടമായിരുന്നു. വൈദികർക്കും വാർഡംഗങ്ങൾക്കും എല്ലാവിധ പ്രാർത്ഥനയും നന്ദിയും നേർന്നുകൊള്ളുന്നു.

## സെന്റ് പോൾ വാർഡ്

എല്ലാ മാസവും രണ്ടാമത്തെ വ്യാഴാഴ്ച ബഹു. വൈദികരുടെ നേതൃത്വത്തിൽ ജപമാലയോടുകൂടി വാർഡ് പ്രാർത്ഥന നടത്തിപ്പോരുന്നു. വാർഡ് മദ്ധ്യസ്ഥനായ വി. പൗലോസ്ശ്ലീഹായുടെ തിരുനാൾ ആഗസ്റ്റ് 5-ാം തീയതി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രാവിലെ 6.30നുള്ള ദിവ്യബലിയോടെ ആരംഭിക്കുകയും, അന്നേദിവസം വൈകിട്ട് 6.30ന്, ശ്രീ. കെ.വി. സെബാസ്റ്റ്യന്റെ ഭവനത്തിൽ ജപമാലയോടെ ആഘോഷിക്കുകയും ചെയ്തു. കുട്ടികളും മുതിർന്നവരും ചേർന്നവതരിപ്പിച്ച കലാപരിപാടികൾ സ്നേഹകൂട്ടായ്മയുടെ വേദിയായിരുന്നു. സ്നേഹവിരുന്നോടെ ആഘോഷങ്ങൾക്ക് സമാപനമായി.

ഒക്ടോബർ മാസത്തിൽ 20 ദിവസവും ഭവനങ്ങളിലെ ജപമാല പ്രാർത്ഥനയിലും, കരോൾഗാനമത്സരങ്ങളിലും, വി. സെബസ്ത്യാനോസിന്റെ തിരുനാളിലും, അമ്പെടുക്കൽ എന്നിവയിലും സജീവസാന്നിദ്ധ്യവും സഹകരണവും വാർഡ് അംഗങ്ങൾ പ്രകടമാക്കി. നോമ്പുകാലത്തിലെ എല്ലാ വെള്ളിയാഴ്ചയും ഭവനങ്ങളിൽ കുരിശിന്റെ വഴി നടത്തി. വാർഡ് പ്രവർത്തനങ്ങൾക്ക് ആത്മീയമായും സ്തുത്യർഹമാവുംവിധത്തിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ബഹു. വികാരിയച്ചനും, കൊച്ചച്ചനും, എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന വാർഡംഗങ്ങൾക്ക് നന്ദി അറിയിക്കുകയും, എല്ലാവർക്കും ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

## സെന്റ് ക്ലാരറ്റ് വാർഡ്

സെന്റ് ആന്റണി മേരി ക്ലാരറ്റ് വാർഡിന്റെ പ്രാർത്ഥനാക്കൂട്ടായ്മ എല്ലാ മാസവും 3-ാമത്തെ വ്യാഴാഴ്ച ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. കഴിഞ്ഞ വർഷത്തെ പാരിഷ് കൗൺസിൽ അംഗങ്ങളെത്തന്നെ ഈ വർഷത്തെ അംഗങ്ങളായി തുടർന്നും തിരഞ്ഞെടുത്തു. ഒക്ടോബർ മാസത്തിലെ ജപമാല, ഓരോ ഭവനത്തിലും മാറിമാറി നടത്തുകയുണ്ടായി. എല്ലാവരും കൂടി ഭക്തിപൂർവ്വം ക്രിസ്മസ് കരോൾ, ഭവനങ്ങളിലേക്കുള്ള അമ്പെടുക്കൽ എന്നിവയിലും പങ്കെടുക്കുകയുണ്ടായി.

ഇടവകദിനത്തിൽ, വാർഡ് അംഗങ്ങൾ സ്കിറ്റ് അവതരിപ്പിച്ചു, പ്രകൃതിക്ഷോഭത്തിൽ, കേരളത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക്, നമ്മുടെ ഇടവകയുടെ നേതൃത്വത്തിൽ ഭവനം പണിയാൻ സഹായിച്ച വാർഡിലെ അംഗങ്ങൾക്ക് നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ വിശുദ്ധ ആന്റണി മേരി ക്ലാരറ്റിന്റെ തിരുനാൾ ഒക്ടോബർ 20ന് ആഘോഷിച്ചു. അന്നേദിവസം ഉച്ചക്ക് കലാപരിപാടികളും സ്നേഹവിരുന്നും നടത്തുകയുണ്ടായി. വാർഡിലെ എല്ലാ പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന വൈദികർക്കും വാർഡ് അംഗങ്ങൾക്കും ദൈവനാമത്തിൽ നന്ദിപറയുന്നു.

## സെന്റ് മേരീസ് വാർഡ്

സെന്റ് മേരീസ് വാർഡിന്റെ 2018-19 വർഷത്തിലുള്ള പ്രവർത്തനങ്ങൾ, പ്രാർത്ഥനാക്കൂട്ടായ്മയുടേയും സ്നേഹസഹകരണങ്ങളുടേതും ആയിരുന്നു.

എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച ഓരോ ഭവനത്തിലും പ്രാർത്ഥനാക്കൂട്ടായ്മ നടത്തിവരുന്നു. വാർഡിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ ആഗസ്റ്റ് 15-ാം തീയതി രാവിലെ 6.30നുള്ള ദിവ്യബലിയോടെ ദേവാലയത്തിൽ ആരംഭിച്ചു. അന്നേദിവസം വൈകീട്ട് 6.30ന് ശ്രീ. ജയൻ ജേക്കബിന്റെ ഭവനത്തിൽ ജപമാലപ്രാർത്ഥനയോടെ ആഘോഷപരിപാടികൾക്ക് തുടക്കം കുറിച്ചു. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികളും സ്നേഹവിരുന്നും നടത്തി. ഒക്ടോബർ മാസം 20 ദിവസം ഓരോ ഭവനങ്ങളിലും ജപമാല പ്രാർത്ഥന നടത്തി. വാർഡുതല കരോൾഗാനമത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. വാർഡിലെ ക്രിസ്തുമസ് കരോൾ, ഇടവക തിരുനാൾ, ഭവനങ്ങളിലേക്കുള്ള അമ്പെടുക്കൽ, കുരിശിന്റെ വഴിയും മറ്റും ഭക്തിപുരസ്സരം നടത്തി. ദേവാ

ലയത്തിലെ എല്ലാ ഭക്തസംഘടനകളോടും ചേർന്ന് വാർഡംഗങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. എല്ലാ പാരിഷ് കൗൺസിൽ മീറ്റിംങ്ങുകളിലും കമ്മറ്റി അംഗങ്ങൾ പങ്കെടുത്ത് ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവമായി സഹകരിക്കുന്നു. കേരളത്തിൽ ഉണ്ടായ പ്രളയ ദുരിതാശ്വാസത്തിന്, വാർഡ് അംഗങ്ങളിൽ നിന്നും പിരിവെടുത്ത്, ഒരു തുക കൊടുക്കുകയുണ്ടായി. എല്ലാവരുടേയും സ്നേഹ സഹകരണങ്ങൾക്ക് നന്ദി അർപ്പിക്കുന്നു.

## സെന്റ് ജോർജ്ജ് വാർഡ്

സെന്റ് ജോർജ്ജ് വാർഡിന്റെ പ്രാർത്ഥനക്കൂട്ടായ്മ എല്ലാമാസവും രണ്ടാമത്തെ തിങ്കളാഴ്ച 7.30ന് ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ നടത്തിവരുന്നു. വാർഡിന്റെ കമ്മിറ്റി അംഗങ്ങളായി ശ്രീ. ജോസ് ജോൺ, ശ്രീ. സിൻസൻ ജോസ്, ശ്രീമതി ബിൻസി ഡേവിഡ് എന്നിവരെ തിരഞ്ഞെടുത്തു.

ഡിസംബർ മാസത്തിലെ കരോൾഗാന മത്സരത്തിലും, ജനുവരിയിലെ അമ്പെടുക്കൽ ശുശ്രൂഷയിലും, അംഗങ്ങൾ സജീവമായി പങ്കെടുത്തു. കരോൾഗാന മത്സരത്തിൽ സെന്റ് ജോർജ്ജ് വാർഡ് 5-ാം സ്ഥാനം കരസ്ഥമാക്കി. ലോഗോസ് ബൈബിൾ ക്വിസിൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ആളുകൾ ഈ വർഷം ഈ വാർഡിൽ നിന്നും ഉത്സാഹപൂർവ്വം പങ്കെടുത്തു.

വാർഡിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈദീകരേയും, എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന വാർഡംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## സെന്റ് അൽഫോൻസാ വാർഡ്

വിശുദ്ധ അൽഫോൻസാ വാർഡിന്റെ കൂട്ടായ്മ ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിലും, വാർഡംഗങ്ങളുടെ സജീവസാന്നിധ്യത്തിലും, എല്ലാ മാസവും നാലാമത്തെ ചൊവ്വാഴ്ചകളിൽ നടത്തുന്നു.

വാർഡ് മദ്ധ്യസ്ഥയായ വിശുദ്ധ അൽഫോൻസായുടെ തിരുനാൾ 2019 ജൂലൈ 23-ാം തീയ്യതി ഭക്തിപൂർവ്വം നടത്തി. ബഹുമാനപ്പെട്ട വികാരി മാത്യു അച്ചന്റെ കാർമ്മികത്വത്തിൽ നടന്ന തിരുനാൾ കുർബാനയ്ക്കും അതിനുശേഷം നടന്ന കലാപരിപാടികളിലും, മറ്റു തിരുനാൾ നടത്തിപ്പിലും വാർഡംഗങ്ങൾ സജീവമായി പങ്കെടുത്തു.

ഇടവകമദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നടന്ന നൊവേനകളിലും, തുടർന്ന് അമ്പെടുക്കൽ ശുശ്രൂഷയിലും, തിരുനാളിന്റെ ആഘോഷങ്ങളിലും പ്രവർത്തനങ്ങളിലും പങ്കെടുത്ത് വാർഡംഗങ്ങൾ വിശുദ്ധന്റെ അനുഗ്രഹം പ്രാപിച്ചു.

ഡിസംബർ മാസത്തിൽ നടന്ന വാർഡ്തല കരോൾ ഗാനമത്സരത്തിൽ, വി. അൽഫോൻസാ വാർഡ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇടവകദിനത്തിൽ നടന്ന കലാവിരുന്നിലും വാർഡിന്റെ സാന്നിദ്ധ്യം അറിയിച്ചു.

നോമ്പുകാലത്തെ എല്ലാ ഞായറാഴ്ചകളിലും ഓരോ ഭവനങ്ങളിലും കുരിശിന്റെ വഴിയും ഒക്ടോബർ മാസത്തിൽ 16 ദിവസങ്ങളിലായി ജപമാല പ്രാർത്ഥനയും നടത്തി.

ഈ വർഷത്തെ ഭാരവാഹികളായി ശ്രീ. ലോറൻസ് കെ.ജെ., ശ്രീമതി മിനി വിൻസെന്റ്, ശ്രീമതി സിനു ഷിജു എന്നിവരെ തിരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ, ഈ ആത്മീയക്കൂട്ടായ്മ സജീവമായി മുന്നോട്ട് പോകുന്നു.

വാർഡിന്റെ ആത്മീയ വളർച്ചയ്ക്കായി സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർക്ക് അവരുടെ പ്രവർത്തനങ്ങളിൽ ദൈവാനുഗ്രഹം ധാരാളമായി ഉണ്ടാകട്ടെയെന്നു വിശുദ്ധ അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥത്തിൽ പ്രാർത്ഥിക്കുന്നു.

## സെന്റ് ലൂയിസ് വാർഡ്

2019-2020ലെ കമ്മിറ്റിയംഗങ്ങളായി ശ്രീ. മാത്യു വി. തോമസ്, ശ്രീ. ജൻസൻ ജെയിംസ്, ശ്രീമതി ലെജി ജെയ്ക്കബ് എന്നിവരെ തിരഞ്ഞെടുത്തു. എല്ലാ മാസത്തിലും മൂന്നാമത്തെ ചൊവ്വാഴ്ച ബഹു. വൈദീകരുടെ നേതൃത്വത്തിൽ വാർഡിന്റെ പ്രാർത്ഥനാക്കൂട്ടായ്മ നടത്തിവരുന്നു. ഡിസംബർ മാസത്തിൽ നടത്തിയ കരോൾ ഗാനമത്സത്തിൽ വാർഡ് അംഗങ്ങൾ പങ്കെടുത്തു. വീടുകളിലേയ്ക്ക് നടത്തുന്ന കരോളിലും, വാർഡിലെ എല്ലാ കുടുംബങ്ങളും പങ്കെടുത്തു. ജനുവരിയിൽ തിരുനാളിന് എല്ലാ വീടുകളിലേയ്ക്കും അമ്പെടുക്കകയുണ്ടായി. മാർച്ചിൽ നോമ്പുകാലത്ത് വീടുകളിൽ കുരിശിന്റെ വഴി നടത്തിയിരുന്നു. വാർഡ്മദ്ധ്യസ്ഥന്റെ തിരുനാൾ 2019 ആഗസ്റ്റ് 25-ാം തിയ്യതി 4.30ന് ജപമാലയോടെ ആരംഭിച്ച് ബഹു. മാത്യു അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും പൊതുസമ്മേളനവും നടത്തി. കുട്ടികളും മുതിർന്നവരും ചേർന്നവതരിപ്പിച്ച കലാപരിപാടികൾ സ്നേഹക്കൂട്ടായ്മയുടേതായിരുന്നു. സ്നേഹവിരുന്നോടെ ആഘോഷങ്ങൾക്ക് സമാപനമായി. ഒക്ടോബർ മാസത്തിൽ 20 വീടുകളിൽ ജപമാലചൊല്ലി പ്രാർത്ഥിച്ചു. വാർഡിന്റെ

# വാർഡ് റിപ്പോർട്ടുകൾ

ആദ്ധ്യാത്മിക വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈദീകർക്കും, ആത്മാർത്ഥമായി സഹകരിക്കുന്ന വാർഡ് അംഗങ്ങൾക്കും, നന്ദി അറിയിക്കുകയും ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## സെന്റ് ജോസഫ്സ് വാർഡ്

2018-19 സെന്റ് ജോസഫ്സ് വാർഡിന്റെ എല്ലാ പ്രവർത്തനങ്ങളും വാർഡ് പ്രതിനിധികളായ ശ്രീ. ജോർജ്ജ് പി.ജെയുടേയും, ശ്രീ. ജോയ് ജോസിന്റേയും, ശ്രീമതി ആനി ഫ്രാൻസീസിന്റേയും, നേതൃത്വത്തിൽ മുന്നോട്ട് പോകുന്നു.

എല്ലാ മാസവും രണ്ടാമത്തെ ബുധനാഴ്ച വൈകീട്ട് 7 മണിക്ക് ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ പ്രാർത്ഥനാക്കൂട്ടായ്മ നടത്തുന്നു. 38 ഭവനങ്ങളാണ് ഈ വാർഡിൽ ഉള്ളത്.

2019 ആഗസ്റ്റ് 11ന് വാർഡ് മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിച്ചു. ഒക്ടോബർ മാസത്തിലെ വാർഡ്തല ജപമാലയിലും, കുർബ്ബാനയിലും, വാർഡംഗങ്ങൾ സജീവമായി പങ്കെടുക്കുയുണ്ടായി. ക്രിസ്തുമസ് കരോളിലും, ഇടവകമദ്ധ്യസ്ഥന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അമ്പെടുക്കലിലും, വാർഡ് അംഗങ്ങൾ ഭക്തിപൂർവ്വം പങ്കാളിത്തം പ്രകടമാക്കുകയുണ്ടായി.

നമ്മുടെ ഇടവകയിൽ സ്വന്തമായി ഭവനമില്ലാത്തവർക്ക് വീടുനിർമ്മിച്ചുകൊടുക്കുവാനായി ഒരു സൈറ്റ് ദാനമായി നൽകിയ നമ്മുടെ ഇടവകയ്ക്കുതന്നെ മാതൃകയായ് മാറിയ ശ്രീ.പി.ജെ.തോമസിനും കുടുംബത്തിനും ഒത്തിരി ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നതോടൊപ്പം ധാരാളം ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ഇടുക്കി മച്ചിപ്ലാവ് ബിൽഡിംഗ് കൺസ്ട്രക്ഷനിലേയ്ക്ക് ഏറ്റവും കൂടുതൽ തുക നൽകി സഹായിച്ച സെന്റ് ജോസഫ് വാർഡിലെ കുടുംബങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

വാർഡിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വൈദീകരേയും എല്ലാ കാര്യങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന വാർഡംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## സെന്റ് പീറ്റർ വാർഡ്

2018-19 വർഷം വാർഡിന്റെ പ്രവർത്തനങ്ങൾ പരസ്പര സ്നേഹത്തിന്റേയും സഹകരണത്തിന്റേയും മാതൃകയായിരുന്നു. എല്ലാ മാസത്തിലേയും മൂന്നാമത്തെ ബുധനാഴ്ച ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ പ്രാർത്ഥനാക്കൂട്ടായ്മ നടത്തിവരുന്നു.

വാർഡിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. പത്രോസ് ശ്ലീഹായുടെ തിരുനാൾ സെപ്തംബർ 23-ാം തീയതി ഞായറാഴ്ച വൈകീട്ട് 4.30ന് ജപമാലയോടുകൂടെ തുടക്കം കുറിക്കുകയും, തുടർന്ന് 5 മണിക്ക് ബഹു. വികാരി മാത്യു പനയ്ക്കക്കുഴി അച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയ്ക്ക് വാർഡംഗങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. അതിന് ശേഷം പാരിഷ്ഹാളിൽ വച്ച് വൈദീകരുടേയും, ട്രസ്റ്റിമാരുടേയും സാന്നിധ്യത്തിൽ കലാപരിപാടികളും സനേഹവിരുന്നും ഉണ്ടായിരുന്നു. വൈദീകവിദ്യാർത്ഥികളുടെ പഠനചിലവിലേയ്ക്കായി, വാർഡിൽ നിന്നും സ്വരൂപിച്ച തുക വികാരിയച്ചനെ ഏല്പിക്കുകയും ചെയ്തു. ആഘോഷങ്ങൾക്കായി സ്വരൂപിച്ച ഫണ്ടിൽനിന്നും കുറച്ച് തുക കേരളദുരിതാശ്വാസ നിധിയിലേയ്ക്കായി വികാരിയച്ചനെ ഏൽപ്പിച്ചു.

ഒക്ടോബർ മാസം 1-ാം തീയതി മുതൽ 17-ാം തീയതി വരെ ദിവസവും ഭവനങ്ങളിൽ ജപമാല നടത്തുകയുണ്ടായി. 24-ാം തീയതി ദേവാലയത്തിൽ നടന്ന ജപമാലയ്ക്ക് വാർഡ് അംഗങ്ങൾ നേതൃത്വം വഹിച്ചു. 27-ാം തീയതി പള്ളിയിൽ നടത്തിയ അഖണ്ഡ ജപമാലയിലും വാർഡംഗങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള കരോൾ ശുശ്രൂഷയിലും, ഇടവകമദ്ധ്യസ്ഥന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അമ്പെടുക്കലിലും, വാർഡംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടായിരുന്നു. ഡിസംബർ മാസത്തിലും മാർച്ച് മാസത്തിലും, പള്ളിയിൽ വച്ച് നടത്തിയ ധ്യാനങ്ങളിൽ വാർഡംഗങ്ങൾ പങ്കെടുത്തിരുന്നു. നോയമ്പുകാലത്തെ എല്ലാ ബുധനാഴ്ചകളിലും കുരിശിന്റെ വഴി വീടുകളിൽ നടത്തുകയുണ്ടായി.

വാർഡിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് നേതൃത്വം നൽകിയ വൈദീകരേയും എല്ലാ കാര്യങ്ങളിലും ആത്മാർത്ഥതയോടെ സഹകരിച്ച വാർഡംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

## സെന്റ് ജോൺമരിയ വിയാനി വാർഡ്

വിശുദ്ധ ജോൺമരിയ വിയാനി വാർഡിന്റെ പ്രാർത്ഥനാക്കൂട്ടായ്മ ബഹു. വൈദീകരുടെ നേതൃത്വത്തിൽ എല്ലാ മാസത്തിലേയും നാലാമത്തെ വ്യാഴാഴ്ചകളിൽ നടത്തിവരുന്നു.

2019 ജൂൺ 27ന് നടന്ന പ്രാർത്ഥനാക്കൂട്ടായ്മയിൽ 2019-20 ലെ പുതിയ വാർഡ് മെമ്പർമാരെ തിര

ഞ്ഞെടുത്തു. ഞങ്ങളുടെ വാർഡ് കൂട്ടായ്മയിലേയ്ക്ക് ഈ വർഷം ഫിലിപ്പും കുടുംബവും പുതിയതായി ചേർന്നു. ഒക്ടോബർ മാസത്തിലെ കൊന്തനമസ്കാരം വാർഡംഗങ്ങളുടെ ഭവനങ്ങളിൽ വച്ച് നടത്തുകയുണ്ടായി.

വാർഡ് മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ഒക്ടോബർ 20-ാം തീയതി ആഘോഷിച്ചു. വൈകുന്നേരം 5 മണിയുടെ ദിവ്യബലിയ്ക്ക് വാർഡംഗങ്ങൾ നേതൃത്വം നൽകുകയും ജപമാലയ്ക്കുശേഷം ബഹു. വികാരിയച്ചന്റേയും, കൊച്ചച്ചന്റേയും, ട്രസ്റ്റിമാരുടേയും സാന്നിധ്യത്തിൽ കലാപരിപാടികളും അവതരിപ്പിച്ചു.

രസകരമായ ബൈബിൾ ക്വിസിനുശേഷം സ്നേഹവിരുന്നോടുകൂടി തിരുനാൾ ആഘോഷങ്ങൾ സമാപിച്ചു. വാർഡിനെ ആത്മീയമായി നയിക്കുന്ന വികാരിയച്ചനും, കൊച്ചച്ചനും ഈ കൂട്ടായ്മയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന എല്ലാ വാർഡംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## സെന്റ് ആന്റണീസ് വാർഡ്

സെന്റ് ആന്റണീസ് വാർഡിന്റെ 2019-20ലെ പാരിഷ് കൗൺസിൽ അംഗങ്ങളായി ശ്രീ. ബോബി പി.ജെ.യും, ശ്രീ. സക്കറിയ കെ.എസും., ശ്രീമതി നിഖിത വർഗ്ഗീസും നേതൃത്വം നൽകുന്നു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച നടത്താറുള്ള വാർഡ്കൂട്ടായ്മ നടത്തിപ്പോരുന്നു. ഒക്ടോബർ മാസം 1-ാം തിയതി മുതൽ 10-ാം തിയതി വരെ ഓരോ ഭവനത്തിലും ജപമാല പ്രാർത്ഥന നടത്തുകയുണ്ടായി. ക്രിസ്തുമസ് കരോൾ, ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ, വലിയനോമ്പുകാലത്തെ തിരുക്കർമ്മങ്ങൾ, എന്നിവയിൽ എല്ലാം കുടുംബാംഗങ്ങളുടെ സാന്നിധ്യവും ഉണ്ടായിരുന്നു. വാർഡിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്കു നേതൃത്വം നൽകുന്ന വൈദികർക്കും ആത്മാർത്ഥമായി സഹകരിക്കുന്ന വാർഡിലെ എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു. ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## സെന്റ് ഫ്രാൻസീസ് അസ്സീസി വാർഡ്

2018-2019 വർഷത്തിലെ വിശുദ്ധ ഫ്രാൻസീസ് അസ്സീസി വാർഡിന്റെ പ്രവർത്തനങ്ങൾ പരസ്പര സ്നേഹത്തിലും, സഹകരണത്തിലും എല്ലാ മാസവും ആദ്യബുധനാഴ്ച വൈകീട്ട് 7.15ന് ബഹുമാനപ്പെട്ട വൈദികരുടെ സാന്നിദ്ധ്യത്തിൽ ജപമാലയോടുകൂടി കുടുംബക്കൂട്ടായ്മ പ്രാർത്ഥനായോഗം നടത്തിവരുന്നു.

ഒക്ടോബർ മാസം ജപമാല മാസമാണല്ലോ. 1 മുതൽ 20-ാം തിയതി വരെ എല്ലാ വീടുകളിലും ജപമാല നടത്തിയിരുന്നു. ഇടവകദിനത്തിന്റെ പരിപാടികളിലും വാർഡ് അംഗങ്ങൾ ആത്മാർത്ഥമായി പങ്കുചേർന്നു.

ഡിസംബർ മാസത്തിൽ നടത്തിയ കരോൾഗാന മത്സരത്തിൽ വാർഡ് അംഗങ്ങൾ പങ്കെടുത്തു. വീടുകളിലേക്ക് നടത്തിയ കരോളിലും കുടുംബാംഗങ്ങൾ പങ്കെടുത്തു.

ജനുവരി മാസത്തിൽ ഇടവകമദ്ധ്യസ്ഥന്റെ തിരുനാളിൽ എല്ലാ വീടുകളിലേയ്ക്കും അമ്പെടുത്തു. മാർച്ചിൽ നോമ്പുകാലത്ത് വീടുകളിൽ കുരിശിന്റെ വഴി നടത്തുകയുണ്ടായി. മെയ് മാസത്തിൽ പുതിയ വാർഡ് പ്രതിനിധികളെ തെരഞ്ഞെടുത്തു.

ഒക്ടോബർ 13-ാം തിയ്യതി വാർഡ് മദ്ധ്യസ്ഥന്റെ തിരുനാളിന് മുതിർന്നവർ മുതൽ കുഞ്ഞുമക്കൾ വരെ പങ്കെടുത്ത് കലാപരിപാടികളോടെ ആഘോഷിച്ചു. വാർഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആത്മീയമായി നല്ല മാർഗ്ഗനിർദ്ദേശങ്ങൾ തരുന്ന നമ്മുടെ വികാരി മാത്യു പനക്കക്കുഴിയച്ചനും, എബി ജോസഫ് അച്ചനും എല്ലാ അംഗങ്ങൾക്കും ഏറ്റവും സ്നേഹത്തോടെ നന്ദി പറയുന്നു.

## സെന്റ് തെരേസ ഓഫ് കൽക്കട്ട വാർഡ്

എല്ലാമാസത്തിലും മൂന്നാമത്തെ തിങ്കളാഴ്ച ബഹു. വൈദികരുടെ സാന്നിധ്യത്തിൽ അംഗങ്ങളുടെ സജീവസാന്നിധ്യത്തിലൂടെ പ്രാർത്ഥനാക്കൂട്ടായ്മ നടത്തിവരുന്നു. 2019-20 പ്രവർത്തനവർഷത്തിലെ പുതിയ ഭാരവാഹികളായി ശ്രീ. മാത്യു ടി.വി., ശ്രീ റിജോ ജോയി, ശ്രീമതി സുനിത ബെന്നി എന്നിവരെ തിരഞ്ഞെടുത്തു.

വാർഡ് മദ്ധ്യസ്ഥയായ വി. മദർതെരേസയുടെ തിരുനാൾ സെപ്തംബർ 8-ാം തിയ്യതി ഭക്ത്യാദരപൂർവ്വം നടത്തി. എം.എസ്. പാളയത്തുള്ള മദർ തെരേസ സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. ഓർഫനേജിലുള്ള അന്തേവാസികൾക്ക് ഭക്ഷണം പാചകം ചെയ്തുകൊടുത്തു. അന്നേ ദിവസം വിവിധ കലാപരിപാടികൾക്ക് ശേഷം നമ്മുടെ ഇടവകയിൽ നിന്ന് നിർമ്മിക്കുന്ന സെന്റ് സെബാസ്റ്റ്യൻ വില്ലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഹു. വികാരിയച്ചന് സംഭാവന നൽകുകയും ചെയ്തു.

സെപ്തംബർ 12-ാം തിയ്യതി, വാർഡിലെ എല്ലാ കുടുംബാംഗങ്ങളുടേയും സഹകരണത്തോടെ വിപുലമായ ഓണസദ്യ നടത്തി.

# വാർഡ് റിപ്പോർട്ടുകൾ

ഒക്ടോബർ മാസത്തിൽ 20 ദിവസവും ജപമാല നടത്തി. സമാപനദിവസം വാർഡ്കുടുംബാംഗങ്ങളുടെ സഹകരണത്തിൽ സ്നേഹവിരുന്ന് നടത്തി.

നമുക്ക് എപ്പോഴും പുഞ്ചിരിയോടെ കണ്ടുമുട്ടാം. കാരണം പുഞ്ചിരി സ്നേഹത്തിന്റെ തുടക്കമാണ് എന്ന വി. മദർ തെരേസയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ടും, ആത്മീയമായി നമ്മെ നയിക്കുന്ന മാത്യു അച്ചനേയും, എബി അച്ചനേയും, ദൈവകരങ്ങളിൽ സമർപ്പിച്ചു കൊണ്ടും നമുക്ക് ദൈവത്തിന് നന്ദിപറയാം.

വാർഡിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വാർഡിലെ ഓരോ കുടുംബങ്ങൾക്കും നന്ദിപറയുന്നു.

## സെന്റ് തോമസ് വാർഡ്

31 കുടുംബങ്ങൾ അടങ്ങുന്ന സെന്റ് തോമസ് വാർഡിന്റെ 2019-2020 വർഷത്തേക്കുള്ള പാരിഷ് കൗൺസിൽ അംഗങ്ങളായി ശ്രീ. ജോയി പോൾ, ശ്രീ. ജോൺ റോസ്, ശ്രീമതി ലീന വർഗ്ഗീസ് എന്നിവരെ ജൂൺ മാസത്തെ വാർഡ് കൂട്ടായ്മയിൽ ബഹുമാനപ്പെട്ട എബി അച്ചനും, വാർഡ് അംഗങ്ങളും ചേർന്ന് തിരഞ്ഞെടുക്കുകയുണ്ടായി. എല്ലാമാസവും നാലാമത്തെ തിങ്കളാഴ്ച വൈകുന്നേരം 7.30ന് ബഹു. വികാരി മാത്യു അച്ചന്റേയോ, കൊച്ചച്ചന്റേയോ നേതൃത്വത്തിൽ കുടുംബക്കൂട്ടായ്മ നടത്തിവരുന്നു.

ആഗസ്റ്റ് മാസം 5-ാം തിയ്യതി വാർഡ് മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ തിരുനാൾ ആചരിക്കുകയുണ്ടായി. അന്നേദിവസം രാവിലെ 8.30നുള്ള ദിവ്യബലിക്ക് വാർഡംഗങ്ങൾ നേതൃത്വം നൽകുകയും തുടർന്ന് വൈകുന്നേരം 7.30ന് പള്ളിയിൽ മെയിൻ ഹാളിൽ വെച്ച് വികാരിയച്ചന്റേയും ട്രസ്റ്റിമാരുടേയും സാന്നിധ്യത്തിൽ പൊതുപരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വാർഡ് കൂട്ടായ്മകൾക്ക് കൂടുതൽ സജീവമായ പങ്കാളിത്തമുണ്ടാകണമെന്ന് വികാരിയച്ചൻ വീണ്ടും ഓർമ്മപ്പെടുത്തി. സ്നേഹവിരുന്നോടുകൂടി തിരുനാൾ സമാപിച്ചു.

ഒക്ടോബർ മാസത്തിൽ ഓരോ ഭവനങ്ങളിലും ജപമാല പ്രാർത്ഥന നടത്തുകയുണ്ടായി. 2019-2020ൽ വാർഡിനെ നയിച്ചുകൊണ്ടിരിക്കുന്ന പാരിഷ് കൗൺസിൽ അംഗങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. കൂട്ടായ്മയുടെ ശക്തിക്കായി പ്രവർത്തിക്കുന്ന വാർഡിലെ ഓരോ അംഗങ്ങൾക്കും കൂടുതൽ കൂടുതൽ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു.

## സെൻറ് ജൂഡ് വാർഡ്

വാർഡ് മദ്ധ്യസ്ഥനായ വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ 2019, ഒക്ടോബർ 27 വൈകുന്നേരം 4.30ന് സെൻറ് സെബാസ്റ്റ്യൻ ഇടവക ദേവാലയത്തിൽ വെച്ച് വാർഡ് അംഗങ്ങളെല്ലാവരും ചേർന്ന് ജപമാല ചൊല്ലി ആരംഭിച്ചു. തുടർന്ന് ബഹുമാനപ്പെട്ട വികാരി മാത്യു പനക്കക്കുഴി അച്ചന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചു. അതിനുശേഷം പാരിഷ് ഹാളിൽ വെച്ച് കലാപരിപാടികളും സ്നഹവിരുന്നും നടത്തുകയുണ്ടായി.

എല്ലാ മാസവും, ആദ്യ വ്യാഴാഴ്ച്ച, വാർഡ് പ്രാർത്ഥന, ഒക്ടോബർ മസത്തിൽ എല്ലാ വീടുകളിലും മാതാവിന്റെ ജപമാല, പാരിഷ് ഡേ പങ്കാളിത്തം, കരോൾ പാട്ടു മത്സരം എന്നീ കാര്യങ്ങളിലും വാർഡ് അംഗങ്ങൾ ഭക്തിയോടും, സന്തോഷത്തോടും കൂടി പങ്കെടുക്കുകയും ചെയ്തു വരുന്നു.

കമ്മിറ്റി അംഗങ്ങളായ ജിമ്മി അലക്സാണ്ടർ, സജിൻ വർഗീസ്, ജെസീന്ത ആൽബർട്ട് എന്നിവരുടെ നേതൃത്വത്തിൽ വാർഡിന്റെ എല്ലാ പ്രവർത്തനങ്ങളും സുഗമമായി മുന്നാട്ടുപോകുന്നു.

കമ്മിറ്റി അംഗങ്ങളും അതുപോലെ മറ്റെല്ലാവരുംകൂടി ആഘോഷമായി ക്രിസ്തുമസ് കരോൾ, ഭവനങ്ങളിലേക്കുള്ള അമ്പെടുക്കൽ ശുശ്രൂഷ എന്നിവയെല്ലാം ഭക്തിപൂർവ്വം നടത്തുകയുണ്ടായി, വാർഡിലെ ഭവനങ്ങൾ തമ്മിലുള്ള ദൂരം അധികമായിരുന്നാലും എല്ലാവരും നന്നായി സഹകരിക്കുന്നു.

വാർഡിനെ ആത്മീയമായി നയിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്ന ബഹുമാനപ്പെട്ട വികാരി അച്ചനും, കൊച്ചച്ചനും ആത്മാർത്ഥമായി നന്ദി പറയുന്നു.

## ലിറ്റിൽ ഫ്ളവർ വാർഡ്

ലിറ്റിൽ ഫ്ളവർ വാർഡിന്റെ പ്രാർത്ഥനാക്കൂട്ടായ്മ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ എല്ലാ മാസവും നാലാമത്തെ ബുധനാഴ്ചകളിൽ നടത്തി വരുന്നു. വി. കൊച്ചുത്രേസ്യയുടെ ഈ വർഷത്തെ തിരുനാൾ സെപ്തംബർ 29 ഞായറാഴ്ച ആഘോഷിച്ചു. 5 മണിക്കുള്ള വിശുദ്ധ കുർബ്ബാനക്ക് വാർഡ് അംഗങ്ങൾ നേതൃത്വം നൽകി. ഒക്ടോബർ മാസത്തിൽ 1-ാം തിയതി മുതൽ 19-ാം തിയതി വരെ ഓരോ ഭവനങ്ങളിലും ജപമാല പ്രാർത്ഥന നടത്തുകയുണ്ടായി. ക്രിസ്തുമസ് കരോൾ, ഇടവക മദ്ധ്യസ്ഥന്റെ തിരുനാളിനോടനുബന്ധിച്ചുള്ള അമ്പെടുക്കൽ എന്നിവയിലും വാർഡിന്റെ സജീവ സാന്നിദ്ധ്യമുണ്ടായിരുന്നു. വലിയ നോമ്പുകാലത്ത്, കുരിശിന്റെ വഴിയും ഭവനങ്ങളിൽ നടത്തി വന്നു. ഞങ്ങളെ ആത്മീയമായ നിർദ്ദേശങ്ങൾ നൽകി നയിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്ക് വാർഡിന്റെ പേരിലുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു.




## WEDDING BELLS

| | | | |
|---|---|---|---|
| Simi & Jestin | 05-01-2019 | Neethu & Joseph Zando | 19-05-2019 |
| Kristo Francis & Neha Paul | 06-01-2019 | Jinoy & Reena | 19-05-2019 |
| Jessila & Aby | 07-01-2019 | Stelvin & Ancy | 26-05-2019 |
| Jose Francis & Sanjana | 27-01-2019 | Melwin & Greeshma | 16-06-2019 |
| Jeenu & Prithviraj | 28-01-2019 | Rajesh Kumar & Chaithra G. | 12-09-2019 |
| Jinu & Clement | 02-03-2019 | Nithin & Camilla | 05-10-2019 |
| Akhil &Diana | 01-05-2019 | Josna & Joppan | 28-10-2019 |
| Jesmy & Sunil | 06-05-2019 | Louis & Aiswarya S.D. | 30-10-2019 |
| Francis & Sneha | 12-05-2019 | Jackson & Laya | 05-10-2019 |
| Augustus & Jitheesha | 17-05-2019 | | |



# St. Sebastian's Youth Organization (SABYO)

REPORT

The youth of St. Sebastian's Forane Church, Mathikere is blessed with a group of dynamic, talented, hard-working and motivated youngsters coming from different paths of life with a single goal, that is to walk in the footsteps of Jesus Christ.

The motto of SABYO that we all collectively believe in is "Arise and Shine".

We have been so blessed during the last nine months. It is really wonderful to see how God has been at work in SABYO this year. The months, June – December 2018, was indeed the seven months that we cannot forget. We had our Forane level convention- Ignite, the youth retreat in June, and most importantly, our third year of Natalis Christi was a success. We had a brilliant team which consisted of 7 members and 2 counselors, who also represent our church at the zonal level. The team comprises of Kevin Leo Jacob as the President, Neena Varghese as the Vice President, Rozena Iypachan as the General Secretary, Manu Thomas as the Joint Secretary, Dinto Davis as the Treasurer and Jerin Joshi as the counselor. Joseph Iypachan and Maria Thomas are the counselors who represent our church in the zonal level. It was a year filled with fun, activities and prayers.



We kick started our 2019 with the zonal elections conducted in our church. On 12th January, 2019, the zonal elections were conducted in our Parish, and three members from our Parish were elected to the zonal team. Joseph Iypachan as the Deputy President, Maria Thomas as the Secretary and Jerin Joshi as the Treasurer.

The month of March was the Lenten period, during which the youth conducted The Way Of The Cross every Saturday until Good Friday. Also, we had The Way Of The Cross conducted in the Forane level at St Joseph's and Claret church, Dasarahally. Thereafter, we had our lunch there - kanji and payar.

## YOUTH TRIP – 2nd March, 2019

On March 2nd 2019, we conducted the annual youth trip to Shilandra Resorts, Ramanagara. It was a one-day trip, and around 20 of us participated. We had lots of fun, and it was a memorable day in the resort along with our Parish Priest Rev. Fr. Mathew Panackakuzhy. We spent the whole day playing indoor and outdoor games, and of all, our most favorite time of the day was the time spent in the pool.



## YOUTH RETREAT – 29th and 30th June, 2019

On 29th and 30th June, we had a two day stay over retreat at Carmelaram. Around 40 of us participated in the retreat. It was conducted by Sr.Mariajis and team. It was a memorable spiritual

experience that we had these two days. We spent our days in knowing God better and living in His truth through adorations, confessions, Spiritual Sharing, Holy Mass and talks by those who have experienced Christ. The retreat definitely left an impact on all those who attended it.



## CROSS JOURNEY

In the diocese level, our Director initiated the Cross Journey whereby a Cross that is blessed by the Bishop reaches every church under the Mandya diocese. The day our church received the Cross,the youth welcomed it and conducted a rosary. We also had a talk by a Claretian priest and also welcomed the new youth to SABYO the same day.

## ONAM – 15th September, 2019

The youth celebrated Onam on 15th September. We arranged the pookalam at the basement of the church. Our team, all beautifully dressed in the traditional Onam attire performed the Thiruvathira for our parishioners. We also had our SABYO elections and welcomed the new team led by Tibin Lawrence. We concluded our day with mouthwatering Onam Sadhya.



Our youth participated in Vachanolsavam in the month of July and held 5th position among 32 churches that have participated. SABYO also helped in the Easter decorations. The youth also actively participates in various inter church sports and cultural competitions hosted by or held at different churches. We conduct a newspaper collection once or twice a year and the money received is used for the youth fund.



As an active youth group, we conduct our meetings in the church on the 3rd Sunday of every month at 10:30 A.M. in the presence of our animators. During the meetings, we discuss about the activities which are lined up for the next month.

As the Holy Bible says, "Let us not become weary in doing good, for at the proper time we will reap harvest if we do not give up"-Galatians 6:9, we the SABYO members constantly strive to do good. Our goal is to make the youth group of the church grow in faith, love and harmony. The future of SABYO is bright and promising and with the love and support of our Parish Priest, Asst. Parish Priest and our parishioners, we are confident that we can take our youth to greater heights.

## First Death Anniversary



DOD: 03.10.2018

''നമ്മുടെ കർത്താവായ യേശുക്രിസ്തുവും, നമ്മെ സ്നേഹിക്കുകയും നമുക്കു തന്റെ കൃപയിലൂടെ നിത്യമായ ആശ്വാസവും നല്ല പ്രത്യാശയും നൽകുകയും ചെയ്ത നമ്മുടെ പിതാവായ ദൈവവും നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുകയും എല്ലാ സത്പ്രവൃത്തികളിലും സദ്വചനങ്ങളിലും നിങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യട്ടെ.''

2 തെസ. 2: 16-17

*In fond Remembrance of*

# JOY C.M.

Sixth Death Anniversary



DOB: 08.07.1960 DOD: 09.07.2013

*In Fond Remembrance of*

# V K David

# SEBASTIANO MIGRANT YOUTH (SMY)

## Report

The migrant youth organization for Mathikere parish zone was introduced by Rev. Fr. Robin Kanjirathinkal CMF, in December, 2018. Initially, there were two titles for the group, Ramiels for boys and Spiritual Lights for girls. Mr. Jilson Joe was selected as leader for boys and Ms. Rosemary John for girls. There were over 120 members enrolled in the beginning. Meetings were conducted every month to discuss the way forward. During June, 2019, Fr. Eby Ottakandathil CMF took charge of the Association as Fr. Robin Kanjirathinkal was transferred from the parish.





Subsequently, on 29th September 2019, a meeting was conducted and decided to organize a migrant youth get-together either on October 20th or on 27th. To facilitate the programme, an organizing committee was formed. The committee members were Rosemary John, Amala Baby, Prijesh K John and Jilson Joe. In consultation with all members, the final date for get-together was fixed, which was on Sunday, the 27th October. All migrant youth were gathered on 27th at St.Sébastan's church auditorium, and the program started around 02:15 pm with prayer song. Mr.Prijesh welcomed the participants and dignitaries. The dignitaries present on the occasion were Fr.Mathew, Fr.Robin, Fr.Eby and Mr.Joseph Juan. A total of 34 participants were present.Followed by welcome speech, Fr.Robin addressed the youth. He gave a magnificent speech on the importance of migrant youth organization.




**Mr. Jerrin Thomas**
**SMY President**

The title SMY (Sebastiano Migrant Youth) and logo were inaugurated by Mr.Joseph Juan and other dignitaries. Also, a YouTube channel was inaugurated for youth by Fr.Robin for sharing the life experiences of youth in the parish. The keynote speech was given by Fr.Eby. There was a wonderful interactive session about Faith and Holiness by Mr. Joseph Juan before the first part of the programme ended around 04:00 pm with the vote of thanks by Mr.Jerrin. The event continued with some cultural programmes. St. Sebastian youth members performed Thiruvathira and Orchestra. Second half of the programme started with an ice breaking game by Fr. Eby. Thereafter, SMY Executive Team was elected, which comprises of Jerrin Thomas (President), Rosemary John (Vice President), Amala Baby (Secretary), Prijesh K John (Joint Secretary), Jayesh KJ (Treasurer) and Ann Mariya Jaison (Treasurer). The Syndicate members are Jilson Joe, Nesta Benno Joseph, Claris Niya Varghese, John Paul and Akhil Varghese. The entire programme was coordinated by Prijesh, Jilson, Rosemary and Amala with the support of Fr. Eby.By God's grace, the programme went well.SMY also performed a musical drama for Parish Day, which was on 17th November. The team is looking forward to organize more get-together, outreaches etc. in future.

# മാതൃവേദി റിപ്പോർട്ട്

മത്തിക്കര സെന്റ് സെബാസ്റ്റ്യൻ ഫൊറോന ദേവാലയത്തിൽ നോബിൾ മണ്ണാറത്ത് അച്ചൻ വികാരി ആയിരുന്നപ്പോൾ ഇടവകയിലെ അമ്മമാരെ ഉത്തേജിപ്പിക്കുവാൻ തുടങ്ങിയ മാതൃവേദി സംഘടന ഇപ്പോൾ 15-ാം വർഷത്തിന്റെ നിറവിൽ.

പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രതികരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സംഘടനയിൽ ഇപ്പോൾ 34 സജീവ അംഗങ്ങൾ ഉണ്ട്. എല്ലാ മാസവും ആദ്യ ശനിയാഴ്ചകളിൽ 4.00 മണിക്ക് ജപമാലയോടെ ആരംഭിക്കുന്ന യോഗത്തിൽ വികാരിയച്ചന്റെ സാന്നിധ്യം ഉണ്ടാകാറുണ്ട്. സംഘടനയുടെ ആത്മീയവും ഭൗതീകവുമായ എല്ലാ പ്രവർത്തനങ്ങൾക്കും വികാരിയച്ചൻ മാർഗ്ഗനിർദ്ദേശം നൽകുന്നു. മാസങ്ങളിലെ 3-ാമത്തെ ബുധനാഴ്ചകളിൽ വികാരിയച്ചന്റെ നേതൃത്വത്തിൽ അമ്മമാർക്കായി ബൈബിൾ സംബന്ധിച്ചുള്ള പഠനശിബിരം നടത്തിവരുന്നു. അതുപോലെ മാസത്തിലെ അവസാന ബുധനാഴ്ചകളിൽ ഇടവകയിലെ എല്ലാ ജനങ്ങൾക്കുമായി ഒരു മദ്ധ്യസ്ഥപ്രാർത്ഥന മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

വിശേഷദിവസങ്ങളിലും മറ്റു സമയങ്ങളിലും ദേവാലയ പരിസരം വൃത്തിയാക്കുവാനും, അൾത്താര അലങ്കരിക്കുവാനും മാതൃവേദി അംഗങ്ങൾ കൂടിച്ചേരുന്നു. ഇടവകയിലെ രോഗികളായവരെ സന്ദർശിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്തുവരുന്നു. നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും, മൃതസംസ്കാര ശുശ്രൂഷയിൽ സജീവ പങ്കാളിത്തം നടത്തുകയും, മൃതശരീരത്തിൽ പുഷ്പചക്രം സമർപ്പിക്കുകയും ചെയ്യുന്നു.

2018-ൽ ക്രിസ്തുമസിനോടനുബന്ധിച്ച്, നാഗവാരയിലെ ആകാശപറവകളുടെ ആശ്രമമായ ത്രീത്വാശ്രമം സന്ദർശിക്കുകയും, അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തു. ഇടവകതിരുനാളിനോടനുബന്ധിച്ച് മുതിർന്ന പൗരന്മാർക്കായി നടത്തുന്ന പ്രത്യേക വിശുദ്ധബലിയിൽ അവർക്കുവേണ്ട സഹായവും ചെയ്തുവരുന്നു.

ഈ വർഷത്തെ വലിയനോമ്പിൽ, വികാരിയച്ചന്റെ നേതൃത്വത്തിൽ കേരളത്തിലെ പ്രധാന ദേവാലയങ്ങളായ അർത്തുങ്കൽ, ചേർത്തല തങ്കി പള്ളി, എടത്വാ പള്ളി എന്നിവ സന്ദർശിക്കുകയുണ്ടായി.

മാതൃവേദിയുടെ 15-ാം വാർഷികം ജൂൺ 22-ാംതിയ്യതി ഞായറാഴ്ച വളരെ വിപുലമായി ആഘോഷിച്ചു. അന്നേ ദിവസം 2019-20 വർഷത്തേക്ക് തിരഞ്ഞെടുത്ത ഭരണസമിതി അംഗങ്ങൾ ചുമതലയേൽക്കുകയുണ്ടായി. പുതിയ ഭാരവാഹികൾ - സിജി ഫ്രാൻസിസ് (പ്രസിഡന്റ്), ജെസി ജോൺസൺ (വൈസ് പ്രസിഡന്റ്), ഷെർളി തോമസ് (സെക്രട്ടറി), ആനി സുബാഷ് (ജോ. സെക്രട്ടറി), എൽസി സേവിയർ (ട്രഷറർ).



# സെന്റ് വിൻസെന്റ് ഡി.പോൾ റിപ്പോർട്ട്

നമ്മുടെ ഇടവകയിൽ 27 വർഷം മുൻപ് ആതുര സേവനത്തിനായി സെന്റ് വിൻസെന്റ് ഡി പോൾ സംഘടന ആരംഭിച്ചു. നമ്മുടെ ഇടവകയുടെ ആദ്യ വികാരിയായിരുന്ന ജോർജ്ജ് തെള്ളിയാങ്കലച്ചന്റെ ആദ്ധ്യാത്മിക നേതൃത്വത്തിൽ വളർന്ന ഈ സംഘടന തുടർന്ന് വന്ന വികാരിയച്ചന്മാരുടെ പ്രോത്സാഹനത്തിൽ മുന്നോട്ടുപോകുന്നു.


എല്ലാ ഞായറാഴ്ചയും വൈകീട്ട് 4 മണിക്ക് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിക്കുന്നു. അതിനുശേഷം വചനവായനയും റിപ്പോർട്ട് വായനയും ഉണ്ട്. പിന്നീട് സംഘടനയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും, സഹായം ചോദിച്ചുവരുന്നവരുടെ അപേക്ഷകൾ പരിഗണിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നു. രോഗീസന്ദർശനവും മരിച്ചവരുടെ ഭവനങ്ങളിൽ പോയി പ്രാർത്ഥിക്കുകയും, അവരുടെ ബന്ധുക്കളെ ആശ്വസിപ്പിക്കുകയും, ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കുകൊള്ളുകയും ചെയ്തുപോരുന്നു. അപേക്ഷകൾ നൽകുന്നവരെ അർഹതയുള്ളവരാണെങ്കിൽ സംഘടന ദത്തെടുക്കുന്നു. ജാതിമതഭേദമെന്യേ ദത്തുകുടുംബങ്ങളുടെ പ്രാഥമിക ആവശ്യങ്ങളായ മരുന്ന്, ഭക്ഷണം വിദ്യാഭ്യാസ ചിലവ് എന്നിവ സംഘടന വഹിച്ചുവരുന്നു.

എല്ലാവർഷവും സെപ്തംബർ 27-നോ അതിനടുത്തുവരുന്ന ഞായറാഴ്ചയോ, സെന്റ് വിൻസെന്റ് ഡി പോളിന്റേയും, ഫ്രെഡറിക് ഓസാനമിന്റേയും തിരുനാൾ ഭക്തിപൂർവ്വം നടത്തിവരുന്നു. അന്നേദിവസം ബഹു. വൈദീകർ, ട്രസ്റ്റിമാർ ദത്തുകുടുംബങ്ങൾ, ആക്സലറി മെമ്പർമാർ, ഡോണേഴ്സ്, സംഘടന അംഗങ്ങളുടെ കുടുംബാംഗങ്ങൾ എന്നിവരും ചേർന്ന് ഉച്ചഭക്ഷണവും കഴിച്ച് ദത്തുകുടുംബാംഗങ്ങൾക്ക് സമ്മാനവും നൽകുന്നു. വർഷത്തിൽ രണ്ടു പ്രാവശ്യം ബഹു. വൈദികരോട്ചേർന്ന് ആതുരാലയങ്ങൾ സന്ദർശിക്കുകയും കഴിവിനനുസരിച്ച് സംഭാവനകൾ നൽകുകയും ചെയ്തുപോരുന്നു. മുൻകാലങ്ങളിൽ സേവനം അനുഷ്ഠിച്ച എല്ലാ വൈദികരേയും നന്ദിയോടെ ഓർക്കുന്നു.

സംഘടനാഭാരവാഹികളെ 3 വർഷത്തിൽ ഒരിക്കൽ തെരെഞ്ഞെടുക്കുന്നു. ഈ വർഷം മെയ് മാസത്തിലായിരുന്നു തെരെഞ്ഞെടുപ്പ് . തെരെഞ്ഞെടുക്കപ്പെട്ടവർ : പ്രസിഡന്റ് ബ്ര. കെ.ജെ. തോമസ്, വൈസ്.പ്രസിഡന്റ് സി. മേരി അലോഷ്യസ്, സെക്രട്ടറി ആനി റപ്പായ്, ജോയിന്റ് സെക്രട്ടറി വി.വി. ജോൺസൻ, ട്രഷറർ വി.കെ. ഈയ്യപ്പൻ എന്നിവരാണ്.

ബഹു. ട്രസ്റ്റിമാർ, സാമ്പത്തികസഹായം ചെയ്തുവരുന്ന സ്നേഹമുള്ള ഇടവകാംഗങ്ങൾ എല്ലാവർക്കും ഒത്തിരിസ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു. മീറ്റിങ്ങിന്റെ സമയത്ത് രഹസ്യപിരിവും സംഘടനാ അംഗങ്ങൾ നൽകിവരുന്നു. അത് സംഘടനയുടെ വളർച്ചക്ക് ഒരു മുതൽക്കൂട്ടാണ്.

എല്ലാവരുടേയും സ്നേഹത്തിനും, സഹകരണത്തിനും, സാമ്പത്തികസഹായത്തിനും, ഒത്തിരിസ്നേഹത്തോടെ ദൈവത്തിന് നന്ദിപറഞ്ഞു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.



# പിതൃവേദി റിപ്പോർട്ട്

**'കർത്താവാണ് നിന്റെ കാവൽക്കാരൻ നിനക്ക് തണലേകാൻ അവിടുന്ന് നിന്റെ വലത്ത് ഭാഗത്തുണ്ട്'**

(സങ്കീ:121:5)

15-04-2015ന് സ്ഥാപിതമായ പിതൃവേദിയുടെ മത്തിക്കെരെ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദേവാലയ യൂണിറ്റ് നാൾക്കുനാൾ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു എന്ന് സ്നേഹപൂർവ്വം അറിയിക്കട്ടെ.

14-07-2018ന് ദിവ്യബലിയോടെ 2018ലെ നമ്മുടെ ഇടവകയിലെ പിതൃവേദി ആഘോഷങ്ങൾക്ക് തുടക്കംകുറിച്ചു. സ്നേഹം നിറഞ്ഞ വികാരി മാത്യു അച്ചനോടും അസി. വികാരി എബിയച്ചനോടും, പള്ളിയോടും, മറ്റുള്ള ഭക്തസംഘടനകളോടും ചേർന്ന് എല്ലാവിധ ക്രിസ്തീയ മൂല്യങ്ങളോടും കൂടെ സംഘടന പ്രവർത്തിച്ചും, സഹകരിച്ചും വരുന്നു. കഴിഞ്ഞ പ്രവർത്തനവർഷത്തെ പ്രസിഡന്റ് ശ്രീ. സന്തോഷ് പാറേക്കാട്ട്, സെക്രട്ടറി ശ്രീ. രാജു തോമസ്, ട്രഷറർ ശ്രീ. കെ.ആർ. ഡേവിസ്, വൈസ് പ്രസിഡന്റ് ശ്രീ. വി.ഐ. ഷാജു, ജോയിന്റ് സെക്രട്ടറി ശ്രീ. എം.ടി. ജോൺസൺ, അഡ്വൈസർ ശ്രീ. വി.ഡി.വർഗ്ഗീസ് എന്നിവരുടെ നേതൃത്വത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവെച്ചിരുന്നു. പുതിയതായി ആശീർവദിച്ച സുൽത്താൻ പാളയ സെന്റ് അൽഫോൻസാ പള്ളിയിലേയ്ക്ക് ഒരു തീർത്ഥാടനം നടത്തുകയും അവിടെ പിതൃവേദി രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ഫാദർ റോയി വട്ടകുന്നേൽ അച്ചനും, സുൽത്താൻ പാളയപള്ളിയിലെ പിതൃവേദി അംഗങ്ങളും വളരെയധികം സ്നേഹത്തോടെ സ്വീകരിക്കുകയും എല്ലാവരും ചേർന്ന് ബഹുമാനപ്പെട്ട ഫാദർ മാത്യു അച്ചന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരുന്നു. കേരളത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി പ്രിയ വികാരിയച്ചനോടും, ഇടവകയോടും ചേർന്ന് വേണ്ട എല്ലാവിധ സഹായവും, സഹകരണവും ചെയ്യുകയുണ്ടായി.

സെപ്റ്റംബർ 8-ാം തിയതി ശിവാജി നഗർ മാതാവിന്റെ പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച്, അവിടേയ്ക്ക് ഒരു തീർത്ഥാടന യാത്ര കാൽനടയായി വികാരിയച്ചനോട് സഹകരിച്ച് പോകുകയുണ്ടായി.

2018 നവംബർ 1 മാണ്ഡ്യാരൂപതയുടെ പിതൃവേദി വാർഷികദിനം നമ്മുടെ ഇടവകയിൽവച്ചാണ് നടന്നത്. അതിന് എല്ലാ ഇടവകകളിൽ നിന്നും പിതൃവേദി അംഗങ്ങൾ വന്നിരുന്നു. അതിനായി സഹായിച്ച എല്ലാവർക്കും പിതൃവേദിയുടെ പേരിൽ പ്രത്യേകം നന്ദിപറയുന്നു.

2018 നവംബർ 2-ാം തിയതി, കെംബഗൗഡാ വിമാനതാവളത്തിലേയ്ക്കു ഒരു ദിവസത്തെ സന്ദർശനം നടത്തുകയുണ്ടായി.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് നമ്മുടെ ഇടവകയിലെ പ്രായാധിക്യത്താലും, രോഗത്താലും ആയിരിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും, അവർക്ക് ക്രിസ്തുമസ്സ് ആശംസിക്കുകയും, കേക്കു വിതരണം ചെയ്യുകയുമുണ്ടായി. ഇടവക മദ്ധ്യസ്ഥനായ സെന്റ് സെബാസ്റ്റ്യൻ സഹദായയുടെ തിരുനാളിനോടനുബന്ധിച്ച്, ഇടവകയിൽ പ്രായമായ മാതാപിതാക്കളേയും, രോഗികളെയും പള്ളിയിലേക്ക് കൂട്ടികൊണ്ടുവരികയും അവർക്കായി ഒരു ദിവ്യബലിയും, സ്നേഹവിരുന്നും സംഘടിപ്പിച്ചു കൊടുക്കുകയുമുണ്ടായി. വലിയ നോമ്പിന്റെ അവസരത്തിൽ അന്നമലയിലേക്കു ബഹുമാനപ്പെട്ട വികാരി മാത്യു അച്ചനോട് ചേർന്ന് ഒരു ആത്മീയ തീർത്ഥാടനക്കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കുകയുണ്ടായി. ഏപ്രിൽ മാസത്തിൽ മലയാറ്റൂരിലേക്കുള്ള തീർത്ഥാടനത്തോട് ചേർന്ന് ഇടപ്പള്ളി സെന്റ് ജോർജ്ജ് പള്ളി, വല്ലാർപാടം ബസലിയ്ക്കാ, സിസ്റ്റർ റാണി മരിയായുടെ ജന്മദേശമായ പുല്ലുവഴിയും, തിരുശേഷിപ്പ് സൂക്ഷിക്കുന്ന ദേവാലയവും സന്ദർശിക്കുകയുണ്ടായി.

വേദോപദേശവിദ്യാർത്ഥികളുടെ വാർഷിക കൂട്ടായ്മദിനത്തിൽ പിതൃവേദിയുടെ വക ഒരു ലഘുഭക്ഷണശാല നടത്തിയത് വളരെ വിജയകരവും സന്തോഷകരവുമായിരുന്നു.

അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്റെ ഇടവകസന്ദർശനദിനത്തിൽ, എല്ലാ പിതൃവേദി അംഗങ്ങൾ പങ്കെടുക്കുകയും എല്ലാവർക്കും പിതാവുമായി സംസാരിക്കാൻ അവസരം കിട്ടുകയും, പ്രസിഡന്റ് ശ്രീ. സന്തോഷ് പാറേക്കാട്ട് പിതൃവേദി റിപ്പോർട്ട് പിതാവിന് സമർപ്പിക്കുകയും, പിതാവ് അതിൽ കൈയ്യൊപ്പും, സീലും രേഖപ്പെടുത്തുകയുമുണ്ടായി.

പിതൃവേദിയുടെ അനുദിന ചിലവുകൾക്കായി ഒരു പരസ്പര സഹായനിധി നടത്തിവരുന്നു.

ജൂൺ 2019 മാസത്തിലെ മീറ്റിംഗിൽ വെച്ച് 2019-2020 നടത്തിപ്പ് വർഷത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുകയുണ്ടായി. അതനുസരിച്ച് പ്രസിഡന്റ് ശ്രീ. പി. ജെ. തോമസ്, സെക്രട്ടറി ശ്രീ.കെ.ഒ. ആൻണി, ട്രഷറർ ശ്രീ. ചാർളി ജോസ്, വൈസ് പ്രസിഡന്റ് ശ്രീ. എം.ടി. ജോൺസൺ, ജോയിന്റ് സെക്രട്ടറി ശ്രീ. പി.ജെ. ജോർജ്ജ് എന്നിവരാണ് ഭാരവാഹികൾ. അഡ്വൈസറായി ശ്രീ. സന്തോഷ് പാറേക്കാട്ടിനേയും തിരഞ്ഞെടുത്തു.

2019 ജൂൺ 30-ാം തിയ്യതി പിതൃവേദിയുടെ വാർഷിക പൊതുജനറൽബോഡി മീറ്റിംഗ് കർമ്മല റാം മൗണ്ട് കാർമ്മൽ പള്ളിയിൽ വച്ച് നടത്തിയപ്പോൾ, നമ്മുടെ ഇടവകയിലെ പിതൃവേദി അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. തദവസരത്തിൽ അടുത്ത വർഷത്തേക്കുള്ള ചിലവിലേയ്ക്കായി നമ്മുടെ യൂണിറ്റിന്റെ വകയായി 5000/- രൂപ കേന്ദ്രകമ്മറ്റിയിലേയ്ക്കു നൽകിയിരുന്നു.

വളർച്ചയുടെ പടവുകൾ ഓരോന്നായി കയറിവരുന്ന നമ്മുടെ പിതൃവേദി, ഇടവകയുടെ പൊതുവായ നല്ല അഭിപ്രായം നേടിവരുന്നതായി സന്തോഷപൂർവ്വം അറിയിക്കുന്നു. തുടർന്ന് നല്ല രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനായി എല്ലാ ഇടവകാംഗങ്ങളുടെ പ്രാർത്ഥനകളും, സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു. എല്ലാ കുടുംബത്തിനും, കുടുംബാംഗങ്ങൾക്കും നല്ലൊരു ക്രിസ്തീയ വിശ്വാസ ജീവിത മുന്നേറ്റത്തിനായി പിതൃവേദിയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥവും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥവും ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിന്റെ മാദ്ധ്യസ്ഥവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

# Natalis Christi 2019

## We would like to thank all our sponsors of Natalis Christi 2019

### Prize Sponsors

**1st Prize**

St. Joseph Traders (Oil & General Merchants)

**2nd Prize**

Rishta (the better batter with great taste)

**3rd Prize**

Holy Cross Traders (Akash-Best Quality of Spices & Dry Fruits)

**Other Sponsors:**

Antony P.M.
Peejay Enterprises
Peejay Hardware
Beena Hardware
Soul Divine
Vinoth K. Vincent
Jimmy Alexander
George Jacob
Santhosh Parekkatt
C.F. Lawrence
Miracle Pools Pvt. Ltd.
Joshy P.K.

Jayan Jacob
Robinson KG
Francis MJ
Aloysius MJ
Linoj K George
Sunny Thomas
Vincent PO
Roby George
Tony PK
Bobby Mathew
Shaji Varghese
Dass CPL

Benny Thomas
Michael PA
Varghese VD
Sunny PK
Anto Louis
Jose John N
John C Chacko
Fracis TC
Boban P Mathew
Antony Chacko

*In loving Remembrance of*



## P.V. AIPPURU

DOB: 20.01.1931 DOD: 08.02.2019

## MARY AIPPURU

DOB: 12.05.1934 DOD: 24.09.2010

PULIKKOTTIL HOUSE

*In Ever Loving Memory of*



# P A Jose

June 15th, 1962 - October 7th, 2018

Founder:

JOSCO TRADING Company




## NOW AVAILABLE AT:

BIG BAZAAR | SPAR | Foodhall | bigbasket

Namdhari's Fresh | milkbasket | amazon Primenow | DailyNinja

LOYAL WORLD MARKET world of goodness | Dus MINUTE

**FOR HOME DELIVERY:** Call/whatsapp us on +91 83399 12345